# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂൺ 2013 വാല്യം 40 ലക്കം 3 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 12 വില 5.00 രൂപ

## പാർലമെന്റിലെ കപടയുദ്ധം

# പാർലമെന്റേതര സമരങ്ങൾ ഒഴിവാക്കുന്ന ഭരണവർഗ്ഗ പാർട്ടികൾ അഴിമതിക്കും കുറ്റകൃത്യങ്ങൾക്കും വഴിയൊരുക്കുന്നു

**വമ്പൻ അഴിമതികളുടെയും കുംഭകോണങ്ങളുടെയും വാർത്തകൾ ഒന്നൊന്നായി മാദ്ധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അധികാര രാഷ്ട്രീയത്തിലെ വമ്പന്മാരും മന്ത്രിമാരുമൊക്കെ ഇതിൽ പങ്കാളികളാണെന്നുവരുമ്പോൾ വാർത്തകൾക്ക് എരിവും പുളിയും കൂടും. കൽക്കരി കുംഭകോണത്തിൽ സി.ബി.ഐ റിപ്പോർട്ട് തിരുത്താൻ കേന്ദ്ര നിയമമന്ത്രി ഇടപെട്ടതും കുറ്റവാളികളെ രക്ഷിക്കാൻ ശ്രമിച്ചതും ഒരു റയിൽവേ ഉദ്യോഗസ്ഥന് ഉന്നതസ്ഥാനം നൽകാൻ റയിൽവേ മന്ത്രിയുടെ അടുത്ത ബന്ധു കൈക്കൂലി വാങ്ങിയതുമായിരുന്നു ഒടുവിലത്തെ വെളിപ്പെടുത്തലുകൾ. ഇതിനു പുറമെ, പ്രധാനമന്ത്രിയെ വെള്ളപൂശിക്കൊണ്ടുള്ള, 2 ജി കുംഭകോണത്തെ സംബന്ധിച്ചുള്ള സംയുക്ത പാർലമെന്ററി സമിതി റിപ്പോർട്ടും ഒച്ചപ്പാടിനിടയാക്കി. ലക്ഷക്കണക്കിനാളുകളുടെ സമ്പാദ്യം കൊള്ളയടിച്ച ചിട്ടിഫണ്ട് കുംഭകോണവും പുറത്തു വന്നു. കുറ്റകൃത്യങ്ങൾ തടയാനുള്ള സംവിധാനങ്ങളുടെയും റെഗുലേറ്ററി സംവിധാനത്തിന്റെയും സർക്കാരിന്റെയുമൊക്കെ മൂക്കിനു താഴെയാണ് ഇതെല്ലാം നടക്കുന്നത്. എപിഎൽ, 2 ജി സ്പെക്ട്രം, കോമൺവെൽത്ത് ഗെയിംസ്, ആദർശ് ഫ്ളാറ്റ് , മുദ്രപത്രം, സൈനികസാമഗ്രികളുടെ ഇറക്കുമതി തുടങ്ങിയ ഇടപാടുകളിലൊക്കെ വ്യക്തമായതുപോലെ ചിട്ടിഫണ്ട് കുംഭകോണത്തിലും, ഭരണത്തിലെയും രാഷ്ട്രീയത്തിലെയും ഉന്നതന്മാരുടെ ഒത്താശ പ്രകടമാണ്. വിദഗ്ദ്ധമായി നടക്കുന്ന ഈ കുറ്റകൃത്യങ്ങൾക്ക് അന്ത്യമുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ജനങ്ങളുടെ പ്രതിഷേധം നാൾക്കുനാൾ ശക്തമാകുകയാണ്. എന്നാൽ, എങ്ങനെ ഇതെല്ലാം തടയാം എന്നതാണ് പ്രശ്നം.**

### കുറ്റകൃത്യങ്ങൾ പെരുകുന്നു

കുറ്റകൃത്യങ്ങൾക്കും സാമ്പത്തിക തിരിമറികൾക്കുമൊക്കെ എതിരെ പാർലമെന്റിൽ ബിജെപി പടവെട്ടുന്നത് ഏവരും കാണുന്നുണ്ട്. ഭരിക്കുന്ന കോൺഗ്രസ്സ് സർക്കാരിൽ എല്ലാ ഉത്തരവാദിത്തവും കെട്ടിവച്ച് തങ്ങൾ എത്ര ആത്മാർത്ഥമായാണ് ഈ തിന്മകൾക്കെല്ലാം എതിരെ പൊരുതുന്നത് എന്ന് കാണിക്കാൻ അവർ പാർലമെന്റ് നടപടികൾ തടസ്സപ്പെടുത്തുകയും പലപ്പോഴും ഇറങ്ങിപ്പോക്ക് നടത്തുകയും ചെയ്യുന്നുണ്ട്. കുറ്റവാളികൾ ആരായാലും അവർക്ക് കർശന ശിക്ഷ നൽകുക, കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുക, ഇതിനെല്ലാം കുടപിടിക്കുന്ന ആൾ എന്ന നിലയിൽ പ്രധാനമന്ത്രി രാജി വയ്ക്കുക തുടങ്ങിയ ഡിമാന്റുകളെല്ലാം ന്യായമാണ്. എന്നാൽ, പാർലമെന്റ് നടപടികൾ തടസ്സപ്പെടുത്തുന്നതും മറ്റും നടക്കുന്നതല്ലാതെ ഒരു പ്രശ്നത്തിനും ഇന്നുവരെ പരിഹാരമുണ്ടായിട്ടില്ല എന്നതൊരു വസ്തുതയാണ്. ജനങ്ങളനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു ആശ്വാസവും ഉണ്ടായിട്ടില്ല. എന്തുകൊണ്ട് എന്ന ചോദ്യം ഇവിടെ സ്വാഭാവികമായി ഉയരുന്നു.

### മുതലാളിത്തം എല്ലാ തിന്മകളുടെയും ഉറവിടം.

പാർലമെന്ററി രാഷ്ട്രീയ പാർട്ടികൾ പരസ്പരം കുറ്റാരോപണം നടത്തുകയും സ്വയം വെള്ളപൂശാൻശ്രമിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അഴിമതിയിലും കുറ്റകൃത്യങ്ങളിലും എല്ലാവരും ഒരു പോലെ പങ്കാളികളാണ് എന്നതാണ് യാഥാർത്ഥ്യം . കൈക്കൂലി, അഴിമതി, തട്ടിപ്പ്, വെട്ടിപ്പ്, കുറ്റകൃത്യങ്ങൾ എന്നിവയൊന്നും ഏതെങ്കിലും വ്യക്തികളുടെയോ സംഘങ്ങളുടെയോ മാത്രം കാര്യമല്ല. അതുകൊണ്ടുതന്നെ ഇത്തരക്കാർക്കെതിരെ നടപടിയെടുക്കുന്നതുകൊണ്ടു മാത്രം കാര്യങ്ങൾ നേരെയാകാനും പോകുന്നില്ല. എല്ലാ തിന്മകളുടെയും ഉറവിടം വ്യവസ്ഥിതി തന്നെയാണ്. ചരിത്രപരമായി കാലഹരണപ്പെട്ട, ചീഞ്ഞുനാറുന്ന മുതലാളിത്ത വ്യവസ്ഥ. അപരിഹാര്യമായ പ്രതിസന്ധിയിൽ അടിമുടി മുങ്ങി മരണാസന്ന ഘട്ടത്തിലെത്തി നില്ക്കുന്ന ഈ വ്യവസ്ഥ തീർത്തും അഴിമതി നിർഭരമാണെന്നുള്ളതു കൊണ്ടുതന്നെ എല്ലാ തിന്മകൾക്കും തഴച്ചുവ

*(ശേഷം പേജ് 4-ൽ)*

## സഖാവ് പ്രതിഭാമുഖർജിക്ക് ലാൽസലാം



**എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പശ്ചിമബംഗാൾ സംസ്ഥാനകമ്മിറ്റിയംഗവും പ്രമുഖ ബഹുജനനേതാവുമായ സഖാവ് പ്രതിഭാ മുഖർജി കഴിഞ്ഞ മേയ് 17ന് കൊൽക്കത്ത ഹാർട്ട് ക്ലിനിക്കിൽ വച്ച് അന്തരിച്ചു.** ഏറെ നാളായി ശയ്യാവലംബിയായിരുന്ന സഖാവിന് 77 വയസ്സുണ്ടായിരുന്നു. സഖാവിന്റെ നിര്യാണവാർത്തയറിഞ്ഞ് പാർട്ടി പോളിറ്റ് ബ്യൂറോ അംഗങ്ങളായ സ.രഞ്ജിത് ധർ, സ.അസിത് ഭട്ടാചാര്യ എന്നിവരും കേന്ദ്രക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ദേബപ്രസാദ് സർക്കാർ, സൗമൻ ബസു, ഛായാ മുഖർജി എന്നിവരും പശ്ചിമബംഗാൾ സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളും വിവിധ മേഖലാ കമ്മിറ്റികളുടെ പ്രതിനിധികളുമുൾപ്പെടെയുള്ള പാർട്ടി നേതാക്കളും, കൊൽക്കത്ത ഹാർട്ട് ക്ലിനിക്ക് ഭരണസമിതി ചെയർമാൻ പ്രൊഫ.ധ്രുബജ്യോതി മുഖോപാദ്ധ്യായയും സ്ഥലത്തെത്തി അന്ത്യോപചാരമർപ്പിച്ചു.

മേയ് 18 ന് കേന്ദ്രകമ്മിറ്റി ഓഫീസിന് മുന്നിൽ മൃതദേഹം പൊതുദർശനത്തിന് വച്ചു. സംസ്ഥാനത്തിന്റെ വിദൂരസ്ഥലങ്ങളിൽ നിന്നുപോലുമുള്ള പാർട്ടി നേതാക്കളും മുന്നണി സംഘടനാ നേതാക്കളും പ്രവർത്തകരും അനുഭാവികളും ബഹുജനങ്ങളും സഖാവിന് ആദരാഞ്ജലിയർപ്പിക്കാനായി എത്തി. സിപിഐ(എം), സിപിഐ, ആർ.എസ്.പി, ബോൾഷെവിക് പാർട്ടി, സിപിഐ(എം.എൽ- ലിബറേഷൻ) തുടങ്ങിയ വ്യത്യസ്ത രാഷ്ട്രീയപാർട്ടികളുടെ പ്രമുഖ

*(ശേഷം പേജ് 8-ൽ)*

## കുടിവെള്ളം, വൈദ്യുതി, റോഡ്, കെഎസ്ആർടിസി എന്നിവയുടെ സ്വകാര്യവൽക്കരണ നീക്കത്തിനെതിരെ

# സ്വകാര്യവൽക്കരണ വിരുദ്ധ ജനകീയ കൺവൻഷൻ




സ്വകാര്യവൽക്കരണവിരുദ്ധ ജനകീയ കൺവൻഷൻ ഡോ.എൻ.എ.കരിം ഉദ്ഘാടനം ചെയ്യുന്നു.

**കെഎസ്ഇബി**, കെഎസ്ആർടിസി, വാട്ടർ അതോറിറ്റി, ദേശീയപാതകൾ എന്നിവയുടെ സ്വകാര്യവൽക്കരണത്തിനെതിരെ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ മേയ് 31 ന് ആലപ്പുഴയിൽ സ്വകാര്യവൽക്കരണ വിരുദ്ധ ജനകീയ കൺവൻഷൻ നടത്തി. നഗരചത്വരത്തിൽ ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടന്റെ അദ്ധ്യക്ഷതയിൽ നടന്ന കൺവൻഷൻ സംസ്ഥാന വൈസ് പ്രസിഡന്റ്ഡോ.എൻ.എ. കരീം ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ അത്യന്തം പ്രധാനപ്പെട്ട മേഖലകളായ വെള്ളം, വെളിച്ചം, ഗതാഗതം എന്നിവയുടെ സ്വകാര്യവൽക്കരണത്തിലൂടെ സമൂഹത്തിന്റെ അതിജീവനത്തിനുമേൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണെന്നും, അതിനെ ചെറുക്കുവാനുള്ള ഐക്യം താഴേത്തലം മുതൽ എല്ലാ വിഭാഗം ജനങ്ങളുടെ ഇടയിലും സൃഷ്ടിച്ചെടുക്കേണ്ടുന്ന അടിയന്തിരഘട്ടമാണിതെന്നും ഉദ്ഘാടന പ്രസംഗത്തിൽ ഡോ.എൻ.എ. കരീം ഊന്നിപ്പറഞ്ഞു. കുടിവെള്ള സ്വകാര്യവൽക്കരണം, കെഎസ്ഇബി സ്വകാര്യവൽക്കരണം, കെഎസ്ആർടിസി സ്വകാര്യവൽക്കരണം, ദേശീയപാതസ്വകാര്യവൽക്കരണം എന്നിവയെപ്പറ്റി യഥാക്രമം ജയ്സൺ ജോസഫ്, കെ.കെ സുരേന്ദ്രൻ, എസ്.സീതിലാൽ, ടി.കെ.സുധീർകുമാർ എന്നിവർ വിഷയാവതരണം നടത്തി. എം.ഷാജർ ഖാൻ, ഹാഷിം ചേന്ദാമ്പിള്ളി,

*(ശേഷം പേജ് 3-ൽ)*

## ഐ.പി.എൽ. ഒത്തുകളി

# കായികവിനോദത്തിലും മരണാസന്ന മുതലാളിത്തം ജീർണ്ണത സൃഷ്ടിക്കുന്നു

**ഇ**ൻഡ്യൻ പ്രീമിയർ ലീഗ് എന്ന പേരിൽ കൊണ്ടാടുന്ന ക്രിക്കറ്റ് പൂരത്തിനിടയിൽ ഒരു ടീമിന്റെ മൂന്ന് പ്രമുഖ താരങ്ങളെയും വാതുവയ്പുകാരും ഇടനിലക്കാരുമായ 11 പേരെയും വാതുവയ്പിന്റെയും ഒത്തുകളിയുടെയും കുറ്റമാരോപിക്കപ്പെട്ട് ദില്ലി പോലീസ് അറസ്റ്റ് ചെയ്ത സംഭവവും അതിനെത്തുടർന്ന് പുറത്തുവന്ന വിവരങ്ങളും ഈ രംഗത്ത് പിടിമുറുക്കിയിരിക്കുന്ന അധോലോക ഇടപാടുകളുടെ ആഴത്തെയാണ് വെളിവാക്കുന്നത്.

തുടർന്നുള്ള ദിവസങ്ങളിലായി ഏതാണ്ട് 20ഓളം പേരെയും അറസ്റ്റ് ചെയതു. ഏറ്റവുമൊടുവിൽ ഇൻഡ്യൻ ക്രിക്കറ്റിന്റെ അധികാര സ്ഥാപനമായ ബിസിസിഐയുടെ പ്രസിഡണ്ട് എൻ.ശ്രീനിവാസന്റെ മകളുടെ ഭർത്താവും ഐപിഎല്ലിലെ പ്രമുഖ ടീമായ ചെന്നൈ സൂപ്പർ കിംഗ്സിന്റെ സിഇഒയും പ്രിൻസിപ്പലുമായ ഗുരുനാഥൻ മെയ്യപ്പനെയും ഹിന്ദി സിനിമാരംഗത്തെ താരമായ വിന്ദു ധാരാസിംഗിനെയും അറസ്റ്റ് ചെയ്തതോടെ ഈ രംഗത്തെ കൊള്ളക്കൊടുക്കലുകളുടെയും ചൂതാട്ടത്തിന്റെയും കേന്ദ്രം ഐപിഎൽ നടത്തിപ്പുകാർ തന്നെയാണെന്ന മുൻസൂചനകൾ പൂർണ്ണമായും ശരിയെന്നു സ്ഥാപിക്കപ്പെടുകയാണ്. വ്യക്തികളുടെ കളികളിൽ മാത്രമല്ല, ടീമിന്റെ കളികളിൽ വരെ ഒത്തുകളി നടന്നിട്ടുണ്ടോ എന്ന സംശയം ബലപ്പെടുകയാണ്. മുംബൈ പോലീസിന്റെ പ്രാഥമിക അന്വേഷണത്തിൽ ടീമിനെ മുൻനിർത്തി കോടികളുടെ വാതുവയ്പ് നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടീമിന്റെ പ്രകടനത്തെ മുൻനിർത്തി വാതുവ്യ്പ് നടത്തിയിട്ടുള്ളത് ഉടമകളാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. എന്തായാലും ഈ വർഷത്തെ ഐപിഎൽ ഫൈനലിന്റെ തലേന്ന് നടത്തിയ പത്രസമ്മേളനത്തിൽ അന്തിമമൽസരത്തിൽ കളിക്കുന്ന ടീമുകളുടെ ക്യാപ്റ്റൻമാർക്ക് മാധ്യമപ്രവർത്തകരെ നേരിടാൻ പോലുമാവാതെ ഒളിക്കത്തക്കവിധം നാണക്കേടിന്റെയും അപമാനത്തിന്റെയും കയത്തിലാണ് ഇൻഡ്യൻ കായിക രംഗം അകപ്പെട്ടിട്ടുള്ളത്. പാവനമെന്ന് വിലയിരുത്തപ്പെട്ടിട്ടുള്ള മനുഷ്യന്റെ എല്ലാ ഗുണങ്ങളേയും പ്രതിഭയെയും കഴിവുകളെയും മനുഷ്യാംശങ്ങളെയും വിപണിയിലെ വിൽപ്പനച്ചരക്കുകളാക്കി അധ:പതിപ്പിച്ച മുതലാളിത്ത ലാഭദുര യാണ് ഇൻഡ്യൻ കായിക മേഖലയിലും ഈ അപചയം സൃഷ്ടിച്ചിട്ടുള്ളത്.

ഇൻഡ്യയിൽ നിരോധിക്കപ്പെട്ടിട്ടുള്ള വാതുവയ്പ് എന്ന ചൂതുകളി മാത്രമല്ല ഐപിഎൽ മാമാങ്കത്തിൽ നടന്നിട്ടുള്ളത്. ഒരു നിശ്ചിതവാതുവയ്പ് ജയിക്കുന്നതിനായി വാതുവയ്പുകാർ കളിക്കാരുമായി ഗൂഢമായികരാറിലേർപ്പെട്ട് വാതുവയ്പുകാർക്കുവേണ്ടി കളിക്കാർ ഒത്തുകളിക്കുകയാണ് ചെയ്തിട്ടുള്ളത്. ടീമിന്റെ കളിയിൽ, ഒരോവറിൽ, ഒരോവറിലെ ഒരു പന്തെറിയലിൽപ്പോലും ബെറ്റിംഗും അതിന്റെ പേരിലുള്ള ഒത്തുകളിയും നടക്കുന്നു. അതായത് ടീമിന്റെ പ്രകടനത്തിലും വ്യക്തികളുടെ കളികളിലും നാം കാണുന്നത് യഥാർത്ഥ കളിയല്ല, കള്ളക്കളിയാണ്. ഒരു ബോളിംഗിന്റെ പേരിലുള്ള സ്പോട്ട് ഫിക്സിംഗ് എന്ന വാതുവയ്പിന് കളിക്കാർക്ക് നൽകുന്ന തുകയുടെ നിരക്ക് ഇപ്പോൾ 60 ലക്ഷമാണത്രേ. ഒരു മൽസരത്തിൽ ആകെ 240 ബോളിംഗ്, ഐപിഎല്ലിൽ ആകെ 76 മൽസരം, എങ്കിൽ ഒഴുകുന്ന കോടികൾ എത്ര!! എന്നിട്ടും ഇത് ക്രിക്കറ്റാണെന്നും കായിക വിനോദമാണെന്നും നമ്മൾ അംഗീകരിക്കണമത്രേ.

വാണിജ്യനേട്ടങ്ങൾക്കായി ക്രിക്കറ്റിനെ അടിമുടി ഉപയോഗപ്പെടുത്തുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമേ ഐപിഎൽ എന്ന മേളക്കുള്ളൂ എന്നത് തുടക്കംമുതലേ നിരവധി വ്യക്തികൾ ചൂണ്ടിക്കാട്ടിയിരുന്നു. അക്ഷരാർത്ഥത്തിൽ ഇത് ശരിയാണെന്ന് ഐപിഎല്ലിന്റെ ഇന്നുവരെയുള്ള ചരിത്രം തെളിയിക്കുന്നു. പ്രാരംഭനാളുകളിൽ കച്ചവടത്തിലുണ്ടായിരുന്ന മുതലാളിത്ത നീതിയുടെ അടിസ്ഥാനത്തിലുള്ള വാണിജ്യനേട്ടങ്ങളല്ല ഐപിഎല്ലിന്റെ നേട്ടങ്ങൾ. ഐപിഎൽ സമാഹരിക്കുന്ന കോടികൾ അവിശ്വസനീയമായ അധോലോക ഇടപാടുകളിലൂടെയാണ് ഉണ്ടാകുന്നത്.

വൻകിട മുതലാളിമാരും കോർപ്പറേറ്റ് ഭീമന്മാരുമാണ് ടീമുകളുടെ ഉടമകൾ. 1600 കോടി രൂപ വരെയാണ് ഇന്ന് ഒരു ടീമിന്റെ വില. കുത്തകകൾ മുടക്കുന്ന ഇത്രയും ഭീമമായ തുക എങ്ങിനെയാണ് മടക്കിക്കിട്ടുന്നതെന്ന് എത്ര അന്വേഷിച്ചാലും ഉത്തരം ലഭിക്കില്ല. 10 കോടി രൂപയാണ് ബിസിസിഐ ടീമുകൾക്ക് നൽകുന്ന പ്രതിഫലം. പരസ്യം വഴി പരമാവധി 300 കോടി രൂപാ ലഭിക്കുമെന്ന് വിലയിരുത്തിയാലും ബാക്കി 1300 കോടി രൂപ എപ്രകാരമാണ് മടങ്ങിവരിക? 1600 കോടി രൂപാ മുടക്കുന്ന ഒരു രംഗത്തുനിന്ന് ഒരു വലിയ ലാഭം ഉടമകൾക്ക് ലഭിക്കേണ്ടതല്ലേ. ലാഭം കാണുന്നില്ലെന്നു മാത്രമല്ല മുടക്കിയ വലിയ തുക പോലും തിരികെ വരുന്നില്ല എന്നാണ് പുറമേക്ക് അറിയാവുന്ന കണക്കുകൾ വ്യക്തമാക്കുന്നത്. ലാഭം ലഭിക്കാത്ത ഒരു മേഖലയിലേക്ക് മുതലാളിമാർ പണമെറിയില്ല എന്നത് സംശയരഹിതമായതിനാൽ, മുടക്കുന്ന തുക വലിയ ലാഭമായി തിരികെ വരുന്നുണ്ടെന്ന് തന്നെ ഉറപ്പിക്കാം. എന്നാൽ അത് പുറമേ അറിയാവുന്നതോ അറിയിക്കാവുന്നതോ ആയ മാർഗ്ഗങ്ങളിലൂടെയല്ല എന്ന് വ്യക്തം. പ്രസ്തുത ഇടപാടുകളിൽ കള്ളപ്പണം വെളുപ്പിക്കൽ മുതൽ വാതുവയ്പും ഒത്തുകളിയും വരെ ഉൾപ്പെടുന്നു.

ടീമുകൾക്ക് വേണ്ടി ഉടമകൾ മുടക്കുന്ന തുകയും അവർക്ക് ലഭിക്കുന്ന പ്രതിഫലവും തമ്മിൽ വലിയ അന്തരം ഉള്ളതെന്തുകൊണ്ടാണ്? ഏകദേശം 1300 കോടി രൂപയോളം നഷ്ടപ്പെടുന്നുവെന്ന് പുറമേക്കുള്ള കണക്കുകൾ വ്യക്തമാക്കുമ്പോഴും ഈ രംഗത്ത് വലിയ തോതിൽ മൂലധനം ഇറക്കാൻ കോർപ്പറേറ്റുകൾ വ്യഗ്രതപ്പെടുന്നതെന്തുകൊണ്ടാണ്? ഇതിനുള്ള ഉത്തരം ഐപിഎല്ലിനു പിറകിൽ നടക്കുന്ന കള്ളക്കളികളിലാണ് കിടക്കുന്നത്. ഒന്ന് ഈ രംഗത്ത് ഒഴുക്കിക്കൊണ്ടിരിക്കുന്ന തുകയത്രയും ഭീമമായ തോതിലുള്ള കള്ളപ്പണമാണ്. ഒത്തുകളിയുടെ പേരിൽ 2012ൽ ഒളിക്യാമറ ഓപ്പറേഷനിൽ പിടിയിലായ പൂനെ വാരിയേഴ്സ് ടീമംഗമായ മൊഹ്നീഷ് മിശ്ര എന്ന കളിക്കാരൻ പോലീസിനു നൽകിയ മൊഴി ഇതിന്റെ വ്യക്തമായ തെളിവാണ്. ബിസിസിഐയുടെ ഏറ്റവും റാങ്കിംഗ് കുറഞ്ഞ കളിക്കാരൻ എന്ന നിലയിൽ തനിക്ക് ലഭിക്കാവുന്ന പരമാവധി പ്രതിഫലം 30 ലക്ഷം രൂപാ മാത്രമാണെന്നും എന്നാൽ തനിക്ക് ടീം തന്നത് 1 കോടി 45 ലക്ഷം രൂപയാണെന്നും അദ്ദേഹം പറഞ്ഞു. അധികമായി തന്ന പണമത്രയും കള്ളപ്പണമായിരുന്നെന്നും അദ്ദേഹം മൊഴി നൽകി. ഈ മൊഴിയെ അടിസ്ഥാനപ്പെടുത്തി കൂടുതൽ അന്വേഷണം നടത്താൻ പോലീസോ ബിസിസിഐയോ തയ്യാറായില്ല. ലിസ്റ്റിൽ നിന്നും പുറത്താക്കിക്കൊണ്ട് ബിസിസിഐ അദ്ദേഹത്തെ നിശബ്ദനാക്കി. ഐപിഎല്ലിലേക്കൊഴുക്കുന്ന കോടികളുടെ ഉറവിടത്തെ സംബന്ധിച്ച് കേന്ദ്ര എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റും ആദായനികുതിവകുപ്പും ഗുരുതരമായ സംശയങ്ങളുയർത്തുകയുണ്ടായി. എന്നാൽ തുടർന്ന് ഒരു നടപടിയുമുണ്ടായില്ല. ഇതേ വകുപ്പുകൾ 2010ൽ മൂന്ന് ടീമുകൾക്കെതിരെ ഗുരുതരമായ സാമ്പത്തികക്രമക്കേടുകളുടെ പേരിൽ കേസ്സും രജിസ്റ്റർ ചെയ്തിരുന്നു. ഈ കേസ്സിൽ ഒരു വിധത്തിലുള്ള തുടരന്വേഷണവും പിന്നീടുണ്ടായില്ല. അടിസ്ഥാനപരമായി ഐപിഎൽ, കള്ളപ്പണം വെളുപ്പിക്കാനുള്ള ഒരുപാധിയാണെന്നാണ് ഇവ തെളിയിക്കുന്നത്. രാജ്യവിരുദ്ധമായി പ്രവർത്തിക്കുന്ന ക്രിമിനൽ അധോലോക നായകന്മാരും മുംബൈ സിനിമാ രംഗത്തെ പ്രമുഖരും ഒക്കെ ചേർന്നാണ് ഐപിഎൽ മേളയ്ക്ക് കള്ളപ്പണം ഒഴുക്കുന്നത്.

ടീം രൂപീകരിക്കാൻ ഉടമകൾ ചെലവഴിക്കുന്ന കോടികൾ കണ്ണഞ്ചിപ്പിക്കുന്ന തുകകളായി മടക്കിയെടുക്കാനുള്ള ഏറ്റവും പ്രധാന മാർഗ്ഗം വാതുവയ്പ് തന്നെയാണ്. വർത്തമാനകാല സംഭവങ്ങൾ വിവാദമായപ്പോൾ വാതുവയ്പ്പ് നിയമവിധേയമാക്കണമെന്ന് ആവശ്യപ്പെട്ട് വൻവ്യവസായികളുടെ സംഘടനയായ ഫിക്കി പുറപ്പെടുവിച്ച പ്രസ്താവനയിൽ 5000 കോടി രൂപ മുതൽ 3 ലക്ഷം കോടി രൂപ വരെ ഒഴുകുന്ന വ്യവസായ(!)മാണ് വാതുവയ്പ് എന്ന് പറയുകയുണ്ടായി. ഈ വ്യവസായത്തിന്റെ സാധ്യത പരമാവധി വർദ്ധിപ്പിക്കാനുള്ള ഒരാസൂത്രിത പദ്ധതിയാണ് ഐപിഎൽ മേള എന്ന ന്യായമായ സംശയം ഓരോദിനം പിന്നിടുന്തോറും ബലപ്പെട്ടുകൊണ്ടിരിക്കുകയാണ്. ടീമിന്റെ ഉടമകളായവർ തന്നെ വാതുവയ്പിനും ഒത്തുകളിക്കും പിടിയിലാകുകയും എന്തിന്, സാക്ഷാൽ ബിസിസിഐയുടെ പങ്ക് പോലും സംശയാസ്പദമാകുകയും ചെയ്തിരിക്കുന്ന ഈ സാഹചര്യം അതാണ് വെളിവാക്കുന്നത്. അറസ്റ്റിലായ ഗുരുനാഥൻ മെയ്യപ്പനും അയാളുടെ ഭാര്യാപിതാവായ ബിസിസിഐ പ്രസിഡണ്ട് എൻ. ശ്രീനിവാസനും തമ്മിലുള്ള ദൃഢമായ ബിസിനസ്സ് ബന്ധം മാധ്യമലോകത്തിന് വളരെ അറിവുള്ളതാണ്. ടീമിന്റെ ഉടമകൾ തന്നെ വാതുവയ്ക്കുകയും അത് വിജയിപ്പിക്കാൻ ടീമിനെത്തന്നെ ഒത്തുകളിക്കാൻ പണം നൽകി പ്രലോഭിപ്പിക്കുകയും ചെയ്യുന്ന ഒരു മൽസരത്തിന് കായികവികാരവുമായി, അതിന്റെ സാമൂഹ്യലക്ഷ്യവുമായി, എന്ത് ബന്ധമാണുള്ളത്!

ഐപിഎല്ലിന്റെ ഹ്രസ്വചരിത്രം എല്ലാ അതിരും ലംഘിച്ച കച്ചവടത്തിന്റെയും അടിമുടി അഴിമതിയുടെയും ഞെട്ടിപ്പിക്കുന്ന സാമ്പത്തികക്രമക്കേടുകളുടെയും ചരിത്രമാണ്. ഏതാണ്ട് മാന്യമായ നിലയിൽ നടന്നിരുന്ന ഇൻഡ്യൻ ക്രിക്കറ്റ് ലീഗ് ഇല്ലാതാക്കിയത് ബിസിസിഐ നേരിട്ടാണ്. അതിന് എതിരുനിന്നവരെയെല്ലാം പണത്തിന്റെയും രാഷ്ട്രീയസ്വാധീനത്തിന്റെയും കരുത്തുപയോഗിച്ച് അടിച്ചമർത്തുകയോ അവരുടെ ഏജന്റുമാരാക്കുകയോ ചെയ്തു. അങ്ങിനെ ഐപിഎൽ എന്ന തുറന്ന കച്ചവടത്തിന് ബിസിസിഐ വഴിയൊരുക്കി. പിന്നീട് ലക്ഷ്യമിട്ട കച്ചവടം കൊഴുപ്പിക്കാൻ എന്തുംചെയ്യുമെന്ന് ബിസിസിഐ കാട്ടിത്തന്നു. സിനിമാലോകത്തിന്റെ ഗ്ലാമറും ചിയർ ഗേൾസിന്റെ ആഭാസനൃത്തവും കച്ചവടം കൊഴുപ്പിക്കാൻ രംഗത്തിറക്കി. ഐപിഎൽ മൽസരങ്ങൾ പ്രക്ഷേപണം ചെയ്യാനുള്ള അവകാശം ഭീമമായ തുകക്ക് ഒരു മാധ്യമഭീമന് നൽകി. (പ്രസ്തുത അവകാശം നേടിയ ചാനൽ കമ്പനിയാകട്ടെ തങ്ങൾ മുടക്കിയ തുക തിരികെപിടിക്കാൻ മൽസരസംപ്രേക്ഷണം ഒരാഭാസ പരിപാടിയാക്കി മാറ്റി) സുരക്ഷിതത്വഭീഷണിയെത്തുടർന്ന് മൽസരം സൗത്ത് ആഫ്രിക്കയിലേക്ക് മാറ്റിയ സന്ദർഭം പോലും കോടികളുടെ അഴിമതിക്കുള്ള മാർഗ്ഗമായി പ്രയോജനപ്പെടുത്തി. അഴിമതിയുടെയും സാമ്പത്തികക്രമക്കേടുകളുടെയും പേരിൽ ഐപിഎൽ ആശയത്തിന്റെ തലതൊട്ടപ്പനായ ലളിത് മോഡിക്ക് രാജിവയ്ക്കേണ്ടി വന്നു. ടീമിന്റെ ഓഹരികൾ കൈവശപ്പെടുത്താൻ നടത്തിയ സാമ്പത്തികഇടപാടുകളുടെ പേരിൽ കേരളത്തിൽ നിന്നുള്ള ഒരു കേന്ദ്രമന്ത്രിക്കും രാജി വയക്കേണ്ടി വന്നു.

**മുതലാളിത്തലോകത്ത് എന്തും വിപണിക്കുവേണ്ടിയുള്ള ചരക്ക് മാത്രം.**

നമ്മുടെ കായികരംഗത്ത് നാളുകളായി അപചയത്തിന്റെ സ്വാധീനം വർദ്ധിച്ചുവരികയായിരുന്നു. എന്നാൽ ഇന്ന് കാണുന്നത് ഞെട്ടിപ്പിക്കുന്ന പതനമാണെന്ന് പറയാതെ വയ്യ. ക്രിക്കറ്റ് താരങ്ങൾ അവരുടെ രാജ്യങ്ങളെയല്ല പ്രതിനിധാനം ചെയ്യുന്നത്. കോർപ്പറേറ്റ് മുതലാളിമാരോടും, ബിസിനസ്സ് പ്രഭുക്കന്മാരോടുമാണ് അവരുടെ കൂറും വിധേയത്വവും. അവരുടെ ലാഭതാൽപ്പര്യങ്ങൾക്ക് ഇണങ്ങും വിധം കളിയുടെ ഘടനയെ മാറ്റാനും താരങ്ങൾ തയ്യാറാകുന്നു. മധ്യകാലഘട്ടത്തിലെ അടിമകളെപ്പോലെ മുതലാളിമാരുടെ ലേലച്ചന്തയിൽ നാണംകെട്ടനിലയിൽ സ്വയം വിൽക്കപ്പെടാൻ താരങ്ങൾക്ക് ഒരു മടിയുമില്ലാതായിരിക്കുന്നു. ശാരീരികകരുത്തും ബുദ്ധിശക്തിയും ഒരുപോലെ ലയിപ്പിച്ചുകൊണ്ട് മനുഷ്യന് എത്തിപ്പിടിക്കാൻ കഴിയുന്ന പുതിയ ലക്ഷ്യങ്ങളാണ് കായികവിനോദം മനുഷ്യന് പകർന്നുനൽകിയത്. അതിനായുള്ള ആരോഗ്യകരമായ മൽസരം എല്ലാക്കാലത്തും സമൂഹത്തെ വിനോദിപ്പിച്ചിരുന്നു. അത് പുതിയ സംസ്കാരവും ഉയർന്ന മാനസിക നിലയും മനുഷ്യന് സമ്മാനിച്ചു. ഇത്തരം ഉദാത്ത ലക്ഷ്യങ്ങളോടെ സമൂഹം വികസിപ്പിച്ചെടുത്ത കായികവിനോദമാണ് വിപണിയിൽ ലാഭംകൊയ്യാനുള്ള ഉൽപ്പന്നമായി ഇന്ന് മാറ്റപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ടാണ് ഇത്രവലിയ ഒരു പതനം നമുക്ക് കാണേണ്ടിവന്നത്? ഇത് മുതലാളിത്തസാമൂഹ്യവ്യവസ്ഥയുടെ അനിവാര്യ പരിണതി മാത്രമാണ്. മനുഷ്യൻ വികസിപ്പിച്ചെടുത്ത പുരോഗതിയുടെ പാതയിലെ എല്ലാ നല്ല അംശങ്ങളും - കലയും സാഹിത്യവും ശാസ്ത്രവും വിജ്ഞാനവും തുടങ്ങി എന്തും മുതലാളിത്തത്തിന് വിപണിക്കുവേണ്ടിയുള്ള, ലാഭത്തിനുവേണ്ടിയുള്ള, ചരക്ക് മാത്രമാണ്. മഹാനായ കാറൽ മാർക്സ് വളരെ വർഷങ്ങൾക്കുമുമ്പ് ഇത് ചൂണ്ടിക്കാട്ടി. അദ്ദേഹം പറഞ്ഞു: **മനുഷ്യനും മനുഷ്യനും തമ്മിൽ അപരിഷ്കൃതമായ സ്വാർത്ഥതയുടെയും പണമിടപാടിന്റെയും ബന്ധമല്ലാതെ മറ്റൊന്നും മുതലാളിത്തം ബാക്കിവച്ചില്ല. അത് വ്യക്തിയുടെ സ്വാഭിമാനത്തെ കൈമാറ്റവിലയുടെ തലത്തിലേക്ക് അധ:പതിപ്പിച്ചു. നാം സ്ഥാപിച്ച ഏറ്റവും പ്രിയതരമായ, എണ്ണമറ്റ സ്വാതന്ത്ര്യങ്ങളുടെ സ്ഥാനത്ത് അത് ഒരൊറ്റ സ്വാതന്ത്ര്യത്തെ - വ്യാപാരത്തിന്റെ സ്വാതന്ത്ര്യത്തെ- പ്രതിഷ്ഠിച്ചു.** ശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും പിൻബലത്തിൽ അദ്ദേഹം നടത്തിയ പ്രവചനം ഇന്ന് നടപ്പിൽവരുന്നത് വേദനയോടെ നമ്മൾ കാണുന്നു. ഇത്തരമൊരു സാഹചര്യത്തിൽ മനുഷ്യൻ സൃഷ്ടിച്ചെടുത്ത ഉദാത്തമായ നേട്ടങ്ങൾ അതിന്റെ നന്മയോടെ നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ഏവരും ഈ സാമൂഹ്യവ്യവസ്ഥക്കെതിരായ പോരാട്ടത്തിൽ അണിനിരക്കുകയാണ് വേണ്ടത്.

●

# സഖാവ് കെ.പി.കോസലരാമദാസിന് ആദരാഞ്ജലികൾ



**കേ**രളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിലെ മുതിർന്ന നേതാക്കളിലൊരാളായ സഖാവ് കെ.പി.കോസലരാമദാസ് (86) മേയ് 3 രാത്രി 9.30-ന് തിരുവനന്തപുരത്ത് അന്തരിച്ചു. തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി ആദർശനിഷ്ഠയോടെ അന്ത്യംവരെ പോരാടിയ നേതാവായിരുന്നു അദ്ദേഹം.

അവിഭജിത സിപിഐയുടെയും പിന്നീട് സിപിഐ(എം)-ന്റെയും സംസ്ഥാന നേതൃത്വത്തിലുണ്ടായിരുന്ന സഖാവ് കെ.പി.കോസലരാമദാസ്, കേരളത്തിൽ സിപിഐ(എം.എൽ)-ന്റെ രൂപീകരണ കാലയളവിൽ അതിനോട് ആകൃഷ്ടനായി. പക്ഷെ, ആ പ്രസ്ഥാനത്തിന്റെയും ഗതിയിൽ വിയോജിച്ച അദ്ദേഹം, കക്ഷിരാഷ്ട്രീയ ബന്ധങ്ങൾ ഉപേക്ഷിച്ച് തൊഴിലാളി സംഘടനാ രംഗത്ത് പ്രവർത്തനം കേന്ദ്രീകരിച്ചു.

കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, വാട്ടർ അതോറിറ്റി, കെ.എം.എം.എൽ, കെൽട്രോൺ തുടങ്ങിയ അനവധി പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രമുഖ തൊഴിലാളി സംഘടനകളുടെ അമരത്ത് നിന്ന് അദ്ദേഹം അവകാശ സമരങ്ങൾ നയിച്ചു. കക്ഷിരാഷ്ട്രീയത്തിനതീതമായി അക്ഷീണമായ സമരങ്ങളിലൂടെ സുപ്രധാന അവകാശങ്ങൾ നേടിയെടുക്കാനാവുമെന്ന് അദ്ദേഹം തെളിയിച്ചു.

ദീർഘകാലം ജയിൽവാസം അനുഭവിച്ചിട്ടുള്ള സ്വാതന്ത്ര്യസമരസേനാനി ശ്രീ. കെ.പി. ദാസിന്റെ മകനാണ് കോസലരാമദാസ്. എറണാകുളത്തുനിന്നും നിയമബിരുദം എടുത്ത അദ്ദേഹം, തിരുവനന്തപുരം കോർപ്പറേഷനിൽ നീണ്ട 16 വർഷക്കാലം കൗൺസിലറും ഒരു വർഷം മേയറും ആയിരുന്നു. ആറ്റിങ്ങൽ മണ്ഡലത്തിൽനിന്നും എം.എൽ.എ ആയിരുന്ന കോസലരാമദാസ്, തൊഴിലാളി താൽപ്പര്യവും പാർട്ടി താൽപ്പര്യവും ഒത്തുപോവാതെ വന്നപ്പോൾ, തന്റെ എം.എൽ.എ സ്ഥാനം യാതൊരു മടിയും കൂടാതെ രാജിവച്ചുകൊണ്ട് തൊഴിലാളി സംഘടനാ പ്രവർത്തനത്തിൽ അടിയുറച്ചുനിന്നു. അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചു.

കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങളിൽ എല്ലാംതന്നെ ട്രേഡ്യൂണിയൻ സംഘടന കെട്ടിപ്പടുത്ത കോസലരാമദാസ്, പതിനായിരക്കണക്കിന് താൽക്കാലിക ജീവനക്കാരെ ഇലക്ട്രിസിറ്റി ബോർഡിൽ സ്ഥിരം ജീവനക്കാരാക്കി മാറ്റിയതിൽ നേതൃപരവും നിർണ്ണായകവുമായ പങ്കുവഹിച്ചിട്ടുണ്ട്. തന്റേതായതെല്ലാം തൊഴിലാളിപ്രസ്ഥാനത്തിന് സമർപ്പിച്ചുകൊണ്ട് ശാരീരിക അവശതകൾ പോലും മാറ്റിവച്ചുകൊണ്ട്, ഏറ്റവും താഴേത്തട്ടിലെ തൊഴിലാളികൾക്കുവേണ്ടി അദ്ദേഹം നിലകൊണ്ടു.

ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കേരളത്തിൽ മന്ത്രി ആയിരുന്ന കാലത്ത്, അദ്ദേഹത്തോടൊപ്പം നിയമസഭയിലുണ്ടായിരുന്ന കോസലരാമദാസ് തന്റെ അവസാനശ്വാസം വരെയും അദ്ദേഹത്തോടൊപ്പം സാമൂഹ്യ പ്രവർത്തനരംഗത്ത് സജീവമായിരുന്നു. ജസ്റ്റിസ് കൃഷ്ണയ്യർ പ്രസിഡന്റായി 1992-ൽ രൂപംകൊണ്ട കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന വൈസ്പ്രസിഡന്റുമാരിൽ ഒരാളായിരുന്നു കോസലരാമദാസ്. കൂടാതെ, 1995-ൽ കൽക്കത്തയിൽ, ജസ്റ്റിസ് കൃഷ്ണയ്യർ പ്രസിഡന്റായി രൂപംകൊണ്ട ആൾ ഇന്ത്യ ആന്റി-ഇംപീരിയലിസ്റ്റ് ഫോറത്തിന്റെ കേരളാ ചാപ്റ്ററിന്റെ വൈസ്പ്രസിഡന്റുമായിരുന്നു അദ്ദേഹം.

അഖിലേന്ത്യാ തലത്തിൽ ഇലക്ട്രിസിറ്റി തൊഴിലാളികളുടെ സംഘടനയായ ആൾ ഇന്ത്യ പവർമെൻസ് ഫെഡറേഷന്റെ ദേശീയ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചുവരികയായിരുന്നു.

ഇന്ത്യ-ചൈന സൗഹൃദ സംഘം (ഐ.സി.എഫ്.എ) രൂപീകൃതമായ നാൾമുതൽ കോസലരാമദാസ് അതിന്റെ ദേശീയ നേതാക്കളിൽ പ്രമുഖനായിരുന്നു. സംഘടനയുടെ ദേശീയ ചെയർമാൻ എന്ന നിലയിൽ അദ്ദേഹം സ്തുത്യർഹമായ ദൗത്യം നിറവേറ്റിവരികയുമായിരുന്നു.

ശ്രീ. കെ.പി.കോസലരാമദാസിന്റെ വിയോഗം, തൊഴിലവകാശപ്പോരാട്ടങ്ങളിലും സാമൂഹ്യ പ്രവർത്തന രംഗങ്ങളിലും ആത്മാർത്ഥതയോടെ നിലകൊള്ളുന്ന ഏവർക്കും ഒരു തീരാനഷ്ടമാണ്. ●



എസ്‌യുസിഐ(സി) സംസ്ഥാനസെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് അന്ത്യോപചാരമർപ്പിക്കുന്നു.

### എസ്.യു.സി.ഐ(സി) പോളിറ്റ് ബ്യൂറോ അംഗവും ഐ.ഐ.യു.റ്റി.യു.സി. അഖിലേന്ത്യാ പ്രസിഡന്റുമായ

## സഖാവ് കൃഷ്ണ ചക്രവർത്തിയുടെ അനുശോചന സന്ദേശം

**സഖാവ് കെ.പി.കോസലരാമദാസിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് എഐയുടിയുസി അഖിലേന്ത്യാ പ്രസിഡന്റും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ് ബ്യൂറോ അംഗവുമായ സഖാവ് കൃഷ്ണ ചക്രവർത്തി അയച്ച സന്ദേശം**

തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടത്തിൽ സഖാവ് കോസല രാമദാസ് ജീവിതത്തിലുടനീളം ശക്തവും അടിയുറച്ചതുമായ നിലപാട് വച്ചുപുലർത്തി. തൊഴിലാളികൾക്കുനേരെയുള്ള എല്ലാത്തരം അതിക്രമങ്ങൾക്കുമെതിരെ വിട്ടുവീഴ്ചയില്ലാതെ അദ്ദേഹം നിലകൊണ്ടു. ശരിയായ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടുള്ള ജനകീയ പ്രക്ഷോഭണങ്ങളുടെയും ഇടതുപക്ഷ രാഷ്ട്രീയത്തിന്റെയും പതാക അദ്ദേഹം എക്കാലവും ഉയർത്തിപ്പിടിച്ചിരുന്നു. സി.പി.ഐയിലൂടെയാണ് അദ്ദേഹം രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. പിന്നീട് സി.പി.ഐ പിളർന്ന് സി.പി.ഐ.(എം) രൂപംകൊണ്ടപ്പോൾ അതൊരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്ന വിശ്വാസത്തിൽ അതിൽ ചേർന്നു പ്രവർത്തിച്ചു. അധികം വൈകാതെ സി.പി.ഐ(എം)-ന്റെ പാർലമെന്ററി അവസരവാദ രാഷ്ട്രീയവും തൊഴിലാളിവിരുദ്ധ നിലപാടുകളും തിരിച്ചറിഞ്ഞപ്പോൾ സി.പി.ഐ(എം) അംഗത്വവും എം.എൽ.എ സ്ഥാനവും രാജിവച്ചു. ഏതാനും നാളുകൾ അദ്ദേഹം സി.പി.ഐ(എം.എൽ)പ്രസ്ഥാനവുമായി സഹകരിച്ചു. ആ പാർട്ടിയുടെ തെറ്റായ ലൈൻ മനസ്സിലാക്കുവാൻ അദ്ദേഹത്തിന് ഏറെ നാൾ വേണ്ടിവന്നില്ല. അതിനുശേഷം അദ്ദേഹം ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്.

എ.ഐ.യു.റ്റി.യു.സിയുടെ യഥാർത്ഥ തൊഴിലാളിവർഗ്ഗ വിപ്ലവ സ്വഭാവവും വിട്ടുവീഴ്ചയില്ലാത്ത പോരാട്ട വീര്യവും അറിയാൻ ഇടയായ നാൾ മുതൽ അദ്ദേഹം നമ്മുടെ പ്രസ്ഥാനവുമായി വളരെ അടുത്ത് സഹകരിക്കുവാൻ തുടങ്ങി. കൽക്കത്തയിലും ന്യൂഡൽഹിയും യഥാക്രമം നടന്ന നമ്മുടെ യൂണിയന്റെ പതിനെട്ടാമത്തെയും പത്തൊമ്പതാമത്തെയും അഖിലേന്ത്യാ സമ്മേളനങ്ങളിലെ വിശിഷ്ടാതിഥികളിൽ ഒരാളായി അദ്ദേഹം പങ്കെടുക്കുകയുണ്ടായി. നമ്മുടെ പ്രസ്ഥാനവുമായി അടുത്ത ബന്ധമുള്ള അഖിലേന്ത്യാ പവർമെൻസ് ഫെഡറേഷൻ രൂപീകൃതമായപ്പോൾ അദ്ദേഹം അതിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം പ്രസിഡന്റായിട്ടുള്ള പല യൂണിയനുകളും എഐയുടിയുസിയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടവയാണ്.

രാജ്യത്തെ വീറുറ്റ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ വിയോഗം തീരാ നഷ്ടമാണെന്നത് തർക്കമറ്റ വസ്തുതയാണ്. തൊഴിലാളിവർഗ്ഗ വീറും ആവേശവും ജീവിതത്തിലുടനീളം നിലനിർത്തിയ മുതിർന്ന നേതാവ് കോസല രാമദാസിന്റെ വിയോഗത്തിൽ ഞങ്ങൾ അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നു.

**എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനസെക്രട്ടറി സഖാവ് സി.കെ.ലൂക്കോസിന്റെ അനുശോചനം**

എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് പുറപ്പെടുവിച്ച പ്രസ്താവനയിൽ, സഖാവ് കെ.പി.കോസലരാമദാസിന്റെ നിര്യാണം കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന് അപരിഹാര്യമായ നഷ്ടമാണ് വരുത്തിവച്ചിരിക്കുന്നതെന്ന് പറഞ്ഞു.

"പതിറ്റാണ്ടുകൾ നീണ്ട ത്യാഗപൂർണ്ണമായ തൊഴിലാളി യൂണിയൻ പ്രവർത്തനത്തിലുടനീളം അദ്ദേഹം തൊഴിലാളികളുടെ താല്പര്യങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുത്തു. അദ്ധ്വാനിക്കുന്ന ജനങ്ങളെ കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി ഒന്നിപ്പിച്ച് അവരുടെ അവകാശ സമരങ്ങൾ വളർത്തിയെടുക്കുന്നതിൽ ജീവിതാന്ത്യം വരെ മുഴുകിയ അദ്ദേഹത്തിന്റെ സമരശൈലി ഇന്ന് ആഗോളവൽക്കരണനയങ്ങളുടെ തേരോട്ടത്തിൽ അവകാശങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിലാളിവർഗ്ഗത്തിന് വിലപ്പെട്ട മാതൃകയാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെയായി കേരളത്തിൽ സംഘടിതമേഖലയിലും അസംഘടിതമേഖലയിലും എസ്.യു.സി.ഐ(സി)യുടെ ആശയനേതൃത്വത്തിൽ വളർന്നുവന്നിട്ടുള്ള നിരവധിയായ തൊഴിലാളിസമരങ്ങളെ ശരിയായ മാർഗ്ഗത്തിൽ നയിക്കുന്നതിൽ സ.കെ.പി.കോസലരാമദാസ് വഹിച്ച സ്തുത്യർഹമായ പങ്കിനെ ഈ അവസരത്തിൽ ഞങ്ങൾ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. സുദീർഘമായ തൊഴിലാളിയൂണിയൻ പ്രവർത്തനത്തിലൂടെ താൻ ആർജ്ജിച്ച വിപുലമായ അനുഭവസമ്പത്തിന്റെ വെളിച്ചത്തിൽ പുതിയൊരു നിര തൊഴിലാളിനേതാക്കളെ വാർത്തെടുക്കുന്നതിൽ അദ്ദേഹം ശ്രദ്ധേയമായ പങ്ക് വഹിച്ചു. സ.കെപി.കോസലരാമദാസിന്റെ മഹനീയമായ സമരജീവിതത്തിൽ നിന്ന് പാഠവും ഊർജ്ജവുമുൾക്കൊണ്ട് മുന്നേറാൻ അദ്ദേഹം നേതൃത്വം നൽകിവന്ന വിവിധ തൊഴിലാളി യൂണിയനുകളുടെ നേതാക്കൾക്കും പ്രവർത്തകർക്കും കഴിയും എന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു." — പ്രസ്താവനയിൽ തുടർന്നു പറയുന്നു. ●

### സ്വകാര്യവൽക്കരണ വിരുദ്ധ ജനകീയ കൺവൻഷൻ

(1-ാം പേജിൽ നിന്നും തുടർച്ച)

ജ്യോതികൃഷ്ണൻ, അഡ്വ.എം.എ. ബിന്ദു, കെ.ആർ. ഉണ്ണിത്താൻ, കെ.ഭാസ്കരൻ, പി.എം ദിനേശൻ, ഡി.സുന്ദരേശൻ, എം.എൻ. അനിൽ, അഡ്വ.ബി.കെ. രാജഗോപാൽ തുടങ്ങിയവർ മേൽപ്പറഞ്ഞ വിഷയങ്ങളെ അധികരിച്ച് സംസാരിച്ചു. ഡോ. ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്ത സമാപന സമ്മേളനത്തിൽ ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി. വേണുഗോപാൽ മുഖ്യപ്രസംഗം നടത്തി. ജില്ലാ നേതാക്കളായ ടി.ബി വിശ്വനാഥൻ, സി.വി പീതാംബരൻ തുടങ്ങിയവർ പ്രസംഗിച്ചു. കൺവൻഷനിൽ ആർ.പാർത്ഥസാരഥി വർമ്മ സ്വാഗതവും കെ.ആർ ശശി കൃതജ്ഞതയും രേഖപ്പെടുത്തി. ●

## പാർലമെന്റിലെ കപടയുദ്ധം

# ജനരോഷത്തെ വോട്ട് രാഷ്ട്രീയത്തിന്റെ അതിർത്തിക്കുള്ളിൽ തളച്ചിടാൻ ഭരണവർഗ്ഗം ശ്രമിക്കുന്നു

(1-ാം പേജിൽ നിന്നും തുടർച്ച)

ഉരാൻ പാകത്തിലുള്ള മണ്ണായി മാറുന്നു. ഈ വ്യവസ്ഥയുടെ ഭാഗമായ ഒരു ഭരണ സംവിധാനത്തിനും ഈ ബൂർഷ്വാ വർഗ്ഗതാൽപര്യം പേറുന്ന ഒരു വ്യക്തിക്കും പാർട്ടിക്കും ഇന്ന് അഴിമതിയിൽ നിന്നോ കുറ്റകൃത്യങ്ങളിൽനിന്നോ മുക്തമായിരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എല്ലാ പാർലമെന്ററി പാർട്ടികളും ഒരുപോലെ അഴിമതിയിലും കുറ്റകൃത്യങ്ങളിലും മുങ്ങിക്കുളിച്ച് നിൽക്കുന്നത്.

**പാർലമെന്റേതര സമരങ്ങൾ മനഃപൂർവ്വം ഒഴിവാക്കപ്പെടുന്നു.**

അപ്പോൾ, ഈ തിന്മകളെല്ലാം ഒഴിവാക്കാനുള്ള ഏക മാർഗ്ഗം മുതലാളിത്ത വ്യവസ്ഥയ്ക്ക് അന്ത്യം കുറിക്കുക എന്നതാണ്. സാമൂഹ്യ വികസന പ്രക്രിയയെക്കുറിച്ച് അജ്ഞരായവരോ ബോധപൂർവ്വം സത്യം മറച്ചുവയ്ക്കുന്നവരോ മാത്രമേ ഇത് നിഷേധിക്കുകയുള്ളൂ. എന്നാൽ, വിപ്ലവത്തിലൂടെ മുതലാളിത്ത വ്യവസ്ഥയെ കടപുഴക്കുക എന്നത് സുദീർഘമായ ഒരു പ്രക്രിയയാണ്. വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ പല ഉപാധികളും ഇതിന് പൂർത്തീകരിക്കേണ്ടതുണ്ട്. അതുവരെ ജനജീവിതത്തിലെ പ്രശ്നങ്ങൾക്ക് ആശ്വാസം കണ്ടെത്താൻ സംഘടിതവും നിരന്തരവുമായ സമരങ്ങൾ കെട്ടിപ്പടുക്കുകയേ ജനങ്ങൾക്ക് മാർഗ്ഗമുള്ളൂ. ഈ സമരങ്ങളുടെ സമ്മർദ്ദത്തിൽ ഡിമാന്റുകൾ അംഗീകരിക്കാൻ സർക്കാരുകളെ നിർബന്ധിതരാക്കണം. അഴിമതിക്കാർക്കും തട്ടിപ്പുകാർക്കുമെതിരെ എന്തെങ്കിലും നടപടി കൈക്കൊള്ളാൻ അധികാരികളെ നിർബന്ധിതരാക്കാനും ഒരു പരിധിവരെ ഈ തിന്മകൾക്കെല്ലാം തടയിടാനും ഇതേ പോംവഴിയുള്ളൂ. കാലഹരണപ്പെട്ട ജന്മിത്ത വ്യവസ്ഥയെ തകർത്ത് ബൂർഷ്വാ ജനാധിപത്യവ്യവസ്ഥ ജന്മമെടുത്ത നാളുകളിൽ പാർലമെന്റിലെ സമരങ്ങളോടൊപ്പം ഈ പാർലമെന്റേതര സമരങ്ങളുടെ പ്രാധാന്യവും അംഗീകരിക്കപ്പെട്ടിരുന്നു. എന്നാലിന്ന്, ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾ വെട്ടിക്കുറച്ചുകൊണ്ടും എല്ലാ ജനാധിപത്യ സംവിധാനങ്ങളെയും തുരങ്കംവച്ചുകൊണ്ടും സ്വന്തം ആയുസ്സ് നീട്ടിയെടുക്കാൻ മരണവെപ്രാളം കാട്ടുന്ന മുതലാളിത്ത വ്യവസ്ഥ, വിയോജിക്കാനും പ്രതിഷേധിക്കാനുമുള്ള അവകാശത്തിന്റേമേലും കോടാലി വയ്ക്കുകയാണ്. നിയമവാഴ്ചയ്ക്കും സൈര്യജീവിതത്തിനും ഭംഗം വരുത്തുന്നു എന്നാരോപിച്ചുകൊണ്ട് ജനാധിപത്യ സമരങ്ങളെ ഭരണവർഗ്ഗവും അവരുടെ ഗവൺമെന്റുകളും നിർദ്ദാക്ഷിണ്യം അടിച്ചമർത്തുന്നു. കൗശലപൂർവ്വം ജനകീയ പ്രതിഷേധത്തെ വികലമായ പാർലമെന്ററി വ്യവസ്ഥയ്ക്കുള്ളിൽ തളച്ചിടുന്നു. അങ്ങനെ, കൃത്രിമം നിറഞ്ഞ തെരഞ്ഞെടുപ്പുകളിലൂടെ മുതലാളിവർഗ്ഗത്തിന് പ്രിയപ്പെട്ട പാർട്ടികളെയോ മുന്നണികളെയോ അധികാരത്തിലെത്തിച്ച് ജനങ്ങൾ വശംകെടുന്നു.

മുതലാളിവർഗ്ഗസേവ നടത്തുന്ന ഏതൊരു പാർട്ടിയും മുതലാളിവർഗ്ഗത്തിന്റെ ഈ പദ്ധതി ഭംഗിയായി നിർവ്വഹിക്കുകയും ജീർണ്ണിച്ച മുതലാളിത്ത വ്യവസ്ഥയ്ക്ക് എതിരായേക്കാവുന്ന ഏതൊരു നീക്കത്തെയും തന്ത്രപൂർവ്വം ഒഴിവാക്കുകയും ചെയ്യുന്നു. ജനങ്ങളുടെ നീറുന്ന ജീവിതപ്രശ്നങ്ങൾ മുൻനിർത്തി ഒരു സമരം വളർത്തിയെടുക്കാൻ ഇവരാരും തയ്യാറാകുന്നില്ലെന്നു മാത്രമല്ല, ജനങ്ങൾ ആ മാർഗ്ഗം സ്വീകരിക്കുന്നത് തടയാനായി പാർലമെന്റിനെയും അസംബ്ലികളെയും ചുറ്റിപ്പറ്റി കപടസമരങ്ങൾ നടത്തിക്കൊണ്ട് മാദ്ധ്യമപിന്തുണയോടെ, ജനതാൽപര്യം പേറുന്നവരായി വിലസുകയും ചെയ്യുന്നു. ഇവരെ സംബന്ധിച്ചിടത്തോളം ജനങ്ങൾ വെറും വോട്ടർമാർ മാത്രം. വോട്ടുബാങ്കുകൾ പോഷിപ്പിച്ചെടുക്കാൻ ഉതകുംവിധം ഇവർ സമരനാടകങ്ങൾ ആടുന്നു. ജനങ്ങളുടെ പ്രതിഷേധമെല്ലാം സ്വന്തം വോട്ടാക്കി മാറ്റുന്നു. വോട്ടുരാഷ്ട്രീയത്തിനുള്ളിൽ അവർ ജനങ്ങളെ വരിഞ്ഞുമുറുക്കിനിർത്തുന്നു. മുതലാളിവർഗ്ഗ യജമാനൻമാർക്ക് അപ്രീതിയുണ്ടാകുമെന്നതിനാൽ ന്യായയുക്തമായ ഒരു സമരവും വളർത്തിയെടുക്കാൻ ഇവർ തയ്യാറാകുകയില്ല. നിലവിലുള്ള അധികാരസ്ഥാനങ്ങൾക്ക് ഇളക്കം തട്ടുന്നതോ ഭാവിയിലെ അധികാര സാദ്ധ്യതകൾക്ക് കോട്ടം തട്ടുന്നതോആയ ഒരു നടപടിയും ഇക്കൂട്ടരുടെ ഭാഗത്തുനിന്നുണ്ടാവില്ല. നേരെമറിച്ച്, ജനശ്രദ്ധ പിടിച്ചുപറ്റാനും അവരുടെ വോട്ട് ഉറപ്പാക്കാനും ഇവർ പാർലമെന്റിൽ അഭ്യാസങ്ങൾ കാട്ടി വീരന്മാരാകുന്നു. പാർലമെന്റംഗം എന്ന നിലയിൽ ഇവർക്ക് ജനങ്ങളോട് ഒരു ഉത്തരവാദിത്തവുമില്ല. അത് പണമുണ്ടാക്കാനുള്ള ഒരു ഉപാധിമാത്രം. തെരഞ്ഞെടുപ്പുവരുമ്പോൾ ഇവരിലാരെയെങ്കിലും മുതലാളിവർഗ്ഗം പണവും പ്രചാരണവും കയ്യൂക്കും ഉപയോഗിച്ച് അധികാരക്കസേരകളിലെത്തിക്കും. പ്രതിപക്ഷത്തും നല്ലൊരു സംഖ്യ അംഗങ്ങളെ ഉറപ്പാക്കുന്ന ഭരണവർഗ്ഗം, ഒന്നിടവിട്ട് അധികാരം പങ്കുവെയ്ക്കൽ എന്ന സമ്പ്രദായം ഫലപ്രദമായി പ്രവർത്തനക്ഷമമാക്കി നിർത്തുന്നു. എല്ലാവരും ഒരേ കപ്പലിലെ സഞ്ചാരികൾ തന്നെ. തൊമ്മൻ അധികാരം കയ്യാളുമ്പോൾ ചാണ്ടി സമരാഭാസം നിർവ്വഹിക്കുന്നു. തൊമ്മൻ കസേരയിൽ തിരിച്ചെത്തുമ്പോൾ ചാണ്ടി സമരത്തിന്റെ മാലപ്പടക്കം പൊട്ടിച്ച് രംഗം കയ്യടക്കുന്നു എന്നുമാത്രം. ഭരിക്കുന്നവർ ജനങ്ങളുടെ വെറുപ്പിന് പാത്രമായാലുടൻ അടുത്ത കൂട്ടരെ കസേരയിലെത്തിക്കാൻ പാകത്തിന് ഒരു പ്രതിപക്ഷം റെഡിയായിരിക്കണമെന്നേ മുതലാളിവർഗ്ഗത്തിന് നിർബ്ബന്ധമുള്ളൂ.

**ഇത് ശരിവയ്ക്കുന്ന സമകാലീന സംഭവങ്ങൾ**

ഇന്ന് ബിജെപി പാർലമെന്റ് സ്തംഭിപ്പിച്ചുകൊണ്ട് പ്രധാനമന്ത്രിയുടെ രാജി ആവശ്യപ്പെടുന്നു. അവരുടെ ന്യായമായ ആവശ്യങ്ങൾ കോൺഗ്രസ്സ് ഗവൺമെന്റ് അംഗീകരിക്കാത്തതിനാലാണ് പാർലമെന്റ് നടപടികൾ തടസ്സപ്പെടുത്തേണ്ടിവരുന്നതെന്നാണ് ന്യായം. എന്നാൽ, പാർലമെന്റ് നിരന്തരം തടസ്സപ്പെടുത്തുന്നതിലും പ്രതിപക്ഷം ഉത്തരവാദിത്വമില്ലാതെ പെരുമാറുന്നതിലും കോൺഗ്രസ്സ് സർക്കാർ ആശങ്കപ്പെടുന്നു. നേരെമറിച്ച്, ബിജെപി അധികാരത്തിലിരുന്നുകൊണ്ട് അഴിമതി നടത്തുമ്പോൾ കോൺഗ്രസ്സ് അവരുടെ രാജി ആവശ്യപ്പെട്ട് ബഹളമുണ്ടാക്കുന്നു. ഈ നാടകം തുടർന്നുകൊണ്ടേയിരിക്കും. കർണാടകത്തിലെ ബിജെപി സർക്കാരിന്റെ കൽക്കരി കുംഭകോണത്തെ മുൻനിർത്തി കോൺഗ്രസ്സ് അവിടെ രാജി ആവശ്യപ്പെട്ടു. ചിട്ടിഫണ്ട് കുംഭകോണത്തിൽ ബംഗാളിലെ ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസ്സും മുൻ ഭരണകക്ഷിയായ സിപിഐ (എം) ഉം പരസ്പരം പഴിചാരുന്നു. ആനുകൂല്യങ്ങൾ നേടാനായി ഇരുകൂട്ടരും ചിട്ടിത്തട്ടിപ്പുകാർക്ക് ഒത്താശ ചെയ്തിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അതുപോലെതന്നെ, ഉത്തർപ്രദേശിൽ മായാവതിയുടെ ബിഎസ്പിയും മുലായത്തിന്റെ എസ്പിയും പരസ്പരം കൊമ്പുകോർക്കുന്നു. രണ്ടുപേരും ഒരുപോലെ അഴിമതിയിൽ മുങ്ങിനിൽക്കുന്നവരാണ് . ഗുണ്ടായിസത്തിന്റെ കാര്യത്തിലും കേന്ദ്രത്തിലെ കോൺഗ്രസ്സ് സർക്കാരിനെ പിന്തുണയ്ക്കുന്ന കാര്യത്തിലുമൊക്കെ ഇവർ സമാനമനസ്കരാണ്. തമിഴ്നാട്ടിലാകട്ടെ, ഡിഎംകെയുടെയും എഐഡിഎംകെയുടെയും കാര്യത്തിലും ഇതു തന്നെ സ്ഥിതി. എന്നാൽ, പരസ്പരം കലഹിക്കുമ്പോഴും, തങ്ങളുടെ പ്രവൃത്തികൾ കൊണ്ട് മുതലാളിത്ത വ്യവസ്ഥയുടെ തനിനിറം തുറന്നു കാട്ടപ്പെടരുതെന്നും അതിന്റെ താൽപര്യത്തിന് കോട്ടം തട്ടരുതെന്നുമുള്ള കാര്യത്തിൽ ഇവരെല്ലാം ബദ്ധശ്രദ്ധരായിരിക്കും. പാർലമെന്റിനുള്ളിലെ ഗുസ്തിയുടെ കാര്യത്തിലും ഇത് പാലിക്കപ്പെടുന്നുണ്ട്. ഉദാഹരണത്തിന്, ബിജെപി പാർലമെന്റ് നടപടികൾ തുടർച്ചയായി തടസ്സപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾത്തന്നെ, ഏറ്റവും ജനവിരുദ്ധമായ കേന്ദ്രബജറ്റും റെയിൽവേ ബജറ്റും പാസ്സാക്കിയെടുക്കാൻ കോൺഗ്രസ്സ് സർക്കാരിന് ഒരു ബുദ്ധിമുട്ടുമുണ്ടായില്ല. മുതലാളിവർഗ്ഗസേവയുടെ ഉത്തമ ദൃഷ്ടാന്തമാണിത്. അതുപോലെതന്നെ, ജനങ്ങളുടെ പ്രശ്നങ്ങളൊന്നും ചർച്ച ചെയ്യാൻ പാർലമെന്റിൽ സമയം കിട്ടുന്നുമില്ല. പ്രതിപക്ഷം സമരാഭാസം കാഴ്ചവച്ച് ഭാവി തെരഞ്ഞെടുപ്പ് സാദ്ധ്യതകൾ സജീവമാക്കി നിർത്തിയതു മാത്രം ബാക്കി.

**പാർലമെന്ററി സമരത്തെ വീക്ഷിക്കേണ്ടതെങ്ങനെ**

അപ്പോൾ, പാർലമെന്ററി സമരങ്ങളുടെ പ്രസക്തി ഇന്ന് തീർത്തും നഷ്ടമായോ എന്നതാണ് അടുത്ത പ്രശ്നം. ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വമ്പിച്ച ബഹുജനപങ്കാളിത്തത്തോടെയുള്ള ജനാധിപത്യ പ്രക്ഷോഭങ്ങൾ പാർലമെന്റിനുപുറത്ത് സംഘടിപ്പിക്കപ്പെടുന്നില്ലെങ്കിൽ, പാർലമെന്ററി സമരങ്ങൾകൊണ്ടു മാത്രം ജനങ്ങൾക്ക് ഒരു നേട്ടവും കൈവരിക്കാനാകില്ല. പാർലമെന്റേതര സമരങ്ങളുടെ ശബ്ദം സർക്കാരിന് ഭീതിയുളവാക്കുംവിധം പാർലമെന്റിൽ ഉയർത്തപ്പെടണം. പാർലമെന്ററി സമരങ്ങൾ, ജനങ്ങളുടെ ഡിമാന്റുകൾ ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിൽ പ്രഥമസ്ഥാനത്തുള്ള, ശക്തമായ പാർലമെന്റേതര സമരങ്ങളുമായി ശരിയാംവണ്ണം ഏകോപിപ്പിക്കപ്പെടണം. ജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പാർലമെന്ററി വേദികളിലുണ്ടായിരുന്ന അവസരങ്ങൾ ഇന്ന് ഏറെ ചുരുങ്ങിയിരിക്കുന്നു എന്ന കാര്യവും മനസ്സിലാക്കണം. മുതലാളിത്തവിരുദ്ധ വിപ്ലവഭീതി പൂണ്ട മുതലാളിവർഗ്ഗം പാർലമെന്ററി വേദികളിൽ അർത്ഥവത്തായ ചർച്ചകൾക്കും വിമർശനങ്ങൾക്കും അവസരം നൽകുന്നതിനെ ഭയക്കുകയാണ്. അങ്ങനെ, നിയമനിർമ്മാണ സഭകൾ, ഭരണവർഗ്ഗത്തിന്റെ ഒരു അനുബന്ധമായും പ്രയോജനരഹിതമായും ക്രമേണ മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ഭരണ-പ്രതിപക്ഷങ്ങളുടെ പിന്തുണയോടെ മുതലാളിവർഗ്ഗം പാർലമെന്റിന്റെ പ്രവർത്തനസമയം ചിട്ടയായി വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പമാണ് തടസ്സപ്പെടുത്തലും ഇറങ്ങിപ്പോക്കും മറ്റും. സർക്കാരിനുനേരെയുള്ള വിമർശനങ്ങളും കാതലായ പ്രശ്നങ്ങളിലുള്ള ചർച്ചകളും ഒഴിവാക്കുന്നതിന് ഇത് സഹായകമാകുന്നു. ചെറിയ ഒരു പ്രകോപനമുണ്ടായാൽത്തന്നെ സ്പീക്കർ സഭ പിരിച്ചുവിടുന്നു. അല്ലെങ്കിൽ സമ്മേളന ദിവസങ്ങൾ വെട്ടിച്ചുരുക്കുന്നു. അപ്പോൾ, എന്തെങ്കിലും അവകാശങ്ങൾ നേടാനും ആശ്വാസനടപടികൾ ഉറപ്പാക്കാനും ജനങ്ങൾക്കുമുമ്പിൽ ജനാധിപത്യ സമരങ്ങൾ വളർത്തിയെടുക്കുക എന്ന മാർഗ്ഗമേ അവശേഷിക്കുന്നുള്ളൂ. ശക്തമായ മാദ്ധ്യമ പിന്തുണയാൽ രംഗം കയ്യടക്കിയിരിക്കുന്ന മുഖ്യധാരാ പാർട്ടികളാകട്ടെ, സുപ്രധാനമായ ഈ പാത കയ്യൊഴിയുകയും ചെയ്തിരിക്കുന്നു.

അതിനാൽ, പാർലമെന്റേതര സമരങ്ങൾ കെട്ടിപ്പടുക്കുന്നതിനോടൊപ്പം സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെയും മുതലാളിവർഗ്ഗത്തിന്റെ ചൂഷണപദ്ധതികളെയും തുറന്നു കാട്ടാൻ പാർലമെന്ററി വേദികൾ ഉപയോഗപ്പെടുത്താനും യാഥാർത്ഥ ജനപ്രതിനിധികൾ തയ്യാറാകേണ്ട സാഹചര്യമാണിന്നുള്ളത്.

അതിനുള്ള ശ്രമത്തിന്റെ ഭാഗമായി പാർലമെന്റിനുള്ളിൽ മുദ്രാവാക്യം മുഴക്കുകയോ ധർണ്ണ നടത്തുകയോ സമ്മേളനം ബഹിഷ്കരിക്കുകപോലുമോ ആകാം. പാർലമെന്റേതര സമരത്തിന്റെ തീവ്രതയുമായി ബന്ധപ്പെട്ടാണ് ഇതിലേത് മാർഗ്ഗം സ്വീകരിക്കണമെന്ന് തീരുമാനിക്കേണ്ടത്. എന്നാൽ, ബിജെപിയും കോൺഗ്രസ്സും മാത്രമല്ല കപടകമ്മ്യൂണിസ്റ്റുകളായ സി.പി.ഐ(എം), സി.പി.ഐ തുടങ്ങിയ പാർട്ടികൾപോലും പാർലമെന്റേതര സമരങ്ങൾ കെട്ടിപ്പടുക്കാൻ യാതൊരു ശ്രമവും നടത്താതെ, നിസ്സാരകാര്യങ്ങൾക്കുപോലും പാർലമെന്റ് സ്തംഭിപ്പിക്കുന്നു. അതുകൊണ്ടുതന്നെ, ജനജീവിതത്തിലെ പ്രശ്നങ്ങൾക്ക് അല്പം ആശ്വാസം പകരുക എന്ന ലക്ഷ്യവുമായി തട്ടിച്ചുനോക്കുമ്പോൾ, പാർലമെന്റിൽ ഇന്ന് നടക്കുന്ന ഈ കോലാഹലങ്ങളും മാദ്ധ്യമശ്രദ്ധപിടിച്ചുപറ്റാനുള്ള വീരസ്യങ്ങളുമെല്ലാം വെറും നിഷ്പ്രയോജനങ്ങളായി പരിണമിക്കുകയാണ്. ശക്തമായ പാർലമെന്ററി സമരങ്ങളുടെ മൂർച്ച നഷ്ടപ്പെട്ടിരിക്കുന്നു. ജനാധിപത്യ പ്രക്ഷോഭങ്ങളിലൂടെ വികസിച്ചുവരേണ്ട രാഷ്ട്രീയ പ്രബുദ്ധതയുടെ അഭാവത്തിൽ, പാർലമെന്റിലെ പ്രതിഷേധം ജനതാൽപര്യത്തിനെതിരാണ് എന്ന ബൂർഷ്വാ പ്രചാരണത്തിൽ കുടുങ്ങി, അവ നിരോധിക്കേണ്ടതാണെന്ന് ജനങ്ങളും വിശ്വസിക്കുന്നു. പാർലമെന്റേതര സമരമുഖത്തെ ശക്തമായ സമരരൂപങ്ങളായ പണിമുടക്ക്, ഹർത്താൽ, ബന്ദ് എന്നിവയൊക്കെ സോഷ്യൽ ഡെമോക്രാറ്റിക് ശക്തികളുംമറ്റും നിരന്തരം ദുരുപയോഗം ചെയ്യുന്നതുമൂലം അവയൊക്കെ നിരോധിക്കുന്നതിനും ജനാധിപത്യപരമായി പ്രതിഷേധിക്കാനുള്ള ജനങ്ങളുടെ അനിഷേദ്ധ്യമായ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനും മുതലാളിവർഗ്ഗം ഇതിലൂടെ തന്ത്രപൂർവ്വം ജനസമ്മതി നേടിയെടുക്കുന്നു. പാർലമെന്റിലെ സമരത്തിലുള്ള ജനങ്ങളുടെ വിശ്വാസത്തിന് ഇന്ന് കോട്ടം തട്ടിയിട്ടുണ്ട്. മാദ്ധ്യമ പിന്തുണയോടെ മുതലാളി വർഗ്ഗം ഈ ചിന്താഗതി പ്രബലപ്പെടുത്തിക്കൊണ്ട് ഒരുനാൾ പാർലമെന്റിലെ എല്ലാ സമരരൂപങ്ങളും നിരോധിക്കാൻ തുനിഞ്ഞേക്കാം. പാർലമെന്റിലേയ്ക്കും അസംബ്ലികളിലേയ്ക്കും മാർച്ചുകൾ സംഘടിപ്പിക്കുന്നത് ഒരു സുപ്രധാന സമരമുറയാണ്. എന്നാൽ, അവിടെ നിരന്തരം ബഹിഷ്കരണം നടന്നുകൊണ്ടിരുന്നാൽ ജനങ്ങൾ ഉയർത്തുന്ന ഡിമാന്റുകൾ അതിനുള്ളിൽ ചർച്ചയാക്കുന്നതെങ്ങനെ? പാർലമെന്റിലെ പ്രവർത്തനം നിരന്തരം തടസ്സപ്പെടുത്തുകയും പാർലമെന്റേതര സമരങ്ങൾ വളർത്തിയെടുക്കാൻ വിമുഖത കാട്ടുകയും ചെയ്യുന്നതിലൂടെ മുതലാളിവർഗ്ഗ സേവകരായ, അധികാരദുരമൂത്ത, രാഷ്ട്രീയ പാർട്ടികൾ, ജനങ്ങളുടെ ന്യായമായ ജനാധിപത്യാവകാശങ്ങൾ കവർന്നെടുക്കാൻ മുതലാളി വർഗ്ഗത്തിന് ഒത്താശചെയ്യുകയും പാർലമെന്റിനെ വെറും നോക്കുകുത്തിയാക്കി മാറ്റുകയുമാണ്ചെയ്യുന്നത്. ഇതാണ് ഏറ്റവും വലിയ അപകടം.

**ജനങ്ങളുടെ കടമ**

ഭരണവർഗ്ഗത്തിന്റെയും അവരുടെ പിണിയാളുകളുടെയും ഹീനമായ ഈ ഗൂഢപദ്ധതി മർദ്ദിത ജനത തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പിലൂടെ മാറി മാറി അധികാരത്തിൽ വരുന്ന ബൂർഷ്വാ- പെറ്റി ബൂർഷ്വാ പാർട്ടികൾ ജനവഞ്ചന തുടരുകയും ജനദ്രോഹം അധികരിപ്പിക്കുകയുമാണ് ചെയ്യുന്നത്. അവർ അഴിമതിക്കാരുടെയും കുറ്റവാളികളുടെയും എണ്ണം പെരുക്കിക്കൊണ്ടിരിക്കുന്നു. മുതലാളിത്തവ്യവസ്ഥയ്ക്ക് അന്ത്യം കുറിക്കുന്നതുവരെ പാർലമെന്ററിയും പാർലമെന്റേതരവുമായ സമരങ്ങൾ കെട്ടിപ്പടുക്കാൻ ജനങ്ങൾ തയ്യാറാകണം. ഉന്നതമായ സാംസ്കാരിക-സദാചാര മൂല്യങ്ങളിൽ അടിയുറച്ചതും ശരിയായ വിപ്ലവനേതൃത്വത്തിൻകീഴിലുള്ളതുമായ ശക്തമായ പാർലമെന്റേതര സമരങ്ങൾ വളർത്തിയെടുക്കാൻ ശ്രമിക്കുന്നതോടൊപ്പം, ജനവഞ്ചന കൈമുതലാക്കിയ, മുതലാളിത്തസേവകരായ രാഷ്ട്രീയ പാർട്ടികളെ പാർലമെന്ററി വേദികളിൽ തുറന്നുകാട്ടാനും ജനങ്ങളിൽനിന്ന് ഒറ്റപ്പെടുത്താനും കഴിയണം. ●

# ലോകബാങ്ക് പാഠ്യപദ്ധതിക്കുവേണ്ടി യുള്ള വക്കാലത്ത് ഉപേക്ഷിക്കാൻ പരിഷത്ത് തയ്യാറാകണം

## -ആൾ കേരള ടീച്ചേഴ്സ് യൂണിറ്റി ഫോറം

**ക**ണ്ണൂർ : കേരളത്തിന്റെ പൊതുവിദ്യാഭ്യാസം താറുമാറാക്കിയ ലോകബാങ്ക് പാഠ്യപദ്ധതിക്കുവേണ്ടി ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തുന്ന കുഴലൂത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്താണെന്ന് തുറന്നുപറയാൻ അതിന്റെ നേതാക്കൾ തയ്യാറാകണമെന്ന് ആൾ കേരള ടീച്ചേഴ്സ് യൂണിറ്റിഫോറം സംസ്ഥാന കമ്മറ്റിയോഗം ആവശ്യപ്പെട്ടു. കേരളത്തിലെ ബഹു ഭൂരിപക്ഷം അദ്ധ്യാപകരും വിദ്യാഭ്യാസ സ്നേഹികളും തള്ളിക്കളഞ്ഞ പാഠ്യപദ്ധതിക്കുവേണ്ടി പരിഷത്ത് പ്രമേയം പാസ്സാക്കുന്നത് ആരുടെ താൽപര്യം സംരക്ഷിക്കാനാണെന്ന് ബഹുജനങ്ങൾ തിരിച്ചറിയണം. ലക്ഷക്കണക്കിനു കുട്ടികളുടെ കൊഴിഞ്ഞുപോക്കിനും ആറായിരത്തോളം സ്കൂളുകളുടെ അടച്ചു പൂട്ടലിനുമിടയാക്കിയത് ഈ പാഠ്യപദ്ധതിയാണ്. എസ്.എസ്.എൽ.സി കഴിഞ്ഞാൽ പോലും തെറ്റുകൂടാതെ എഴുതാനും വായിക്കാനും കുട്ടികൾക്കാവുന്നില്ല. ഉന്നതപഠനത്തിനാകട്ടെ കൂട്ടത്തോൽവിയാണ് സംഭവിക്കുന്നത്. വിഷയപഠനം കുട്ടികൾക്കസാദ്ധ്യമായിരിക്കുന്നു. കുട്ടികളുടെ ശീലങ്ങളിലും മനോഭാവങ്ങളിലും ഗുരുതരമായ പ്രത്യാഘാതങ്ങളാണ് ഇത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. പഠന വൈകല്യവും അറ്റൻഷൻ ഡഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡറും(എ.ഡി.എച്ച്.ഡി) ക്ലാസ് മുറികളിൽ കൂടിവരുന്നു. ഇതിനെ സംബന്ധിച്ചെല്ലാം വിശദവും വിദഗ്ദ്ധവുമായ പഠനം അനിവാര്യമാക്കുന്ന സാഹചര്യമാണിന്നുള്ളത്. കേരളത്തിലെ അധ്യാപക സമൂഹമാകെ കടുത്ത ആധിയിലാണ്. തൊഴിൽപരമായ സംതൃപ്തി അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. വികലമായ സിദ്ധാന്തങ്ങളുടെ പേരു പറഞ്ഞു അധികൃതരും കക്ഷി രാഷ്ട്രീയ വിടുപണി ചെയ്യുന്ന സംഘടനാനേതൃത്വങ്ങളും അധ്യാപകരുടെ സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തെ ഭീഷണികൊണ്ടുതടഞ്ഞു നിർത്തുകയാണ്. ഇതാണ് വിദ്യാഭ്യാസ രംഗത്തെ ഇന്നത്തെ യഥാർത്ഥ അവസ്ഥ. ഇതൊന്നും കാണാതെ ഒരു ശാസ്ത്ര സംഘടനയ്ക്കു എത്ര കാലമാണ് യാഥാർത്ഥ്യത്തെ മൂടിവെക്കാൻ കഴിയുക? യാഥാർത്ഥ്യം ഓരോരുത്തർക്കും വ്യത്യസ്തമാണെന്ന തികച്ചും അശാസ്ത്രീയമായ സാമൂഹിക ജ്ഞാനനിർമ്മിതിവാദ ത്തെ അടിസ്ഥാനമാക്കിയ പാഠ്യപദ്ധതിയെ ഒരു ശാസ്ത്രസംഘടനയ്ക്കു എങ്ങനെയാണ് ന്യായീകരിക്കാനാവുക?. 1997 മുതൽ തന്നെ കളവു പ്രചരിപ്പിച്ചുകൊണ്ടായിരുന്നു പരിഷത്ത് നേതാക്കൾ പാഠ്യപദ്ധതിയെ ന്യായീകരിച്ചത്. പാഠ്യപദ്ധതിക്കു ലോകബാങ്കിന്റെ ഡി.പി.ഇ.പി യുമായി യാതൊരു ബന്ധവുമില്ലെന്ന കള്ളപ്രചാരണം, ആധികാരിക രേഖകൾ സഹിതം ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ നേതൃത്വം നൽകുന്ന ജനകീയ പ്രതിരോധസമിതി പ്രചാരണങ്ങളിലൂടെ തുറന്നു കാട്ടിയിരുന്നു. പൊതുവിദ്യാഭ്യാസത്തിനു വേണ്ടി വാദിക്കുന്നുവെന്നു പറയുന്ന പരിഷത്ത് നേതാവ് സി.പി.നാരായണൻ ചെയർമാനായ കമ്മറ്റിയാണ് കേരളത്തിൽ ആദ്യമായി 1700 ഓളം സ്കൂളുകൾ അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടത്. അധ്യാപകരും ജീവനക്കാരും എ.ഡി.ബി അടിച്ചേൽപ്പിക്കുന്ന നയങ്ങൾക്കെതിരെ സമരരംഗത്തിറങ്ങിയപ്പോൾ അതിനെതിരെ അതിശക്തമായി സംസാരിക്കുകയും എഴുതുകയും ചെയ്തത് പരിഷത്ത് നേതാവ് ആർ.വി.ജി.മേനോനായിരുന്നു. സേവനമേഖലകളിൽ നിന്നും ഗവൺമെന്റ് പിന്മാറിക്കൊണ്ടു ഗുണഭോക്തൃസമിതികളെ ഏൽപിക്കുന്ന ഘടനാ ക്രമീകരണ പദ്ധതികളെ പാടിപ്പുകഴ്ത്തുകയാണ് പരിഷത്ത് നേതാക്കൾ. പങ്കാളിത്ത വികസന മാതൃകയുടെ ശക്തരായ പ്രചാരകരും ഗുണഭോക്താക്കളുമാണിവർ. വിദ്യാഭ്യാസ സെസ്സ് ഏർപ്പെടുത്തണമെന്ന് വാദിക്കുന്നവരാണിവർ. മാധ്യമങ്ങളെ കയറൂരി വിടുന്നതാണ് വികസന സംസ്കാരം നേരിടുന്ന വലിയ പ്രതിസന്ധിയെന്നും അതുകൊണ്ടു മാധ്യമങ്ങളെ നിയന്ത്രിക്കണമെന്നുമുള്ള ഫാസിസ്റ്റ് സമീപനം പോലും വെച്ചു പുലർത്തുന്നവരാണ് പരിഷത്ത് നേതൃത്വം. നവലിബറൽ നയങ്ങളുടെ സാംസ്കാരികനിർമ്മിതി നടത്തുന്ന ഉത്തരാധുനികസിദ്ധാന്തമാണിവർ ശാസ്ത്രത്തിന്റെയും സാഹിത്യത്തിന്റെയും പേരിൽ പ്രചരിപ്പിക്കുന്നത്. പരിഷത്തിന്റെ എല്ലാ പ്രവർത്തനങ്ങളും പ്രോജക്ടുകൾ ലക്ഷ്യമാക്കിയാണിന്നു നടക്കുന്നത്. ഇത് സാധാരണ പരിഷത്ത് പ്രവർത്തകരും ദേശസ്നേഹികളായ ജനാധിപത്യവിശ്വാസികളും തിരിച്ചറിയണമെന്നും യോഗം അഭ്യർത്ഥിച്ചു. പൊതു വിദ്യാഭ്യാസരംഗത്തു നിലവിലുള്ള പാഠ്യപദ്ധതി എത്രയും വേഗം നിർത്തലാക്കി അധ്യാപനത്തിനും സ്വാഭാവരൂപീകരണത്തിനുമുതകുന്ന രീതിയിൽ സിലബസ്സും ഉള്ളടക്കമുള്ള പാഠപുസ്തകങ്ങളും...

# മെയ് 9 എ.ഐ.ഡി.എസ്.ഒ. അഖിലേന്ത്യാ വിദ്യാഭ്യാസ അവകാശ ദിനമായി ആചരിച്ചു.




**എ.**ഐ.ഡി.എസ്.ഒ. അഖിലേന്ത്യാ കമ്മിറ്റിയുടെ ആഹ്വാനപ്രകാരം, ആൾ പ്രമോഷൻ സമ്പ്രദായം അവസാനിപ്പിക്കണമെന്നും പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ട് മെയ് 9 അഖിലേന്ത്യാ വിദ്യാഭ്യാസ അവകാശ ദിനമായി ആചരിച്ചു. ആൾ പ്രമോഷൻ സമ്പ്രദായം നടപ്പാക്കിയതുവഴി വിദ്യാഭ്യാസ നിലവാരം കുത്തനെ താഴ്ന്നുവെന്നും ചൂണ്ടിക്കാട്ടിക്കൊണ്ട്, പഠന നിലവാരത്തെ അടിസ്ഥാനപ്പെടുത്തി ജയവും തോൽവിയും പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ സംയുക്ത പാർലമെന്ററി സമിതി പാർലമെന്റിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പശ്ചാത്തലത്തിലാണ് ദിനാചരണം നടന്നത്. അന്ന് പാർലമെന്റിന് മുന്നിൽ വിദ്യാർത്ഥി ധർണ്ണയും ഇന്ത്യയെമ്പാടുമുള്ള സംസ്ഥാന തലസ്ഥാനങ്ങളിലും ജില്ലാ കേന്ദ്രങ്ങളിലും അവകാശദിനാചരണ യോഗങ്ങളും നടന്നു.

കേരളത്തിൽ സെക്രട്ടേറിയററിന് മുന്നിൽ നടന്ന ആചരണയോഗം എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ബിനുബേബി ഉദ്ഘാടനം ചെയ്തു. പാർലമെന്ററി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ വിരുദ്ധമായ ആൾപ്രമോഷൻ സമ്പ്രദായം പിൻവലിക്കണമെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടേറിയറ്റംഗം വി.ഡി. സന്തോഷ്, എ. ഷൈജു, വിദ്യാ ആർ. ശേഖർ, ആർ മാളു, സജിനി പി.വി. എന്നിവർ പ്രസംഗിച്ചു. ●

പനത്തിനും സ്വാഭാവരൂപീകരണത്തിനുമൂന്നൽ നൽകുന്ന പാഠ്യപദ്ധതിയും അതിന്റെ ഭാഗമായി നിലവാരമുള്ള സിലബസ്സും ഉള്ളടക്കമുള്ള പാഠപുസ്തകങ്ങളും വസ്തുനിഷ്ഠമായ മൂല്യനിർണ്ണ സമ്പ്രദായങ്ങളും ഉടൻ പുനഃസ്ഥാപിക്കണം. അതിനാവശ്യമായ സാമൂഹ്യസമ്മർദ്ദം സൃഷ്ടിക്കാൻ നാടിനോടുത്തരവാദിത്തമുള്ള രാഷ്ട്രീയ സാമൂഹ്യ സംഘടനകളും അക്കാദമിക് വിദഗ്ദ്ധരും വിദ്യാഭ്യാസ സ്നേഹികളും മുന്നോട്ടുവരണമെന്നും യോഗം അഭ്യർത്ഥിച്ചു. സംസ്ഥാനവ്യാപകമായി ഈ ദിശയിൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു. പി.മുരളീധരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.ബാബുരാജ്, എം.വി തങ്കച്ചൻ, കെ.രാജൻ, എം.ഷീബ, ടി.ടി.വാസുദേവൻ, കെ.ബിജിരാജ്, ടി.സി.കമല എന്നിവർ പ്രസംഗിച്ചു. ●

# ബി.ഒ.ടി പാത ഭൂസർവ്വേ: ഭീതി വിതച്ച് പോലീസും ഒപ്പം സി.പി.ഐ (എം), സി.പി.ഐ പാർട്ടികളും

**തോ**ക്കും ലാത്തിയും മറ്റ് മാരകായുധങ്ങളും കാണിച്ച് ആർക്കും എന്തും നേടാമെന്ന കാട്ടുനീതിയുടെയും ഇത്തരം ആക്രമണങ്ങൾക്ക് കൂട്ടുനിൽക്കുവാൻ എക്കാലത്തും കുറച്ചുപേർ ഉണ്ടാകുമെന്നുള്ളതിന്റെയും സമീപകാല ദൃഷ്ടാന്തമാണ് ദേശീയപാത -17 ൽ തൃശൂർജില്ലയിൽ അരങ്ങേറിയ ഭൂസർവ്വേ. എവ്വിധവും 3ഡി നോട്ടിഫിക്കേഷനിറക്കി ആധാരവും മറ്റും കൈക്കലാക്കി ഭൂമി തട്ടിയെടുക്കുവാൻ വേണ്ടിയുള്ളതാണ് ഈ സർവ്വേ. നിലനിൽക്കുന്ന നിയമം പോലും ഈ സർവ്വേക്കെതിരാണ്.

കഴിഞ്ഞ ഏപ്രിൽ 2-ാം തിയതി മുതൽ മതിലകം പുന്നയ്ക്ക ബസാറിൽ സമരപന്തലിൽ ആരംഭിച്ച കാത്തിരിപ്പു സത്യഗ്രഹത്തിന്റെ 58-ാം ദിവസം യാതൊരു മുന്നറിയിപ്പു മില്ലാതെ സമരപ്പന്തലിൽ എത്തിയ ഒരു സംഘം പോലീസുകാർ എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ ജില്ലാ പ്രസിഡന്റ് എ.ജി. ധർമ്മരത്നം, കൺവീനർ സി. കെ. ശിവദാസൻ എന്നിവരേയും സംയുക്ത സമര സമിതി ചെയർമാൻ ടി.എൽ. സന്തോഷ്, ജനകീയ പ്രതിരോധ സമിതി ജില്ലാ നേതാവ് സി.ആർ ഉണ്ണികൃഷ്ണൻ, എസ്‌യുസിഐ(സി) ജില്ലാനേതാക്കളായ എം.പ്രദീപൻ, എ.എം.സുരേഷ് എന്നിവരേയും അറസ്റ്റുചെയ്ത് ലോക്കപ്പിലാക്കി. മുഴുവൻ നേതാക്കളുടേയും മൊബൈൽ ഫോണുകൾ വാങ്ങി കസ്റ്റഡിയിൽ വച്ച് മറ്റുള്ളവരുമായിട്ടുള്ള മുഴുവൻ ബന്ധങ്ങളും വിച്ഛേദിച്ചു.




എൻഎച്ച് 17 ആക്ഷൻ കൗൺസിലിന്റെയും സംയുക്തസമരസമിതിയുടെയും നേതൃത്വത്തിൽ നടന്ന പ്രതിഷേധ പ്രകടനം

ബലം പ്രയോഗിച്ചുകൊണ്ട് ഭൂമിയേറ്റെടുക്കാനാവില്ലന്ന് തിരിച്ചറിഞ്ഞ ജില്ലാ ഭരണകൂടം ജനങ്ങളിൽ ഭീതി പടർത്തുംവിധം ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന തന്ത്രമാണ് അതിനുശേഷം ആവിഷ്ക്കരിച്ചത്. ശത്രുരാജ്യത്തേക്ക് പട നയിക്കുന്നതുപോലെ, സർവ്വവിധ സായുധസന്നാഹങ്ങളുമായാണ് ഇവർ സർവ്വേക്കെത്തിയത്. ഡി.വൈ.എസ്.പി, അഞ്ച് സി.ഐ. മാർ, അഞ്ച് എസ്.ഐമാർ എന്നിവരും 300 ഓളം പോലീസും ചേർന്ന സംഘത്തെയാണ് എൽ.എ ഓഫീസർക്ക് സംരക്ഷണം കൊടുക്കുവാൻ ജില്ലാ കളക്ടർ അയച്ചത്.

നൂറുകണക്കിന് പോലീസുകാർ ഹൈവേയിൽ റൂട്ടുമാർച്ച് നടത്തി. തീരദേശ മേഖലയിലാകെ യുദ്ധ സമാനമായ, ഭീകരാന്തരീക്ഷം സൃഷ്ടിച്ച് നിരോധനാജ്ഞ പുറപ്പെടുവിച്ച പ്രതീതിയുളവാക്കി. സർവ്വേ നടന്നയിടങ്ങളിലും സമീപ പ്രദേശങ്ങളിലും പോലീസ് സൃഷ്ടിച്ച ഈ ഭീതിയിൽ നിന്നും ഈ പ്രദേശങ്ങളിലെ സ്ത്രീകളും കുട്ടികളും പ്രായമായവരുമുൾപ്പെടെ പലരും മോചിതരായിട്ടില്ല.

കേരള ജനതയുടെ ജനാധിപത്യാവകാശങ്ങളെയാണ് ഈ പോലീസ് രാജിലൂടെ ഭരണാധികാരികൾ ചോദ്യം ചെയ്തത്. ബി.ഒ.ടി. കമ്പനിക്ക് റോഡ് കൈമാറാനാണ് ഈ നടപടികൾ. എന്നാൽ ഇടതു-ബഹുജന സമരങ്ങളുടെ ഈറ്റില്ലമായ കേരളത്തിൽ ഇത്തരത്തിൽ ഒരു തേർവാഴ്ച സാധ്യമായത് സിപി

(ശേഷം പേജ് 9-ൽ)

□ കേരളത്തിൽ ഇനിമേൽ ഒരു മദ്യശാലയും ആരംഭിക്കരുത്. □ പുതിയതായി ലൈസൻസ് നൽകിയ ബാറുകൾ ഉടൻ അടച്ചുപൂട്ടുക. □ മദ്യത്തിന്റെ കുത്തൊഴുക്ക് തടയുക, കുഞ്ഞുങ്ങളെ രക്ഷിക്കുക

## കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി

# പ്രതിഷേധവാരം ആചരിച്ചു

### ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ മുഖ്യമന്ത്രിക്ക് കത്തയച്ചു

**സം**സ്ഥാന സർക്കാരിന്റെ സാമൂഹ്യവിരുദ്ധ മദ്യനയത്തിനെതിരെ കേരളസംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ ആഭിമുഖ്യത്തിൽ മെയ്-17 മുതൽ 23 വരെ പ്രതിഷേധവാരം ആചരിച്ചു. മേൽപ്പറഞ്ഞ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു ലക്ഷം കത്തുകളയയ്ക്കുവാനുള്ള പ്രവർത്തനങ്ങൾക്കും പ്രതിഷേധ



തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനുമുമ്പിൽ നടന്ന കത്തയയ്ക്കൽ സമരം

വാരത്തിൽ തുടക്കമായി. മുഖ്യമന്ത്രിക്ക് കത്തയയ്ക്കുന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ രക്ഷാധികാരി ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ നിർവ്വഹിച്ചു.

കേരളത്തിൽ ഗുരുതരമായ രീതിയിൽ പടരുന്ന മദ്യാസക്തി ഇന്ന് നമ്മുടെ സമൂഹം മുൻകാലങ്ങളിൽ ആർജ്ജിച്ച സാമൂഹ്യ-സാംസ്കാരിക പുരോഗതിയെ അപ്പാടെ തകർക്കുന്ന ഒരു സ്ഥിതിവിശേഷത്തിലേക്ക് എത്തിച്ചിരിക്കുകയാണ്. മദ്യം നമ്മുടെ സമൂഹത്തിൽ സൃഷ്ടിക്കുന്ന വിപത്തുകൾ എണ്ണിയാലൊടുങ്ങുന്നില്ല. നെഞ്ചുപിളർക്കുന്ന വാർത്തകൾ ഓരോ ദിവസവും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകളും പിഞ്ചുകുഞ്ഞുങ്ങളും പൈശാചികമായ ആക്രമണങ്ങൾക്കു വിധേയരാകുന്നു. കൊലപാതകം, മോഷണം, മാഫിയ പ്രവർത്തനങ്ങൾ തുടങ്ങി പൊതുസമൂഹത്തിന്റെ സുരക്ഷയ്ക്ക് വെല്ലുവിളിയാകുന്ന കുറ്റകൃത്യങ്ങൾ വൻതോതിൽ വർദ്ധിക്കുന്നു. റോഡപകടങ്ങൾ, ശാരീരിക-മാനസികാരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവ വേറെയും. മനുഷ്യസ്നേഹികളെയാകെ ഏറെ വേദനിപ്പിക്കുന്ന ഒരു സാമൂഹ്യ-സാംസ്കാരിക അന്തരീക്ഷമാണ് ഇന്ന് നിലനിൽക്കുന്നത്.

ഇത്തരമൊരു സ്ഥിതിവിശേഷം സൃഷ്ടിച്ചത് മറ്റാരുമല്ല, നമ്മുടെ ഭരണാധികാരികൾ തന്നെയാണ്. നാട്ടിൽ മദ്യം കുത്തിയൊഴുക്കുന്നത് സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ തന്നെയാണ്. കുടിവെള്ളവും വിദ്യാഭ്യാസവും റേഷനരിയും വൈദ്യുതിയും നിഷേധിക്കുമ്പോഴും പല പേരുകളിൽ പുതിയ മദ്യശാലകൾ സ്ഥാപിക്കാൻ സർക്കാരുകൾ അത്യുൽസാഹം കാണിക്കുന്നു.

മുൻസർക്കാരിന്റെ സാമൂഹ്യവിരുദ്ധ മദ്യനയത്തിനെതിരെ ജനരോഷം ഉയർന്നപ്പോൾ അതു മുതലെടുത്ത് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യുഡിഎഫ്, ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പാക്കുമെന്നും പുതിയ മദ്യശാലകൾ ആരംഭിക്കില്ല എന്നുമൊക്കെ ജനങ്ങൾക്കുമുന്നിൽ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മാത്രം 62 ബാറുകൾക്ക് ഈ ഗവൺമെന്റ് അനുമതി നൽകിക്കഴിഞ്ഞു. കോടതി നിർദ്ദേശമെന്ന മുടന്തൻ ന്യായം പറഞ്ഞ എക്സൈസ് മന്ത്രി ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലയിൽ ഇതിന്റെ ഉത്തരവാദിത്തം കെട്ടിയേൽപ്പിച്ച് ആ മറയിൽ പുതിയ മദ്യശാലകൾ നാടെമ്പാടും തുടങ്ങുകയാണ്. ഇത് കടുത്ത ജനവഞ്ചനയാണ്.

നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമം അനുസരിച്ച് എക്സൈസ് വകുപ്പാണ് മദ്യശാലകൾക്ക് ലൈസൻസ് നൽകുന്നതും, ലൈസൻസ് ഫീസ് പിരിക്കുന്നതും. ആത്യന്തികമായി സംസ്ഥാന സർക്കാരാണ് പുതിയ മദ്യശാല വേണോ വേണ്ടയോ എന്നു തീരുമാനിക്കുന്നത്. അപ്പോൾ പുതിയ മദ്യശാല തുറക്കുന്നത് യുഡിഎഫ് നയമല്ലെങ്കിൽ ഇത്രയേറെ പുതിയ ബാറുകൾ ഈ ചുരുങ്ങിയ കാലയളവിൽ ആരംഭിക്കാൻ സർക്കാരിനെങ്ങനെ കഴിഞ്ഞു? മറ്റൊന്ന് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള ഔട്ട് ലെറ്റുകൾ നവീകരിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുന്നു എന്നതാണ്. സ്വയം തെരഞ്ഞെടുക്കാൻ സൗകര്യമുള്ള ആധുനിക മദ്യവിൽപ്പനശാലകൾ ആരംഭിക്കാനും കമ്പ്യൂട്ടർവൽക്കരണവും കൂപ്പൺ സമ്പ്രദായവും ഒക്കെ ഏർപ്പെടുത്തി ക്യൂ നിൽക്കുന്ന ബുദ്ധിമുട്ടിൽനിന്നും മദ്യപാനികളെ രക്ഷപ്പെടുത്താനും സർക്കാർ ലക്ഷ്യം വയ്ക്കുന്നു. മദ്യത്തിന്റെ ലഭ്യത എവ്വിധവും വർദ്ധിപ്പിക്കുക എന്നതാണ് ഈ പരിഷ്ക്കരണങ്ങളുടെ യഥാർത്ഥ ലക്ഷ്യം. ഖജനാവിലേയ്ക്ക് കൂടുതൽ വരുമാനം, അതിനേക്കാളുപരി മദ്യലോബിയുടെയും അതുവഴി അവരുടെ ദല്ലാളൻമാരായ രാഷ്ട്രീയ പ്രതിനിധികളുടെയും കീശവീർപ്പിക്കുക. ഇത് നാം അനുവദിക്കാൻ പാടില്ല.

നമ്മുടെ കുഞ്ഞുങ്ങൾ ഇന്ന് ശരാശരി 13-ാം വയസ്സിൽ മദ്യപാനം ആരംഭിക്കുന്നതായി സർക്കാർ ഔദ്യോഗികമായിത്തന്നെ പറയുമ്പോൾ, ഈ മദ്യത്തിന്റെ കുത്തൊഴുക്ക് നമ്മുടെ സമൂഹത്തെ എങ്ങോട്ടു നയിക്കും? കൂടുതൽ കൂടുതൽ കുട്ടിക്കുറ്റവാളികളെയും, മാഫിയ സംഘങ്ങളെയും മാത്രമേ ഇതു സൃഷ്ടിക്കൂ. പതിനേഴുവയസ്സുകാരൻ അൻപതുവയസ്സുകഴിഞ്ഞ പിതൃസഹോദരിയെ മോഷണത്തിനായി കൊലപ്പെടുത്തുകയും മൃതദേഹത്തോട് അപമര്യാദയായി പെരുമാറുകയും ചെയ്തു എന്ന വാർത്ത വായിച്ച് നാം തരിച്ചിരിക്കുമ്പോൾ ഓർക്കുക, ഭരണാധികാരികളാണ് ഒന്നാം പ്രതി. യുവതലമുറയുടെ ചിന്താശേഷിയും സംസ്കാരവും തകർക്കുന്ന മദ്യവും മയക്കുമരുന്നും, ലൈംഗിക വൈകൃതങ്ങളും ഉപഭോഗതൃഷ്ണയും ഇവിടെ ആസൂത്രിതമായി പടർത്തി ഒരു ന്യൂനപക്ഷത്തിന് കൊള്ളലാഭം കൊയ്യാൻ ഒത്താശ ചെയ്യുന്ന ഭരണാധികാരികളുടെ ഈ സാമൂഹ്യവിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായി പ്രതികരിച്ചേ മതിയാകൂ. കേരളത്തിലെ സാമൂഹ്യപ്രതിബദ്ധതയുള്ള സാമൂഹ്യ സാംസ്കാരിക നായകൻമാർ നേതൃത്വം നൽകുന്ന മദ്യവിരുദ്ധ ജനകീയ സമരസമിതി ഈ ലക്ഷ്യത്തോടെയാണ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നത്. പ്രതിഷേധ വാരാചണത്തിന്റെ ഭാഗമായി സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പ്രചാരണ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.



പാലക്കാട് പ്രതിഷേധ യോഗം ഡോ. പി.എസ്.പണിക്കർ ഉദ്ഘാടനം ചെയ്യുന്നു

**എറണാകുളം:**

ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ ഉൾപ്പെടെയുള്ള പ്രമുഖർ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് തുറന്ന കത്ത് അയച്ചു.

ലീലാമേനോൻ, ജസ്റ്റിസ് കെ. സുകുമാരൻ, പ്രൊഫ.കെ.അരവിന്ദാക്ഷൻ, ഡോ. വിൻസന്റ് മാളിയേക്കൽ, പ്രൊഫ. സൂസൻ ജോൺ, ആ



പത്തനംതിട്ട: ലക്ഷം പോസ്റ്റ് കാർഡ് അയയ്ക്കൽ സമരത്തിന്റെ ജില്ലാതല ഉദ്ഘാടനം

ശാ വർമ്മ തുടങ്ങി നിരവധി പ്രമുഖരടക്കം ആയിരങ്ങൾ ജില്ലയിൽ കത്തയയ്ക്കൽ പ്രക്ഷോഭത്തിൽ അണിചേർന്നു.

**തിരുവനന്തപുരം:**

മേയ് 23 ന് സെക്രട്ടേറിയറ്റിനുമുന്നിൽ ഫോട്ടോ-പോസ്റ്റർ പ്രദർശനം നടന്നു. നൂറുകണക്കിനാളുകൾ മുഖ്യമന്ത്രിക്ക് കത്തെഴുതി. പി.എസ്.ഗോപകുമാർ, എ.സബൂറ, എസ്. മിനി, എം.എ.സൂസി, എ.ഷൈജു, കെ.നന്ദിനി, എം.ആർ.ലേഖ തുടങ്ങിയവർ നേതൃത്വം നൽകി.

വിളപ്പിൽശാലയിലെ മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ മുഖ്യമന്ത്രിക്കുള്ള നിവേദനം തയ്യാറാക്കുന്നതിൽ നൂറുകണക്കിനാളുകൾ പങ്കാളികളായി. തുടർന്ന് വിളപ്പിൽശാല പോസ്റ്റാഫീസിൽ പോസ്റ്റ്മാസ്റ്റർ കത്തുകൾ ഏറ്റുവാങ്ങി. സമിതി നേതാക്കളായ എസ്. മിനി, ആമിന.എസ്, റസിയ, കർമ്മല, അഷറഫിയ, കമലമ്മ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**പാലക്കാട്:**

മദ്യവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി പ്രതിഷേധയോഗം നടത്തി. യോഗം പ്രമുഖ പരിസ്ഥിതി പ്രവർത്തകനും കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി പാലക്കാട് ജില്ലാപ്രസിഡന്റുമായ ഡോ. പി. എസ്. പണിക്കർ ഉൽഘാടനം ചെയ്തു. മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ സെക്രട്ടറി കെ.എം.ബീവി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കേരള മദ്യ നിരോധന സമിതി ജില്ലാപ്രസിഡന്റ് പ്രസാദ് തൃപ്രയാർ, ജനകീയ പ്രതിരോധ സമിതി ജില്ലാസെക്രട്ടറി കെ.അബ്ദുൾ അസീസ്, റെയ്മണ്ട് ആന്റണി, ചെറുകഥാകൃത്ത് ബാലു തൈക്കാട്ടുശ്ശേരി, എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം ജി. എസ്. പത്മകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. എ. റജീന സ്വാഗതവും കെ. പ്രദീപ് നന്ദിയും പറഞ്ഞു.

**പത്തനംതിട്ട:**

മുഖ്യമന്ത്രിയ്ക്ക് ലക്ഷം പോസ്റ്റ് കാർഡുകൾ അയക്കുന്നതിന്റെ ജില്ലാതല ഉത്ഘാടനം മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് പറക്കോട് ശ്രീനി നിർവഹിച്ചു. ജില്ലാ സെക്രട്ടറി ജോർജ്ജ് മാത്യു കൊടുമൺ അദ്ധ്യക്ഷത വഹിച്ചു. പി.രാമചന്ദ്രൻ നായർ(പത്തനംതിട്ട പൗരസമിതി ജനറൽ സെക്രട്ടറി, റജി മലയാലപ്പുഴ(കേരള അൺഎയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗ

(ശേഷം പേജ് 7-ൽ)



കോഴിക്കോട് : പോസ്റ്റ് കാർഡയയ്ക്കൽ സമരം

# അൺഎയ്ഡഡ് അദ്ധ്യാപകരുടെ ആവേശകരമായ സെക്രട്ടേറിയറ്റ് മാർച്ച്



പ്രൊഫ. ബി.ഹൃദയകുമാരി സെക്രട്ടേറിയറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുന്നു

യാതൊരുവിധ തൊഴിൽ സുരക്ഷിതത്വവുമില്ലാതെ, പതിറ്റാണ്ടുകളായി അടിമകളെപ്പോലെ പണിയെടുക്കുകയും നഗ്നമായ തൊഴിൽ ചൂഷണം നേരിടുകയും ചെയ്യുന്ന കേരളത്തിലെ അൺഎയ്ഡഡ് സിബിഎസ്ഇ - സ്റ്റേറ്റ് സിലബസ് അദ്ധ്യാപകർ **കേരളാ അൺഎയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷന്റെ (കെ.യു.എസ്.ടി.ഒ)** നേതൃത്വത്തിൽ ഒറ്റക്കെട്ടായി അണിനിരന്നുകൊണ്ട് തുറന്ന പ്രക്ഷോഭത്തിലേക്ക് നീങ്ങുകയാണ്.

ലക്ഷങ്ങൾ ലാഭം കൊയ്യുന്ന അൺഎയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ തുച്ഛമായ ശമ്പളമാണ് അദ്ധ്യാപകർക്ക് നൽകിവരുന്നത്. സിബിഎസ്ഇ അഫിലിയേഷൻ ബൈലോയും സ്റ്റേറ്റ് സിലബസ് പിന്തുടരുന്ന സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവനവ്യവസ്ഥകളെ സംബന്ധിച്ചുള്ള സർക്കാർ ചട്ടങ്ങളും അവർ കാറ്റിൽപ്പറത്തുന്നു. തുടർച്ചയായി ആറും ഏഴും മണിക്കൂർ പഠിപ്പിക്കുന്ന അദ്ധ്യാപകർ വീടുകളിൽ മടങ്ങിയെത്തിയതിനുശേഷവും ചോദ്യപേപ്പർ തയ്യാറാക്കൽ, വാല്യുവേഷൻ, റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയജോലികൾക്കായി വീണ്ടും മണിക്കൂറുകളോളം പണിയെടുക്കേണ്ടിവരുന്നു. വളരെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഈ അദ്ധ്യാപകരുടെ കഠിനാദ്ധ്വാനത്തിന് ലഭിക്കുന്ന പ്രതിഫലമാകട്ടെ സംസ്ഥാനത്തെ മറ്റേതൊരു തൊഴിലിന് ലഭിക്കുന്നതിനേക്കാളും പരമതുഛവും. തങ്ങൾ കൊടുക്കുന്ന പിച്ചക്കാശിന്റെ തുക പുറംലോകമറിയാതിരിക്കാനായി അദ്ധ്യാപകരിൽ നിന്ന് വാങ്ങിവച്ചിട്ടുള്ള ബ്ലാങ്ക്ചെക്ക് ഉപയോഗിച്ച് മാനേജുമെന്റ് കൃത്രിമതെളിവുകളുണ്ടാക്കുന്നു. അവധി പോലുള്ള അവകാശങ്ങൾ പേരിനുപോലും ഈ മേഖലയിലില്ല. അദ്ധ്വാനത്തിന് അർഹമായ പ്രതിഫലം പോലും നൽകാത്ത ഒരു രംഗത്ത് പി.എഫ്, മെഡിക്കൽ ആനുകൂല്യങ്ങൾ, മറ്റ് ക്ഷേമ അവകാശങ്ങൾ തുടങ്ങിയവയെക്കുറിച്ച് എന്തുപറയാൻ!

അപമാനവും നിന്ദയും മൂലം പൊറുതിമുട്ടിയ ഈ അദ്ധ്യാപകർ ന്യായമായ എന്തെങ്കിലും അവകാശങ്ങൾ ചോദിച്ചുപോയാൽ എത്ര വർഷത്തെ സർവ്വീസുള്ളവരാണെങ്കിലും ഉടൻ പിരിച്ചുവിടുകയാണ് ചെയ്യുന്നത്. ഇപ്രകാരം പിരിച്ചുവിടലിന്റെ ഭീഷണി സർവ്വനേരവും തലക്കുമുകളിൽ തൂങ്ങുന്നതിനാൽ ഇക്കാലമത്രയും നിശബ്ദരായി അൺഎയ്ഡഡ് അദ്ധ്യാപകർ ഈ കൊടിയ ചൂഷണം സഹിക്കുകയായിരുന്നു. ഇത്തവണത്തെ വേനലവധികാലത്ത് ഏതാണ്ട് 700ഓളം അദ്ധ്യാപകരെയാണ് മാനേജുമെന്റുകൾ പുറത്താക്കിയിരിക്കുന്നത്. എറണാകുളം ജില്ലയിൽ പൂത്തോട്ട സ്കൂളിൽ 80ഓളം വരുന്ന അദ്ധ്യാപകരുടെ യോഗം വിളിച്ചുചേർത്ത് 3 ലക്ഷം രൂപ കോഴ നൽകുന്നവർക്ക് മാത്രമേ ശമ്പളം വർദ്ധിപ്പിക്കൂ എന്ന് പരസ്യമായി മാനേജുമെന്റ് പറയുകയുണ്ടയി. അതിനെ ചോദ്യംചെയ്ത അദ്ധ്യാപകനെ കൈയ്യേറ്റം ചെയ്ത് സ്കൂളിൽ നിന്ന് ബലം പ്രയോഗിച്ച് പുറത്താക്കുകയുമുണ്ടായി. ആലപ്പുഴ, മാവേലിക്കരയിൽ പിരിച്ചുവിടപ്പെട്ട അദ്ധ്യാപകർ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് സമ്പാദിച്ചുകൊണ്ട് സ്കൂളിലെത്തിയപ്പോൾ അത് ചവറ്റുകൊട്ടയിലേക്ക് വലിച്ചെറിയുകയാണുണ്ടായത്. അതായത് നിയമവ്യവസ്ഥയെപ്പോലും വെല്ലുവിളിക്കുകയാണ് മാനേജുമെന്റുകൾ. തിരുവനന്തപുരത്താകട്ടെ, മാനേജുമെന്റിന്റെ ധിക്കാരത്തെ ചോദ്യം ചെയ്ത അദ്ധ്യാപകനെ കള്ളക്കേസ്സിൽ കുടുക്കി തുറുങ്കിലടയയ്ക്കുകയാണുണ്ടായത്.

2012 സെപ്തംബർ 14-ന് ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ ഈ രംഗത്ത് നിലനിൽക്കുന്ന ഞെട്ടിപ്പിക്കുന്ന ചൂഷണത്തിന്റെ യഥാർത്ഥ ചിത്രം അവതരിപ്പിക്കുകയുണ്ടയല്ലോ. പ്രസ്തുത വിധിയിൽ ആവശ്യപ്പെട്ടതുപ്രകാരം, ഏറ്റവും മിനിമം ശമ്പളമെങ്കിലും നൽകണമെന്ന സ്ഥിതിയുണ്ടായതിനേത്തുടർന്ന് മാനേജ്മെന്റുകൾ മറ്റ് ചില കുതന്ത്രങ്ങൾ പ്രയോഗിച്ചുതുടങ്ങിയിരിക്കുന്നു. ഒന്ന്, പരമാവധി അദ്ധ്യാപകരെ പിരിച്ചുവിട്ട്, പകരം പുതിയ അദ്ധ്യാപകരെ കോഴ വാങ്ങി നിയമിക്കുക. രണ്ട്, വിദ്യാർത്ഥികളുടെ ഫീസ് വൻതോതിൽ വർദ്ധിപ്പിക്കുക. ഈ രണ്ട് കാര്യങ്ങളും സംസ്ഥാനമെമ്പാടും വ്യാപകമായി അരങ്ങേറുകയാണ് ഇപ്പോൾ.

ഇത്തരമൊരു സാഹചര്യത്തിലാണ് കെ.യു.എസ്.ടി.ഒയുടെ സംസ്ഥാനക്കമ്മിറ്റി എറണാകുളത്ത് യോഗം ചേർന്ന് സെക്രട്ടേറിയറ്റ് മാർച്ച് സംഘടിപ്പിക്കാൻ തീരുമാനിച്ചത്. മാർച്ചിനുമുന്നോടിയായി സംസ്ഥാനത്തിന്റെ പതിനാല് ജില്ലകളിലും വ്യാപകമായ പ്രചരണം സംഘടിപ്പിച്ചു. സർക്കാർ സർവ്വീസിലെ അദ്ധ്യാപകരുടെ ശമ്പളത്തിന് തുല്യമായ ശമ്പളവും മറ്റ് അവകാശങ്ങളും നൽകുക, അന്യായമായ കൂട്ടപിരിച്ചുവിടലും തൊഴിൽ ചൂഷണവും അവസാനിപ്പിക്കുക, അൺഎയ്ഡഡ് അദ്ധ്യാപകർക്കായി നിയമനിർമ്മാണം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നൂറുകണക്കിന് അൺഎയ്ഡഡ് അദ്ധ്യാപകർ മെയ് 18-ന് സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തി. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായാണ് അൺഎയ്ഡഡ് അദ്ധ്യാപകർ അവരുടെ പ്രതിഷേധവുമായി സംസ്ഥാനഭരണകേന്ദ്രത്തിനു മുമ്പിലെത്തിയത്. മാർച്ച്, പാളയം രക്തസാക്ഷിമണ്ഡപത്തിനുമുമ്പിൽ നിന്നുമാരംഭിച്ചു.

സംസ്ഥാനനേതാക്കൾ നയിച്ച ആവേശകരമായ മാർച്ച് സെക്രട്ടേറിയറ്റ് നടയിലെത്തിച്ചേർന്നതിനെത്തുടർന്ന് ധർണ്ണ ആരംഭിച്ചു. പ്രമുഖ അദ്ധ്യാപികയും വിദ്യാഭ്യാസപ്രവർത്തകയുമായ പ്രൊഫ. ഹൃദയകുമാരി സമരപരിപാടി ഉദ്ഘാടനം ചെയ്തു. വിദ്യ അഭ്യസിപ്പിക്കേണ്ട അദ്ധ്യാപകർ, തെരുവിലിറങ്ങി സമരം ചെയ്യേണ്ടിവരുന്നത് ഒരാധുനിക സമൂഹത്തിന് നാണക്കേടാണെന്ന് അവർ അഭിപ്രായപ്പെട്ടു. അൺഎയ്ഡഡ് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കാൻ സർക്കാർ മുൻകൈയെടുക്കണമെന്ന് പ്രൊഫ. ഹൃദയകുമാരി അഭ്യർത്ഥിച്ചു. ഉൽഘാടനസമ്മേളനത്തിൽ കെ.യു.എസ്.ടി.ഒ സംസ്ഥാന പ്രസിഡണ്ട് ജയ്സൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. എ.ഐ.എം.എം.എസ് സംസ്ഥാന സെക്രട്ടറി ഷൈലാ കെ. ജോൺ,കെയുഎസ്ടിയു സംസ്ഥാന വൈസ് പ്രസിഡണ്ട് എം.ഷാജർഖാൻ, ഐ.എൻപി.എ സംസ്ഥാന സെക്രട്ടറിഎസ്.മിനി, സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ കെ. എൻ.ലജീഷ് (വയനാട്), സിജു റ്റി. സി(ഇടുക്കി), സജയ് ജോൺ(പത്തനംതിട്ട), മാർട്ടിൻ പോൾ(തൃശൂർ), ഭാനുരാജ്(കണ്ണൂർ), വർഗീസ് ജേക്കബ്(ആലപ്പുഴ), എ.കെ.റോയി(കൊല്ലം), സുധീർ കെ.ഒ.(എറണാകുളം), ജയശ്രീ (മലപ്പുറം), ഷൈനി ടീച്ചർ(തിരുവനന്തപുരം) എന്നിവർ ധർണ്ണയെ അഭിവാദ്യം ചെയ്തുകൊണ്ട് പ്രസംഗിച്ചു. സംസ്ഥാന സെക്രട്ടറി വിദ്യ ആർ. ശേഖർ സ്വാഗതവും സംസ്ഥാനക്കമ്മിറ്റിയംഗം ഗോപാലകൃഷ്ണൻ നന്ദിയും പ്രകാശിപ്പിച്ചു. അൺഎയ്ഡഡ് മേഖലയിലെ തൊഴിൽ ചൂഷണം അവസാനിപ്പിക്കാനായി, ശരിയായ അവകാശബോധത്തിന്റെ അടിസ്ഥാനത്തിൽ, കെ.യു.എസ്.ടി.ഒയുടെ നേതൃത്വത്തിൻ കീഴിൽ അദ്ധ്യാപകരെ അണിനിരത്തുമെന്ന് പ്രതിജ്ഞ ചെയ്താണ് ഏവരും പിരിഞ്ഞത്.

സെക്രട്ടേറിയറ്റ് മാർച്ചിനുശേഷം സംസ്ഥാനക്കമ്മിറ്റി യോഗം ചേർന്ന് കെയുഎസ്ടിഒ മുന്നോട്ടുവയ്ക്കുന്ന ഡിമാന്റുകളുയർത്തിക്കൊണ്ട് ജൂൺ 13ന് അവകാശദിനമായി ആചരിക്കാനായി തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ പ്രചാരണ പ്രവർത്തനങ്ങൾ ഇപ്പോൾ സംസ്ഥാനമെമ്പാടും നടക്കുകയാണ്. •

# കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി

*(6-പേജിൽ നിന്നും തുടർച്ച)*

നൈസേഷൻ), എസ്. രാധാമണി (എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി), വി.ഡി.സന്തോഷ്(എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ്), രാജേഷ്.സി.രാജു(എഐഡിവൈഒ ജില്ലാ കമ്മറ്റിയംഗം), ജതിൻ.ആർ എന്നിവർ പ്രസംഗിച്ചു.

മദ്യവിരുദ്ധമേഖലയായ ചെങ്ങറ സമരഭൂമിയിൽ നിന്നും നിരവധി പ്രവർത്തകർ പുതിയ പ്രൈവറ്റ് സ്റ്റാന്റിൽ നിന്നുമാരംഭിച്ച പ്രകടനത്തിൽ പങ്കെടുത്തു.

**കൊല്ലം:**

**എക്സൈസ് ഓഫീസിനു മുന്നിൽ ബഹുജന ധർണ്ണ**

മെയ് 17 മുതൽ 23 വരെ നടന്ന സംസ്ഥാന പ്രതിഷേധ വാരാചരണത്തിന്റെ ഭാഗമായി മെയ് 23 ന് കൊല്ലം എക്സൈസ് ഓഫീസിനു മുന്നിൽ കൊല്ലം ജില്ലാ മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ ധർണ്ണ നടത്തി. ധർണ്ണ, സംഘടനയുടെ ജില്ലാ നേതാക്കളിലൊരാളായ ശ്രീ.പി.ബി രാജൻപിള്ള ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന കൺവീനർ ശ്രീമതി ഷൈല കെ.ജോൺ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. കെ.ജോർജ്ജ് പട്ടത്താനം, റ്റി. എൻ.ഗോപി, വിശ്വനാഥപിള്ള, ലക്ഷ്മണൻ ചിറക്കരോട്, വൈ.റോബർട്ട്, എം.എ. ലത്തീഫ്, ഫാദർ ഗീവർഗ്ഗീസ് തരകൻ, ശ്രീമതി വിജയലക്ഷ്മി, റ്റിങ്കിൾ പ്രഭാകരൻ, ബി.രാമചന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു. ധർണ്ണയ്ക്ക് മുന്നോടിയായി കൊല്ലം ടൗണിൽ നടന്ന പ്രകടനത്തിന്,പി.ബി.രാജൻപിള്ള, ജോർജ്ജ് പട്ടത്താനം, എസ്. രാധാകൃഷ്ണൻ, ബി.വിനോദ്, പി.പി പ്രശാന്ത് കുമാർ, എസ്. രാഘവൻ,വി.ആന്റണി , തുടങ്ങിയവർ നേതൃത്വം നൽകി.



കൊല്ലം, കരുനാഗപ്പള്ളി: പോസ്റ്റ്കാർഡ് അയയ്ക്കൽ സമരം

അഞ്ചൽ കരവാളൂർ ജംഗ്ഷനിൽ പ്രതിഷേധവാരത്തോടനുബന്ധിച്ച് പൊതുയോഗം നടത്തി. മേഖലാ സെക്രട്ടറി ജി.ധ്രുവകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം മേഖലാ പ്രസിഡന്റ് പിറവന്തൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ശ്രീ.കരവാളൂർ ജോൺ, ലക്ഷ്മണൻ ചിറക്കരോട്, കെ.മഹേഷ്, എസ്.ഷൈലജ എന്നിവർ പ്രസംഗിച്ചു

മദ്യവിരുദ്ധ ജനകീയ സമരസമിതി കരുനാഗപ്പള്ളി മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കരുനാഗപ്പള്ളി ടൗണിൽ മുഖ്യമന്ത്രിക്ക് പോസ്റ്റ് കാർഡ് അയക്കൽ സമരപരിപാടി നടന്നു. നൂറ് കണക്കിന് വീട്ടമ്മമാരും മറ്റ് ബഹുജനങ്ങളും സമരപരിപാടിയിൽ പങ്കെടുത്തു.

ഖജനാവിലേയ്ക്കുള്ള വരുമാനത്തിന്റെ പേര് പറഞ്ഞ് അനിയന്ത്രിതമായി മദ്യക്കച്ചവടം നടത്തുന്ന സർക്കാർ കുഞ്ഞുങ്ങളെപോലും കുടിയൻമാരാക്കാൻ കൂട്ടുനിൽക്കുകയാണെന്ന് സമരം ഉദ്ഘാടനം ചെയ്ത സമിതി മേഖലാ പ്രസിഡന്റ് പി.ബി.രാജൻപിള്ള അഭിപ്രായപ്പെട്ടു. കുൽസം ബീബി അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ഷൈലാ.കെ.ജോൺ, എസ്.സൗദാമിനി, ഫാത്തിമ്മാ താജുദ്ദീൻ, എം. ബാലൻ, പതിയിൽ പുഷ്പാംഗദൻ, എം.എ.ലത്തീഫ്, ആർ.അജികുമാർ, ഡോ.വിജയലക്ഷ്മി, ഡോ.വിജയനാഥ്, ടിങ്കിൾ പ്രഭാകരൻ തുടങ്ങിയവർ പ്രസംഗിച്ചു. •

# സഖാവ് ശിബ്ദാസ്ഘോഷിന്റെ ചിന്തകൾ ജീവിത ദർശനമാക്കിയ വിപ്ലവകാരി

# സഖാവ് പ്രതിഭാ മുഖർജിക്ക് ലാൽസലാം

(1-ാം പേജിൽ നിന്നും തുടർച്ച)

പ്രതിനിധികളും ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസ്സിന്റെ പ്രമുഖനേതാക്കളും മന്ത്രിമാരുമുൾപ്പെടെ വലിയൊരു പൗരാവലി സ.പ്രതിഭാ മുഖർജിക്ക് അന്ത്യോപചാരമർപ്പിക്കാനെത്തി. കാബിനറ്റംഗമായ ഒരു മന്ത്രി പശ്ചിമബംഗാൾ മുഖ്യമന്ത്രിയുടെ അനുശോചനസന്ദേശവുമായി വന്നു. പ്രമുഖ ഡോക്ടറായ ഡോ.എ.ബി.ദത്തയും അന്ത്യോപചാരമർപ്പിക്കുകയുണ്ടായി. എസ്.യു.സി.ഐ(സി) ജനറൽസെക്രട്ടറി സ.പ്രൊവാഷ് ഘോഷിന് വേണ്ടി സ.ദേബപ്രസാദ് സർക്കാർ റീത്ത് വച്ചു. പോളിറ്റ്ബ്യൂറോ അംഗങ്ങളായ സ.രഞ്ജിത് ധർ, സ.മണിക്മുഖർജി, സ.അസിത് ഭട്ടാചാര്യ എന്നിവരും പുഷ്പചക്രങ്ങളർപ്പിച്ചു. തുടർന്ന് സഖാക്കൾ സ.പ്രതിഭാമുഖർജിയുടെ മൃതദേഹവുമേന്തി വിലാപയാത്രയായി ദക്ഷിണകൊൽക്കത്തയിലെ ശ്മശാനത്തിലേയ്ക്ക് നീങ്ങി. തൊഴിലാളിവർഗ്ഗസാർവ്വദേശീയ ഗാനവും, ജീവിതാന്ത്യം വരെ സ.പ്രതിഭാ മുഖർജി ആരെ അനുഗമിച്ചുവോ ആ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷിനെക്കുറിച്ചുള്ള ഗാനവും ആലപിച്ചുകൊണ്ടായിരുന്നു വിലാപയാത്ര.

മേയ് 24ന് കൽക്കട്ട യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഹാളിൽ വച്ച് അനുസ്മരണയോഗം നടന്നു. സഖാവ് ദേബപ്രസാദ്സർക്കാരിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പോളിറ്റ് ബ്യൂറോ അംഗം സഖാവ് രഞ്ജിത്ധർ, കേന്ദ്രക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ഗോപാൽകുണ്ടു, സൗമൻബസു, ശങ്കർ സാഹ, ഛായാ മുഖർജി തുടങ്ങിയവർ പങ്കെടുത്തു. സ.ശങ്കർസാഹ പാർട്ടി ജനറൽസെക്രട്ടറി സ.പ്രൊവാഷ് ഘോഷിന്റെ പേരിൽ റീത്ത് സമർപ്പിച്ചു. സ.ദേബപ്രസാദ് സർക്കാർ അന്തരിച്ച സഖാവിന് ആദരാഞ്ജലിയർപ്പിച്ചുകൊണ്ടുള്ള പാർട്ടി സംസ്ഥാനകമ്മിറ്റിയുടെ പ്രമേയം വായിച്ചു. സ.സൗമൻ ബസു തന്റെ പ്രസംഗത്തിൽ സ.പ്രതിഭാ മുഖർജിയുടെ വിപ്ലവജീവിതത്തിന്റെയും വിപ്ലവസ്വഭാവത്തിന്റെയും ശ്രദ്ധേയമായ ചില വശങ്ങൾ എടുത്തുപറഞ്ഞു.

സ.ശിബ്ദാസ്ഘോഷിന്റെ ഏറ്റവും ഉറ്റ സഖാവും നമ്മുടെ പാർട്ടിയുടെ മുൻ ജനറൽസെക്രട്ടറിയുമായ അന്തരിച്ച സഖാവ് നിഹാർമുഖർജിയുടെ സഹോദരിയായിരുന്നു പ്രതിഭാമുഖർജി. കൊൽക്കത്തയിലെ പാർട്ടി സെന്ററിൽ തന്റെ സഹോദരനെ സന്ദർശിക്കാനെത്തിയ അവസരത്തിലാണ് അവർ സഖാവ് ശിബ്ദാസ്ഘോഷിനെ പരിചയപ്പെടുന്നത്. ആ ചെറുപ്രായത്തിൽത്തന്നെ അവർ സ.ശിബ്ദാസ്ഘോഷിന്റെ ചിന്തകളിലേയ്ക്കും അദ്ദേഹത്തിന്റെ മഹദ്വ്യക്തിത്വത്തിലേയ്ക്കും ആകൃഷ്ടയാവുകയുണ്ടായി. താമസംവിനാ അവർ പാർട്ടിയിൽ ചേർന്നു. എന്ന് മാത്രമല്ല, തന്റെ സുദീർഘവും സമരതീക്ഷ്ണവുമായ വിപ്ലവജീവിതത്തിൽ കൂടുതൽ കൂടുതൽ ഭാരിച്ച സംഘടനാപരമായ ചുമതലകൾ ഏറ്റെടുത്ത് നിർവഹിച്ചുകൊണ്ട് തന്റെ വിപ്ലവസ്വഭാവമേന്മ തെളിയിക്കുകയും ചെയ്തു.

സ.സൗമൻ ബസു ചൂണ്ടിക്കാട്ടി: സ.പ്രതിഭാമുഖർജിക്ക് തന്റെ വിപ്ലവപ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ എസ്.യു.സി.ഐ(സി)യുടെ യുവകമ്മ്യൂണിസ്റ്റ് ദളമായ കോംസൊമോൾ-ന്റെ ചുമതലയാണ് നൽകപ്പെട്ടത്. കോംസൊമോൾ അംഗങ്ങളെ വളർത്തിക്കൊണ്ടുവരുന്നതിൽ സഖാവ് ശിബ്ദാസ്ഘോഷ് നേരിട്ട് ശ്രദ്ധ പതിപ്പിച്ചിരുന്നു. അത് സഖാവ് പ്രതിഭാ മുഖർജിയെ ഒരു വിപ്ലവകാരിയെന്ന നിലയിൽ അതിവേഗം വളർന്നുവരാൻ സഹായിച്ചു. 1956 കാലഘട്ടത്തിൽ പാർട്ടി നിർദ്ദേശപ്രകാരം, ബിർഭൂം ജില്ലയിൽ പാർട്ടി കെട്ടിപ്പടുക്കുക എന്ന വെല്ലുവിളികൾ നിറഞ്ഞ ഉത്തരവാദിത്തം സധൈര്യം ഏറ്റെടുക്കാൻ സ.പ്രതിഭാമുഖർജി തയ്യാറായി. വൈകാതെ അവർ ആ ജില്ലയിലെ കർഷകരും കർഷകത്തൊഴിലാളികളും ബീഡിത്തൊഴിലാളികളും സാന്താളുകളുൾപ്പെടെയുള്ള ആദിവാസികളുമടങ്ങുന്ന, ഏറ്റവും ദരിദ്രരായ ജനങ്ങളുടെ വിശ്വാസാദരങ്ങൾ സമ്പാദിച്ചു. അവർ സഖാവ് പ്രതിഭാമുഖർജിയെ ദീദിമണി എന്ന് വിളിച്ചു. ബംഗാളി ഭാഷയിൽ അതിന്റെ അർത്ഥം ഏറ്റവും പ്രിയപ്പെട്ട ജ്യേഷ്ഠത്തി എന്നാണ്. അവർ അടിച്ചമർത്തപ്പെട്ടവരും ദരിദ്രരുമായ ആ ജനങ്ങളുടെ ഉള്ളിൽത്തട്ടുന്ന വിധം സ.ശിബ്ദാസ്ഘോഷിന്റെ പാഠങ്ങൾ കൊണ്ടെത്തിച്ച് അവരെ ഉണർത്തി, സുശക്തമായ സമരങ്ങളിൽ അണിനിരത്തി. ജനമർദ്ദകരും ചൂഷകരുമായ ധനികകർഷകരെയും സ്ഥാപിതതാല്പര്യക്കാരെയും അത് വിറളിപിടിപ്പിച്ചു. ധനികകർഷകരുടെ നിർദ്ദേശപ്രകാരം കോൺഗ്രസ്സ് ഗവണ്മെന്റിന്റെ പോലീസ് ആ ദരിദ്രജനങ്ങൾക്കെതിരെ കടുത്ത മർദ്ദനമഴിച്ചുവിടുകയും സ.പ്രതിഭാ മുഖർജിക്കെതിരെ കള്ളക്കേസെടുത്ത് അറസ്റ്റ് വാറണ്ട് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ, ജനങ്ങൾ സധൈര്യം നിലകൊള്ളുകയും തങ്ങളുടെ പ്രിയപ്പെട്ട ദീദിമണിയെ പോലീസിന്റെ ഗൂഢാലോചനയിൽ നിന്നും ആക്രമണങ്ങളിൽ നിന്നും രക്ഷിക്കുകയും ചെയ്തു. അത്തരത്തിലുള്ള അനേകം സംഭവങ്ങളിലൊന്ന് സ.സൗമൻ ബസു വിവരിച്ചു. ഗാങ്തിയ ഗ്രാമത്തിൽ നാടോടികളായ ഒരു ഗോത്രമുണ്ടായിരുന്നു. പരമ്പരാഗതമായി അവർ കൊള്ളക്കാരായിരുന്നു. ധനികകർഷകർക്ക് പേടിസ്വപ്നമായിരുന്നു അവർ. സ.പ്രതിഭാ മുഖർജിയെ മീറ്റിംഗിനെന്ന് പറഞ്ഞ് വിളിച്ചുവരുത്തി കൊലപ്പെടുത്താനായി ധനികകർഷകർ ഒരു കെണിയൊരുക്കിയിരിക്കുന്നതായി അവർ അറിയാനിടയായി. സ്വതവേ നിർഭയയായ സ.പ്രതിഭാ മുഖർജി ആ യോഗത്തിനെത്തിയിരുന്നു. അവിടെ ആ ഗൂഢാലോചനക്കാർ, അപമാനകരമായ ചോദ്യങ്ങളുന്നയിച്ച് സഖാവിനെ പ്രകോപിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഉടനടി മേല്പറഞ്ഞ ഗോത്രക്കാർ യോഗസ്ഥലം വളഞ്ഞു. മിന്നൽവേഗത്തിൽ അവർ സ.പ്രതിഭാ മുഖർജിയെ ഇരുന്നിരുന്ന കസേരയോടുകൂടി അവിടെ നിന്ന് മാറ്റി. അവർ സഖാവിനെ ശകാരിക്കുകയും ചെയ്തു. തങ്ങളുടെ ദീദിമണിയുടെ സുരക്ഷയെപ്പറ്റി അവർക്ക് എന്തുമാത്രം ഉത്കണ്ഠയുണ്ടായിരുന്നുവെന്നാണത് വ്യക്തമാക്കുന്നത്. സഖാവ് മുഖർജി അവരോട് നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് വിശദമായ ഒരു ചർച്ച അവരുമായി നടത്തി. അതിനെത്തുടർന്ന് അവർ തങ്ങളുടെ ക്രിമിനൽ രീതികൾ ഉപേക്ഷിച്ച് പാർട്ടിയുടെ പ്രവർത്തകരായിച്ചേരാൻ തീരുമാനിച്ചു.

സ.പ്രതിഭാ മുഖർജിയുടെ നേതൃത്വപാടവവും ജനസമ്മതിയും സംഘടനാശേഷിയും എല്ലാം അവരുടെ തിരഞ്ഞെടുപ്പ് വിജയത്തിന് സഹായകമായി. 1969 ലെ രണ്ടാം ഐക്യമുന്നണി ഗവണ്മെന്റിൽ അവർ മന്ത്രിയായിരുന്നു. പിൽക്കാലത്ത് അവർ കെ.കെ.എം.എസിലും ആൾ ഇൻഡ്യ യു.റ്റി.യു.സിയിലും ഉത്തരവാദിത്തങ്ങൾ വഹിക്കുകയും അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ പ്രസിഡന്റായി പ്രവർത്തിക്കുകയും ചെയ്തു.

എസ്.യു.സി.ഐ(സി) അധികം അറിയപ്പെടാതിരുന്ന ഒരു കാലത്താണ് സ.ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളാൽ സായുധയായി സ.പ്രതിഭാമുഖർജി, പാർട്ടി ഏല്പിച്ച ഉത്തരവാദിത്തങ്ങൾ നിർവഹിച്ചത്. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിശ്വാസത്തിന്റെയും പിന്തുണയുടെയും ബലത്തിൽ പാർട്ടിക്ക് കൂടുതൽ ഫലപ്രദമായി വർഗ്ഗ-ബഹുജനസമരങ്ങൾ നയിക്കാൻ കഴിയുന്ന ഇക്കാലത്ത് അന്നത്തെ അപേക്ഷിച്ച് എത്രയോ ബുദ്ധിമുട്ട് കുറവാണ്. സ.പ്രതിഭമുഖർജിയുടെ ജീവിതത്തിൽ നിന്ന് പാഠമുൾക്കൊണ്ട് പുതിയ പുതിയ മേഖലകളിൽ പാർട്ടിസംഘടന കെട്ടിപ്പടുക്കാൻ സധീരം മുന്നോട്ട് വരുകയെന്നത് ഇന്ന് എല്ലാ സഖാക്കളുടെയും, വിശിഷ്യ യുവ സഖാക്കളുടെ, കർത്തവ്യമാണ്. അന്തരിച്ച നേതാവിന് ആദരാഞ്ജലിയർപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം അതാണ് - സ.സൗമൻ ബസു പറഞ്ഞു. ●

# മത്സ്യസംസ്കരണത്തൊഴിലാളികൾ ലേബർ ഓഫീസ് മാർച്ച് നടത്തി

**ചെ**മ്മീൻ പീലിംഗ് അടക്കമുള്ള മത്സ്യ സംസ്കരണ തൊഴിലാളികൾക്ക് 2010ൽ സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി നടപ്പിലാക്കുക, കയറ്റുമതി സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അരൂർ മേഖലയിലെ പീലിംഗ് തൊഴിലാളികളും കയറ്റുമതി സ്ഥാപനങ്ങളിലെ തൊഴിലാളികളും ചേർന്ന് ചേർത്തല ലേബർ ഓഫീസ് മാർച്ച് നടത്തി. തുടർന്ന് ലേബർ ഓഫീസിനു മുൻപിൽ നടന്ന ധർണ്ണ കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് രേവമ്മ ചന്ദ്രൻ, അഡ്വ.എം.എ. ബിന്ദു, കെ.പി. മനോഹരൻ, എൻ.കെ. ശശികുമാർ, കെഎംഎസ്ടിയു ജില്ലാ ജോയിന്റ് സെക്രട്ടറി വസന്ത ബാലചന്ദ്രൻ, കയറ്റുമതി വിഭാഗം അരൂർ മേഖലാ സെക്രട്ടറി പി.കൃഷ്ണകുമാർ, വൈസ് പ്രസിഡന്റ് വി.കെ. ചന്ദ്രൻ, കേരള മത്സ്യബന്ധന തൊഴിലാളി യൂണിയൻ അരൂർ മേഖലാ സെക്രട്ടറി കെ.കെ. വിക്രമൻ എന്നിവർ ധർണ്ണയെ അഭിസംബോധന ചെയ്തു.

40 വർഷത്തിലേറെയായി ഇവിടുത്തെ തൊഴിലാളികൾ അനുഭവിച്ചുവരുന്ന അളവിലെ കൃത്രിമം, തൊഴിലാളികളോടുള്ള പെരുമാറ്റ ദൂഷ്യം, സേവന വേതന വ്യവസ്ഥകളിലെ ലംഘനം, നഷ്ടപരിഹാരം നൽകാതെയുള്ള പിരിച്ചുവിടൽ തുടങ്ങിയ നിരവധിയായ പ്രശ്നങ്ങൾ തുടരുകയാണ്. മത്സ്യ സംസ്കരണ കയറ്റുമതി സ്ഥാപനങ്ങളിലെ അവസ്ഥ ഇതിലും ദയനീയമാണ്. കുറഞ്ഞ വേതനവും കൂടുതൽ ജോലിയും ശമ്പളം കൂടാതെയുള്ള ഓവർ ടൈം ജോലിയും, മുന്നറിയിപ്പോ ന്യായമായ നഷ്ടപരിഹാരമോ നൽകാതെയുള്ള പിരിച്ചുവിടലും ലേബർ കോൺട്രാക്ട് വ്യവസ്ഥയിൽ യാതൊരു സുരക്ഷിതത്വമോ ഉത്തരവാദിത്തമോ കമ്പനി ഏറ്റെടുക്കാതെ അന്യസംസ്ഥാന തൊഴിലാളികളെ അടക്കം ഉപയോഗിച്ച് തൊഴിൽ ചെയ്യിക്കുന്ന അവസ്ഥയുമാണ് ഇവിടെ നിലനിൽക്കുന്നത്. ഈയൊരു പശ്ചാത്തലത്തിലാണ് തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ അമ്പലപ്പുഴ താലൂക്കിലെ വിജയം വരിച്ച സമരങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് അരൂർ മേഖലയിലും തൊഴിലാളികൾ സംഘടിക്കുന്നത്. ചേർത്തല കെഎസ്ആർടിസി സ്റ്റാൻഡിനു സമീപത്തുനിന്നും ആരംഭിച്ച പ്രകടനത്തിന് സിന്ധു മധു, സരസി രാജൻ, സിന്ധു ധർമ്മജൻ, മഹേശ്വരി മണിയൻ, രാജമ്മ ശശി, റോസ്‌ലി സന്ധ്യാവ്, ഗ്രേസി സന്തോഷ്, തിലക നടേശൻ എന്നിവർ നേതൃത്വം നൽകി. ●



കെഎംഎസ്ടിയു സംഘടിപ്പിച്ച ചേർത്തല എഎൽഒ ഓഫീസ് മാർച്ച് സംസ്ഥാന ജനറൽ സെക്രട്ടറി സ.എസ് സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

# റെയിൽവേ മേൽപ്പാലനിർമ്മാണം ആവശ്യപ്പെട്ട് കുണ്ടറയിൽ പ്രകടനവും കൂട്ടധർണ്ണയും.



ധർണ്ണ ഫ്രാൻസിസ് കളത്തുങ്കൽ ഉദ്ഘാടനം ചെയ്യുന്നു

**കു**ണ്ടറയിലെ റെയിൽവേ മേൽപ്പാലങ്ങൾ ഉടനടി പണിയുക, മേൽപ്പാല നിർമ്മാണത്തിന് ഭൂമി നഷ്ടപ്പെടുന്നവർക്ക് കാലോചിതമായ പുനരധിവാസ പദ്ധതി നടപ്പാക്കുക, റെയിൽവേ സമാന്തര റോഡുകൾ സഞ്ചാരയോഗ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കൊല്ലം കുണ്ടറയിൽ ജനകീയ പ്രതിരോധ സമിതി കുണ്ടറ മേഖലാകമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രകടനവും ധർണ്ണയും നടത്തി.

കുണ്ടറ മേഖലാ പ്രസിഡന്റ് എ.ജെയിംസ് അദ്ധ്യക്ഷത വഹിച്ചു. മൂലമ്പിള്ളി സമരനായകൻ ഫ്രാൻസിസ് കളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. എം.എം.കെമാൽ സ്വാഗതം പറഞ്ഞു. കെ.ഒ.മാത്യു പണിക്കർ(പ്രസിഡന്റ്, കുണ്ടറ പൗരസമിതി), വി.ശിവരാമൻ (പ്രസിഡന്റ്,ഗ്രന്ഥകൈരളി), ശിവൻവേളിക്കാട് (ജനറൽകൺവീനർ,മേൽപ്പാല നിർമ്മാണ ആക്ഷൻ കൗൺസിൽ), ജി.എസ്.മോഹനചന്ദ്രൻ(പ്രസിഡന്റ്, ജനകീയവേദി), സതീഷ് വർഗ്ഗീസ് (പ്രസിഡന്റ്,കൂട്ടുകുടുംബം റസിഡന്റ്സ് അസ്സോസിയേഷൻ), കെ.വി.മാത്യു(കൺവീനർ, അംബിപൊയ്ക വികസനസമിതി), സി.സുവർണ്ണ(പ്രസിഡന്റ്, സാധുജന നീതി സംരക്ഷണ സമിതി), സോഫിയ ഐസക്(പ്രസിഡന്റ്, സീനിയർ സിറ്റിസൺഫോറം), വൈ. റോബർട്ട്(ജനറൽ സെക്രട്ടറി, മാനിഷാദ), കോശി അലക്സ് (സചിന്ത, കിഴക്കേകല്ലട), ഫാദർ ഗീവർഗ്ഗീസ് തരകൻ(മദ്യവിരുദ്ധ ജനകീയ സമരസമിതി), ഡോ. പ്രൊഫ.വെള്ളിമൺ നെൽസൺ, എൻവിജയകൃഷ്ണൻ, എസ്.രാധാകൃഷ്ണൻ, ഡോ. ജി.വിക്രമൻപിള്ള എന്നിവർ പ്രസംഗിച്ചു. വി.ആന്റണി കൃതജ്ഞത പറഞ്ഞു.

# നഴ്സുമാരും രക്ഷിതാക്കളും സെക്രട്ടേറിയറ്റ് ധർണ്ണ നടത്തി

വിദ്യാഭ്യാസ വായ്പയുടെ പലിശ പൂർണ്ണമായും എഴുതിത്തള്ളുക, വിദ്യാഭ്യാസ വായ്പയിൻമേലുള്ള ജപ്തി നടപടികൾ എന്നെന്നേക്കുമായി അവസാനിപ്പിക്കുക, ഡോ.എസ്. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് ഉടൻ നടപ്പിലാക്കുക തുടങ്ങിയ ഡിമാന്റുകളുന്നയിച്ചുകൊണ്ട് നഴ്സുമാരും രക്ഷിതാക്കളും മേയ് 15 ന് സെക്രട്ടേറിയറ്റ് ധർണ്ണ നടത്തി. ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന ധർണ്ണ മനുഷ്യാവകാശ കമ്മീഷൻ മുൻ ചെയർമാൻ ഡോ.എസ്. ബലരാമൻ ഉദ്ഘാടനം ചെയ്തു.

സ്വകാര്യ ആശുപത്രികളിൽ അടിമകളെപ്പോലെയാണ് നഴ്സുമാർ പണിയെടുക്കുന്നത്. പല സ്ഥലങ്ങളിലും നഴ്സുമാർ വസ്ത്രം മാറുന്ന മുറികളിൽ ഒളിക്യാമറയാണ്. ഇവിടങ്ങളിലെ നിയമനങ്ങൾ നിയമവിധേയമല്ല. കേരളത്തിലെ എഴുനൂറോളം സ്വകാര്യ ആശുപത്രികളിൽ സർക്കാർ നിയോഗിച്ചതനുസരിച്ച് നടത്തിയ തെളിവെടുപ്പിൽ കണ്ട കാഴ്ചകൾ ഞെട്ടിപ്പിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ വായ്പയും പലിശയും എഴുതിത്തള്ളണം. നഴ്സ്മാരുടെ ജോലി സമയം ക്രമീകരിക്കണം. കൂടുതൽ സമയം പണിയെടുപ്പിക്കേണ്ടിവന്നാൽ ആനുകൂല്യങ്ങളും അവധികളും അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പെട്ടെന്നുണ്ടായ ആരോഗ്യപ്രശ്നങ്ങൾ കാരണം എത്തിച്ചേരാൻ കഴിയാതിരുന്ന ഡോ.എസ്. ബലരാമൻ ടെലഫോണിലൂടെയാണ് ഉദ്ഘാടനപ്രസംഗം നിർവ്വഹിച്ചത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി നൂറുകണക്കിന് രക്ഷിതാക്കൾ ധർണ്ണയിൽ പങ്കെടുത്തു. സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന കൺവീനർ മിനി കെ.ഫിലിപ്പ്, മെഡിക്കൽ സർവ്വീസ് സെന്റർ സംസ്ഥാന പ്രസിഡന്റ് ഡോ. കെ. ഹരിപ്രസാദ്, കെ. ജെ. ജോസഫ്, എസ്.രാഘവൻ, മേരി എബ്രഹാം, എസ്. രാധാമണി, ശശിധരൻ.പി, എൻ.ആർ. മോഹൻ കുമാർ, നന്ദനൻ, വിൽസൺ, കേരളാ അൺ-എയിഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ



ഐഎൻപിഎ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു

സംസ്ഥാന ജനറൽ സെക്രട്ടറി വിദ്യ.ആർ. ശേഖർ എന്നിവർ സംസാരിച്ചു. കെ.ജെ.ഷീല, റ്റോമി ജോർജ്ജ്, വിനോദ്കുമാർ എൻ, ജോസഫ് കാവാലം, പ്രശാന്ത് വിജയൻ, മേരി തോമസ്, ഡി.ഹരികൃഷ്ണൻ, പ്രസന്നാ സുകുമാരൻ, രാജപ്പൻ എന്നിവർ ധർണ്ണക്ക് നേതൃത്വം നൽകി.

ഐഎൻപി എ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി എസ്. മിനി സ്വാഗതവും തിരുവനന്തപുരം ജില്ലാ കോ-ഓർഡിനേറ്റർ ജി.ആർ.സുഭാഷ് കൃതജ്ഞതയും രേഖപ്പെടുത്തി. ●

## നിരാലംബരെ തെരുവിലെറിഞ്ഞ് ബി.ഒ.ടിക്കുവേണ്ടിയുള്ള ഭൂമി പിടിച്ചെടുക്കൽ

(5-ാം പേജിൽ നിന്നും തുടർച്ച)

ഐ(എം), സിപിഐ പാർട്ടികളുടെ മൗന സമ്മതത്തോടെയാണെന്ന് ഈ സംഭവവികാസങ്ങൾ വ്യക്തമാക്കുന്നു.

നവലിബറൽ നയങ്ങളുടെ ഭാഗമായി പൊതുനിരത്തുകൾ ബി.ഒ.ടി. യാക്കി സ്വകാര്യവൽക്കരിക്കുവാൻ വേണ്ടി മാത്രമാണ് 45 മീറ്റർവീതിയിൽ ഭൂമി ഏറ്റെടുക്കുന്നത്. കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്നവരുൾപ്പെടെയുള്ള ബഹുജനങ്ങൾ ബി.ഒ.ടിക്കും കുടിയൊഴിപ്പിക്കലിനുമെതിരെ ആറുവർഷത്തിലേറെയായി നടത്തുന്ന ഈ ജനകീയ സമരം കേരള മന:സാക്ഷി ഒന്നടങ്കം ഏറ്റെടുത്തതാണ്. എന്നാൽ, തങ്ങൾ ബി.ഒ.ടി.പദ്ധതിയെ നയപരമായി എതിർക്കുന്നുവെന്നും അതേസമയം ബി.ഒ.ടിക്ക് ഭൂമി വിട്ടുകൊടുക്കുവാൻ എതിരല്ലെന്നുമാണ് എൽഡിഎഫ് പ്രചാരണം നടത്തിയത്.

സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഇതുവരെ ഒരു പാക്കേജും പ്രഖ്യാപിച്ചിട്ടില്ലയെന്നതാണ് വസ്തുത. എന്നാൽ കളക്ടർ മെച്ചപ്പെട്ട പാക്കേജു പ്രഖ്യാപിച്ചിട്ടുണ്ടെന്നും അത് വാങ്ങിക്കൊടുക്കുമെന്നും സിപിഐ.(എം), സിപിഐ. നേതാക്കളും അവരുടെ എം.എൽ. എ മാരും പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത്തരം ഉറപ്പുകളിലൂടെയാണ് മണ്ണുത്തിയിലെ രണ്ടായിരത്തിലേറെ കുടുംബങ്ങൾ തെരുവാധാരമായതും പാലിയേക്കരയിൽ ഭീമമായി ടോൾ പിരിക്കുന്നതും.

ഭരണകൂട ഭീകരതക്കെതിരെ സർവ്വ ശക്തിയും സമാഹരിച്ച് കൂടുതൽ ഐക്യത്തോടെ കരുത്തുറ്റ സംഘടിതമായ സമരപരിപാടികളുമായി മുന്നോട്ടു പോകുവാൻ എൻ. എച്ച്17 ആക്ഷൻ കൗൺസിലും സമരത്തിനോടൊപ്പം നിൽക്കുന്ന സാമൂഹ്യ-രാഷ്ട്രീയ സംഘടനകളും തീരുമാനിച്ചിരിക്കുകയാണ്. പോലീസ് തേർവാഴ്ചക്കെതിരെ എൻ.എച്ച്. 17 ആക്ഷൻ കൗൺസിലും എൻഎച്ച്. 17 സംയുക്ത സമരസമിതിയും ആഹ്വാനം ചെയ്ത തീരദേശ ഹർത്താൽ ജനങ്ങൾ പൂർണ്ണമനസ്സോടെയാണ് സ്വീകരിച്ചത്.

ഭൂസർവ്വേ ഉടൻ നിർത്തിവയ്ക്കുക, പോലീസ് അതിക്രമം അവസാനിപ്പിക്കുക അല്ലെങ്കിൽ ഞങ്ങളെ മുഴുവൻ അറസ്റ്റ് ചെയ്യുക എന്ന മുദ്രാവാക്യം ഉയർത്തികൊണ്ട് കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്നവരുടെ സമര സംഘടനയായ എൻ. എച്ച്.17 ആക്ഷൻ കൗൺസിലിനോടൊപ്പം എൻ.എച്ച്. 17 സംയുക്ത സമരസമിതി, എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്), ജനകീയ പ്രതിരോധ സമിതി, വെൽഫെയർ പാർട്ടി, എസ്.ഡി.പി.ഐ, എസ്. ജെ. ഡി, ദേശീയപാത സംരക്ഷണ സമിതി, കുടിയൊഴിപ്പിക്കൽ-സ്വകാര്യവൽക്കരണ വിരുദ്ധ സമിതി, സോളിഡാരിറ്റി, സി.പി.ഐ.(എം.എൽ), ആർ.വൈ.എഫ്.ഐ, മനുഷ്യാവകാശ കൂട്ടായ്മ എന്നീ സംഘടനകളും ശക്തിയായി സമരരംഗത്തുണ്ട്.

### കൊടുങ്ങല്ലൂർ

നിരാലംബരായ രണ്ട് സഹോദരിമാരുടെ പരാതികൾക്കും കണ്ണീരിനും വിലകല്പിക്കാതെ ദേശീയപാതാ അതോറിറ്റി അവരെ വീടിടിച്ചുനിരത്തി തെരുവിലെറിഞ്ഞു. പരേതരായ അദ്ധ്യാപക ദമ്പതിമാരുടെ മക്കളായ അജിതകുമാരിക്കും കൃഷ്ണകുമാരിക്കുമാണ് ഈ ദുർവിധി വന്നത്. ദേശീയപാതയ്ക്കുവേണ്ടി ബൈപ്പാസ് നിർമ്മിക്കുവാൻ ഭൂമിയേറ്റെടുത്തപ്പോൾ ഇവരൊഴികെ ബാക്കിയെല്ലാവരും കുടിയൊഴിഞ്ഞിരുന്നു. അവിവാഹിതരായ ഇവർക്ക് കേറിക്കിടക്കുവാൻ മറ്റൊരിടമില്ലാതിരുന്നതിനാൽ സ്വന്തം വീട്ടിൽ നിന്നും ഇവർ മാത്രം കുടിയൊഴിഞ്ഞില്ല.

സർക്കാരിന് ധാരാളം പദ്ധതികളും പാക്കേജുകളും ഉണ്ടെങ്കിലും ഒന്നും ദേശീയപാതക്ക് ഭൂമിയേറ്റെടുക്കലിന് ബാധകമല്ലാത്തിനാൽ പുനരധിവാസം അർഹരായവർക്ക് ലഭിക്കില്ല എന്ന അവസ്ഥയാണുള്ളത്. തെരുവിലായ ഇവർക്ക് ആശ്രയമായി പല സുമനസ്സുകളും എത്തി. പണവും താമസ സൗകര്യങ്ങളും വാഗ്ദാനം ചെയ്തു. എന്നാൽ അത്തരം സഹതാപങ്ങൾക്കോ ഔദാര്യങ്ങൾക്കോ അവർ വശംവദരായില്ല. പകരം തങ്ങൾക്ക് ആകെയുണ്ടായിരുന്ന 7 സെന്റ് ഭൂമി തട്ടിയെടുക്കുകയും വീട് ഇടിച്ചു തകർക്കുകയും ചെയ്ത തെരുവിലേക്കെറിഞ്ഞ സർക്കാരിനെതിരെ നിലകൊള്ളാനാണ് ഇവർ തീരുമാനിച്ചത്. ജനകീയ പ്രതിരോധ സമിതിയുടെ മേഖലാ കൺവീനർ എ.വി.ബെന്നി, മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി സുജ ആന്റണി, ടി.ജി.മായ, ശ്രീജ നന്ദൻ, എ.ഐ.ഡി.വൈ.ഒ. ജില്ലാ ജോ.കൺവീനർ സി.എസ്.കൃഷ്ണകുമാർ എന്നിവർ മുൻകൈയെടുത്ത് കൊടുങ്ങല്ലൂർ വടക്കേനടയിൽ പ്രതിഷേധ യോഗം നടത്തി. ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറിയും എൻ എച്ച് 17 ആക്ഷൻകൗൺസിൽ ജനറൽ കൺവീനറുമായ ടി.കെ. സുധീർകുമാർ യോഗം ഉൽഘാടനം ചെയ്തു. അവരെ വഴിയാധാരമാക്കിയ സർക്കാർ തന്നെ അവർക്ക് പാർപ്പിടം ഉണ്ടാക്കിക്കൊടുക്കണമെന്നും അതുവരെ അവരെ സംരക്ഷിക്കേണ്ടത് സർക്കാരാണെന്നുംണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അന്ന് രാത്രിയിലും പിറ്റേന്നു പകൽ ഉച്ചവരെയും പോലീസ് സ്റ്റേഷനിൽ അവർ കുത്തിയിരിപ്പു സത്യഗ്രഹം തുടർന്നു. പരിസ്ഥിതി പ്രവർത്തകനായ പി.കെ.ധർമ്മരാജ്, അജിതൻ എൻ.വി, പി.എ.കുട്ടപ്പൻ ഉൾപ്പെടെയുള്ള മനുഷ്യാവകാശ

(ശേഷം പേജ് 12-ൽ)

## ചെങ്ങറയിൽ കുട്ടികളുടെ ക്യാമ്പ്

കുട്ടികളുടെ പ്രസ്ഥാനമായ പ്രചോദനയുടെ ആഭിമുഖ്യത്തിൽ ചെങ്ങറ സമരഭൂമിയിൽ കുട്ടികളുടെ ക്യാമ്പ് നടന്നു. പ്രചോദന സംഘടിപ്പിച്ച അഞ്ചാമത് ക്യാമ്പാണ് മെയ് 23ന് നടന്നത്. ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ആർ. ബിജു ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സുമി ബാബു അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ മിനി കെ.ഫിലിപ്പ്, സോമരാജൻ, അപർണ്ണ.ആർ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് നടന്ന ക്ലാസ്സിൽ പ്രശസ്ത സാഹിത്യകാരനും ജ്ഞാനപീഠ പുരസ്കാര ജേതാവുമായ എസ്.കെ. പൊറ്റെക്കാട്ടിനെ ഇ.വി.പ്രകാശ് പരിചയപ്പെടുത്തി.

ബിനുബേബി, ശ്രീകാന്ത് വേണുഗോപാൽ, വിദ്യ ആർശേഖർ എന്നിവർ നേതൃത്വം നൽകിയ ചിത്രരചന പരിശീലന കളരിയും അപർണ്ണ ആർ, അരവിന്ദ് വി. എന്നിവർ നേതൃത്വം നൽകിയ നാടക പരിശീലന കളരിയും സംഘടിപ്പിക്കപ്പെട്ടു. പാവപ്പെട്ടവരുടെ വിദ്യാഭ്യാസ അവകാശങ്ങൾക്കുവേണ്ടി പോരാടിയ മഹാനായ അയ്യൻകാളിയുടെ ജീവിതത്തെ ആസ്പദമാക്കി തയ്യാറാക്കി ക്യാമ്പിൽ പരിശീലിച്ച നാടകം സമാപന സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടു.

വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ രേവതി എം. കെ.അദ്ധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറിയും പ്രശസ്ത ചിത്രകാരനുമായ ബിനു ബേബി സമാപന സന്ദേശം നൽകി. അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി എസ്.രാധാമണി, അഖിൽ മുരളി, മീനാക്ഷി ആർ, ജതിൻ ആർ, നിഖില മുരളി, മീര ജെ, രഘുനാഥ്, ശ്രീകാന്ത് വേണുഗോപാൽ എന്നിവരും പ്രസംഗിച്ചു. ശാരി കൃഷ്ണ സ്വാഗതവും സുമി ബാബു കൃതജ്ഞതയും രേഖപ്പെടുത്തി. ●



എഐഡിവൈഒ സംസ്ഥാനസെക്രട്ടേറിയറ്റംഗം ആർ.ബിജു ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു

## തൃണമൂൽ തനിനിറം വെളിവാക്കുന്നു

# ബംഗാളിൽ വിദ്യാർത്ഥി – യുവജന – വനിതാ റാലിക്കുനേരെ മൃഗീയമായ പോലീസ് ലാത്തിച്ചാർജ്ജ്

**പ**ശ്ചിമബംഗാളിൽ കഴിഞ്ഞ രണ്ടുവർഷമായി അധികാരത്തിലിരിക്കുന്ന തൃണമൂൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള സർക്കാർ മറ്റേതൊരു ബൂർഷ്വാ സർക്കാരിനെയുംപോലെ മുൻ സി.പി.ഐ(എം) സർക്കാരിന്റെ അതേ കാലടികളാണ് പിന്തുടരുന്നത്. തൃണമൂൽ കോൺഗ്രസ്സ് നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നാലും നയ–സമീപനങ്ങളുടെ കാര്യത്തിൽ കാതലായ ഒരു മാറ്റവും സംഭവിക്കില്ലെന്ന മുന്നറിയിപ്പ് പൊതുജനസമക്ഷം നാം വളരെ മുമ്പേ അവതരിപ്പിച്ചിരുന്നു. എന്നിട്ടും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തൃണമൂലിനെ എസ്.യു.സി.ഐ(സി) പിന്തുണച്ചു. എന്തുകൊണ്ട്?

സിംഗൂരിലും നന്ദിഗ്രാമിലും സ്വന്തം പാർപ്പിടവും കൃഷിഭൂമിയും സംരക്ഷിക്കുവാനായി കർഷകർ അങ്ങേയറ്റം ജനാധിപത്യപരമായി നടത്തിയ സമരത്തെ ഒരുപക്ഷേ കോൺഗ്രസ്സ്, ബി.ജെ.പി പോലുള്ള ബൂർഷ്വാ സർക്കാരുകൾപോലും ചെയ്യാൻ മടിക്കുംവിധം അതിനിഷ്ഠുരമായാണ് സി.പി.ഐ(എം) അടിച്ചമർത്താൻ ശ്രമിച്ചത്. നിരവധി പേരെ കൂട്ടക്കൊല ചെയ്തു. സ്ത്രീകളെ കൂട്ട ബലാൽസംഗത്തിന് ഇരയാക്കി. ഫാസിസ്റ്റ് ശൈലിയിലുള്ള ആ ഭരണം വീണ്ടും തുടരുവാൻ അനുവദിച്ചാൽ ജനാധിപത്യ ബഹുജന പ്രക്ഷോഭണങ്ങൾക്ക് വലിയ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുമെന്നും പാർട്ടി വിലയിരുത്തുകയുണ്ടായി. മുതലാളിമാരുടെ ആശീർവാദത്തോടെ, കോൺഗ്രസ്സിന്റെ പരോക്ഷമായ പിന്തുണയോടെയാണ് കഴിഞ്ഞ 34 വർഷമായി സി.പി.ഐ(എം) ബംഗാൾ ഭരിച്ചത്. അധികാരദുരയും ആരെയും വകവയ്ക്കാത്ത ഏകാധിപത്യ രീതികളും അഴിമതിയും സി.പി.ഐ(എം) ഭരണത്തിന്റെ മുഖമുദ്രയായിരുന്നു. സി.പി.ഐ(എം)–ഗൂണ്ടാ കൂട്ടുകെട്ടിനെ ഭയന്നാണ് ജനങ്ങൾ ജീവിതം തള്ളിനീക്കിയത്. സി.പി.ഐ(എം)–ന്റെ ഈ അഹന്തയ്ക്കും ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ടുള്ള ഭരണത്തിനും ഒരു വിരാമമിടേണ്ടത് ബംഗാളിലെ ജനാധിപത്യാന്തരീക്ഷത്തിനുതന്നെ അനുപേക്ഷണീയമായിരുന്നു. കഴിഞ്ഞ 34 വർഷവും പ്രതിപക്ഷത്തുനിന്നുകൊണ്ട് ജനങ്ങളോടൊപ്പംനിലകൊണ്ട പ്രസ്ഥാനമാണ് എസ്‌യുസിഐ(സി). എന്നാൽ, സിംഗൂർ–നന്ദിഗ്രാം സമരത്തിന് മുമ്പ് സിപിഐ(എം)നെ അധികാരത്തിൽനിന്നും പുറത്താക്കുകയെന്ന നിലപാട് നമ്മുടെ പാർട്ടി ഒരു കാലത്തും സ്വീകരിച്ചിരുന്നില്ല.

നന്ദിഗ്രാം–സിംഗൂർ സമരത്തിൽ എസ്‌യുസി.ഐ(സി) വിപ്ലവകരമായ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പങ്കെടുത്തത്. സമരരംഗത്ത് വന്നിട്ടുള്ള ജനങ്ങളിൽ രാഷ്ട്രീയ പ്രബുദ്ധത വളർത്തിയെടുക്കുക, ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കാൻ ജനങ്ങളുടെ മുന്നിലുള്ള ഒരേയൊരു മാർഗ്ഗമെന്ന നിലയിൽ ജനകീയ പ്രക്ഷോഭണത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുക തുടങ്ങിയവയായിരുന്നു എസ്.യു.സി.ഐ(സി) യുടെ ലക്ഷ്യങ്ങൾ. കക്ഷി–രാഷ്ട്രീയത്തിനും ജാതി–മത പരിഗണനകൾക്കും അതീതമായി ജനകീയ സമരക്കമ്മറ്റികൾക്ക് രൂപംകൊടുത്തുകൊണ്ട് പ്രക്ഷോഭം വളർത്തിയെടുക്കുകയെന്നതായിരുന്നു തുടക്കംമുതൽ നമ്മൾ സ്വീകരിച്ച മാർഗ്ഗം.

തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടാണ് തൃണമൂൽ കോൺഗ്രസ് പ്രക്ഷോഭത്തിൽ പങ്കാളിയായത്. സിപിഐ(എം)–നെതിരെയുള്ള ജനവികാരം ഉപയോഗപ്പെടുത്തിക്കൊണ്ട് പരമാവധി തെരഞ്ഞെടുപ്പ് നേട്ടം ഉണ്ടാക്കുക. മാധ്യമങ്ങൾക്ക് സ്വീകാര്യമായ ബൂർഷ്വാ പ്രസ്ഥാനമന്ന നിയിൽ തൃണമൂൽ കോൺഗ്രസ് നന്ദിഗ്രാം–സിംഗൂർ സമരത്തിൽ പങ്കാളിയായതോടെ മാധ്യമങ്ങൾ അതിന് വൻതോതിലുള്ള പ്രചരണം നൽകി.

നന്ദിഗ്രാം–സിംഗൂർ സമരത്തിന്റെ തുടർച്ചയെന്ന നിലയിൽ തെരഞ്ഞെടുപ്പ് പോരാട്ടത്തിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവന്നു. സമരം ചെയ്യുന്ന ജനങ്ങൾക്കിടയിൽ നന്ദിഗ്രാം–സിംഗൂർ സമരത്തിന്റെ ആവേശം നിലനിർത്തുക, തെരഞ്ഞെടുപ്പിൽ സി.പി.ഐ(എം)നെ പരാജയപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെയാണ് തൃണമൂലുമായി സഖ്യമുണ്ടാക്കുവാൻ എസ്‌യുസിഐ(സി) തീരുമാനിച്ചത്. കൃത്യമായ ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അത്തരമൊരു സഖ്യം നിലവിൽ വന്നത്.

അധികാരത്തിൽ വന്നാൽ സിപി.ഐ(എം)–നെപ്പോലെ ജനാധിപത്യ–ബഹുജനസമരങ്ങളെ പോലീസിനെ ഗുണ്ടകളെയും ഉപയോഗിച്ച് അടിച്ചമർത്തില്ല. മാർക്സിസത്തിനും കമ്മ്യൂണിസത്തിനുമെതിരെ പ്രചരണം നടത്തില്ല. കോൺഗ്രസ്സും ബി.ജെ.പിയുമായി സഖ്യമുണ്ടാക്കില്ല തുടങ്ങിയവയായിരുന്നു ആ പൊതുതീരുമാനം. എന്നാൽ ഈ ഒത്തുതീർപ്പിന്റെ പല വ്യവസ്ഥകളും തൃണമൂൽ തുടക്കത്തിൽത്തന്നെ കാറ്റിൽപ്പറത്തുകയുണ്ടായി. എന്നിട്ടും സഖ്യത്തിൽനിന്നും നാം പിൻമാറിയില്ല. എന്തെന്നാൽ, ബംഗാളിലെ ജനാധിപത്യ ബഹുജനപ്രക്ഷോഭണത്തിന്റെ മുന്നോട്ടുള്ള പോക്കിന് സിപി.ഐ(എം)–നെ താൽക്കാലികമായെങ്കിലും അധികാരത്തിൽനിന്ന് മാറ്റിനിർത്തേണ്ടത് അനിവാര്യമായിരുന്നു.

തൃണമൂൽ കോൺഗ്രസ്സ് എന്താണെന്ന് അടുത്തുമനസ്സിലാക്കുവാൻ ജനങ്ങൾക്ക് അവസരം ഒരുക്കുകയെന്ന ലക്ഷ്യവും പാർട്ടി മുന്നിൽക്കണ്ടിരുന്നു. അധികാരത്തിൽ വന്നാൽ തൃണമൂലിനെ കൃത്യമായി മനസ്സിലാക്കുവാൻ ജനങ്ങൾക്ക് അവസരം ലഭിക്കും. അതുകൊണ്ടുതന്നെ തൃണമൂൽ രൂപീകരിച്ച മന്ത്രിസഭയിൽ പങ്കാളിയാകുവാൻ എസ്.യു.സി.ഐ(സി) തയ്യാറായില്ല. സി.പി.ഐ(എം)–ന്റെ അതേ പാതയിലാണ് തൃണമൂൽ മുന്നേറുന്നതെന്ന സത്യം ഇന്ന് ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുകയാണ്. ഒരുകാലത്ത് സി.പി.ഐ(എം)നെ പിന്തുണച്ചിരുന്ന ഗുണ്ടകളും അധോലോകവുമെല്ലാം ഒറ്റ രാത്രികൊണ്ട് തൃണമൂലിന്റെ പക്ഷത്തായി. ജനങ്ങൾ ഒരിക്കൽ ഭീതിയോടെയും വെറുപ്പോടെയും കണ്ട സി.പി.ഐ(എം) ഭരണത്തിന്റെ മറ്റൊരു പതിപ്പായി മാറിയിരിക്കുകയാണ് ബംഗാളിലെ മമതാ ഭരണം. സി.പി.ഐ(എം)–ന്റെ അതേ നയങ്ങളും നടപടികളുമാണ് തങ്ങൾക്കുള്ളതെന്ന് അടിക്കടി തെളിയിച്ചുകൊണ്ടിരിക്കുകയാണ് തൃണമൂൽ സർക്കാർ. സ്കൂളുകളിൽ ജയവും തോൽവിയും ഇല്ലാതാക്കുക, ലൈംഗിക വിദ്യാഭ്യാസം അടിച്ചേൽപ്പിക്കുക, അനുദിനം വർദ്ധിച്ചുവരുന്ന സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, ഏറ്റവും ഒടുവിൽ നടന്ന ചിട്ടിഫണ്ട് അഴിമതി എല്ലാമെല്ലാം തൃണമൂലിന്റെ തനിനിറം വെളിവാക്കിയിരിക്കുകയാണ്. ലക്ഷക്കണക്കിനാളുകളുടെ ദീർഘകാലത്തെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപമാണ് ഈ തട്ടിപ്പിലൂടെ ചിലരുടെ കൈകളിലായിരിക്കുന്നത്. ഭരണത്തിലും പ്രതിപക്ഷത്തുമുള്ള രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥമേധാവികളുമെല്ലാം ഈ വെട്ടിപ്പിന്റെ കൂട്ടാളികളാണ്. അവർക്കെതിരെ ഒരുചെറുവിരലനക്കാൻപോലും കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ നാളിതുവരെ തയ്യാറായിട്ടില്ല.

ഇതിനെതിരെയാണ് എ.ഐ.ഡി.എസ്.ഒ, എ.ഐ.ഡി.വൈ.ഒ, എ.ഐ.എം.എസ്.എസ് എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ മെയ് 14–ന് കൽക്കത്തയിലും വടക്കൻ ബംഗാളിലെ നഗരമായ സിലിഗുരിയിലും ആയിരക്കണക്കിന് വിദ്യാർത്ഥികളും യുവാക്കളും വനിതകളും അണിനിരന്ന പ്രതിഷേധ റാലികൾ സംഘടിപ്പിച്ചത്. സ്കൂളുകളിൽ ജയവും തോൽവിയും പുനഃസ്ഥാപിക്കുക, ലൈംഗിക വിദ്യാഭ്യാസം അടിച്ചേൽപ്പിക്കരുത്, സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുക, ചിട്ടിഫണ്ട് തട്ടിപ്പിലെ പ്രതികൾക്കെതിരെയും അവർക്ക് സംരക്ഷണം നൽകുന്ന ഉന്നത രാഷ്ട്രീയ–ഉദ്യോഗസ്ഥ കൂട്ടുകെട്ടിനെതിരെയും ശക്തമായ നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് റാലികൾ സംഘടിപ്പിച്ചത്.

ഈ റാലികൾ തടസ്സപ്പെടുത്താനായി തൃണമൂൽ–കോൺഗ്രസ്സ് സഖ്യം സർക്കാർ തുടക്കംമുതൽ കിണഞ്ഞ് പരിശ്രമിച്ചിരുന്നു. റാലിക്കുവേണ്ടി കാലേകൂട്ടി അനുമതി വാങ്ങിയിരുന്നു. എന്നാൽ അവസാന നിമിഷം റാലിക്കുള്ള അനുമതി നിഷേധിക്കുകയുണ്ടായി. നേരത്തെ നിശ്ചയിച്ചിരുന്ന പ്രകടനത്തിന്റെ റൂട്ട് അവസാന നിമിഷം, പ്രകടനം നടക്കുന്ന സമയത്ത്, പൊടുന്നനെ മാറ്റിമറിച്ചു. അറസ്റ്റുചെയ്യപ്പെടുന്നവരെ നീക്കംചെയ്യുവാനായി ആവശ്യത്തിന് പോലീസ് വാനോ ബസോ ഏർപ്പെടുത്തിയില്ല. സമാധാനപരമായി മാർച്ച് ചെയ്തവരെ പോലീസ് കടന്നാക്രമിക്കുകയാണ് ചെയ്തത്. ഡസൻ കണക്കിനു പ്രവർത്തകർ പോലീസ് ലാത്തിച്ചാർജ്ജിന് വിധേയരായി. 3 പേരെ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇതിൽനിന്നും അവരുടെ ലക്ഷ്യം വളരെ വ്യക്തമായിരുന്നു– പ്രതിഷേധ റാലിക്കുമേൽ നിഷ്ഠുരമായി കടന്നാക്രമണം നടത്തുകയെന്ന മുൻകൂർ അജണ്ടയുടെ അടിസ്ഥാനത്തിലാണ് പോലീസ് പ്രവർത്തിച്ചത്. സിലിഗുരിയിലും സമാനമായ വിധത്തിൽ മൃഗീയമായ ലാത്തിച്ചാർജ്ജ് അരങ്ങേറി. മുൻ സി.പി.ഐ(എം) ഗവൺമെന്റിന്റെ അതേ കാലടികൾ പിന്തുടർന്നുകൊണ്ട് പ്രകടനത്തിൽ പങ്കെടുത്ത 7 പേർക്കെതിരെ കൊലക്കുറ്റം ചുമത്തി കേസ് ചാർജ്ജ് ചെയ്തിരിക്കുകയാണ്.

നിഷ്ഠുരമായ പോലീസ് ലാത്തിച്ചാർജിൽ പ്രതിഷേധിച്ചുകൊണ്ട് മെയ് 15 എ.ഐ.ഡി.എസ്.ഒ പ്രതിഷേധ ദിനമായി ആചരിച്ചു. മെയ് 16–ന് മേൽപ്പറഞ്ഞ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് എ.ഐ.ഡി.എസ്.ഒ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പുമുടക്ക് സമരം നടത്തി.

ഭാവിയിൽ എന്തുതരം സമരങ്ങൾക്ക് അനുമതി നൽകണമെന്ന് സർക്കാരും പോലീസും തീരുമാനിക്കുമെന്ന് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ടുള്ള മുഖ്യമന്ത്രി മമതയുടെ ഫാസ്റ്റിസ്റ്റ് ശൈലിയിലുള്ള അഭിപ്രായ പ്രകടനം ഏറെ ആശങ്ക ഉണർത്തുന്നതാണ്. മുഖ്യമന്ത്രി ജനങ്ങൾക്കുനേരെ മുഴക്കിയ ഭീഷണിയേയും ലാത്തിച്ചാർജിനെയും എസ്.യു.സി.ഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് സൗമൻ ബോസ് നിശിതമായി അപലപിച്ചു. ●

# ഇ.ആർ.ജി കോളനി നിവാസികൾ കുടിയൊഴിപ്പിക്കലിനെതിരെ താലൂക്കോഫീസ് മാർച്ച് നടത്തി.

**നാ**ലുപതിറ്റാണ്ടായി ഹൈക്കോടതിയുടെ പിൻഭാഗത്ത് മത്തായി മാഞ്ഞൂരാൻ റോഡിന്റെ ഓരത്ത് താമസിക്കുന്ന ഇ.ആർ.ജി. കോളനി നിവാസികളെ പുനരധിവസിപ്പിക്കാതെ റെയിൽവേസ്റ്റേഷന്റെ നവീകരണത്തിനുവേണ്ടി കുടിയൊഴിപ്പിക്കരുതെന്നാശ്യപ്പെട്ട് കോളനി നിവാസികൾ കുടിയൊഴിപ്പിക്കൽ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ കണയന്നൂർ താലൂക്കോഫീസിലേക്ക് മാർച്ച് നടത്തി. ഹൈബി ഈഡൻ എംഎൽഎ മാർച്ച് ഉദ്ഘാടനം ചെയ്തു. എറണാകുളം നഗരത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് ഏറെ സംഭാവന നൽകിയിട്ടുള്ളതാണ് ഈ കുടുംബങ്ങളെന്നും സമ്പന്നരെപ്പോലെ തന്നെ ദരിദ്രർക്കും കൂടി അവകാശപ്പെട്ടതാണ് നഗരത്തിന്റെ വികസനത്തിന്റെ ഫലങ്ങളെന്നും അദ്ദേഹം പറഞ്ഞു. മൂലമ്പിള്ളിയുടെ നിഴലിൽ നിൽക്കുന്ന നഗരമെന്ന നിലയിൽ ഇ.ആർ.ജി നിവാസികൾ പുനരധിവാസത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ മുഴുവൻ മനുഷ്യസ്നേഹികളുടെയും പിന്തുണ അർഹിക്കുന്നുണ്ടെന്നും ഏതൊരു പരിഷ്കൃതസർക്കാരിന്റെയും കണ്ണുതുറപ്പിക്കുന്നവയാണ് ഇ.ആർ.ജി കോളനി നിവാസികളുടെ അവസ്ഥയെന്നും പ്രൊഫ.കെ. അരവിന്ദാക്ഷൻ തന്റെ മുഖ്യപ്രഭാഷണത്തിൽ ചൂണ്ടിക്കാണിച്ചു.

ഇ.ആർ.ജി കുടിയൊഴിപ്പിക്കൽ വിരുദ്ധ സമരസമിതി കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. നഗരസഭ മുൻ ഡെപ്യൂട്ടി മേയർ സാബു ജോർജ്ജ്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ടി.കെ.സുധീർകുമാർ, മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി കെ.കെ.ശോഭ, ആർ.എസ്.പി.(ബി) ജില്ലാ സെക്രട്ടറി കെ.രജികുമാർ, കേരളാ കോൺഗ്രസ്സ് നേതാവ് കുരുവിള മാത്യൂസ്, ബിജെപി പരിസ്ഥിതി സെൽ കൺവീനർ ഏലൂർ ഗോപിനാഥ്, വി.പി.വിൽസൺ, പി.ജെ.സെലസ്റ്റിൻമാസ്റ്റർ, ജോണി ജോസഫ് തുടങ്ങിയവരും പ്രസംഗിച്ചു. മാർച്ചിന് സമരസമിതിനേതാക്കളായ കെ. ഉദയകുമാർ, രതീഷ്, ഡിനു, വിൽസൺ, ഗോപൻ, ബഷീർ, ബേബി, ഭൈരവി, ആലീസ്, കമല തുടങ്ങിയവർ നേതൃത്വം നൽകി. ●



# മാർക്സിസം – ലെനിനിസം – സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകൾ: പഠനക്യാമ്പ്

**മാ**ർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകളെ അടിസ്ഥാനപ്പെടുത്തിയുള്ള ദ്വിദിന പഠനക്യാമ്പ് ജൂൺ1,2 തിയ്യതികളിലായി കോഴിക്കോട് ശിക്ഷക്സദനിൽ നടന്നു. കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പ്രവർത്തകരും അനുഭാവികളും പങ്കെടുത്ത ഈ പഠനശിബിരം എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. ശാസ്ത്രങ്ങളുടെ ശാസ്ത്രമാണ് മാർക്സിസം അഥവാ ദ്വന്ദ്വാത്മകഭൗതികവാദം എന്ന് വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: നാൾതോറും ഓരോ പ്രത്യേക ശാസ്ത്രശാഖയ്ക്കും വികാസമുണ്ടാകുന്നതുപോലെ മാർക്സിസവും നിരന്തരം വളർന്നുകൊണ്ടിരിക്കുന്നു. മാർക്സും എംഗൽസും തങ്ങളുടെ കാലത്തെ ഏറ്റവും വികസിതമായ ശാസ്ത്രധാരണകളെ ക്രോഡീകരിച്ചും ഉദ്ഗ്രഥിച്ചും സാമാന്യവൽക്കരിച്ചുമാണ് മാർക്സിസത്തിന്റെ അടിസ്ഥാനധാരണകൾ ആവിഷ്കരിച്ചത്. മുതലാളിത്തം സാമ്രാജ്യത്വസ്വഭാവമാർജ്ജിക്കുന്നതിന് മുമ്പായിരുന്നു അത്. സാമ്രാജ്യത്വ കാലഘട്ടത്തിലെ മാർക്സിസത്തിന്റെ ധാരണ മഹാനായ ലെനിൻ പ്രദാനം ചെയ്തു. അതാണ് മാർക്സിസം-ലെനിനിസം. ലെനിന്റെ അർഹരായ പിൻഗാമികളെന്ന നിലയിൽ സ്റ്റാലിനും മാവോ സെതുങ്ങും ലെനിനിസത്തിന്റെ ധാരണകളെ കാലോചിതം വികസിപ്പിച്ചു. സഖാവ് ശിബ്ദാസ്ഘോഷ്, ലെനിനനന്തര കാലഘട്ടത്തിൽ, വിശിഷ്യ രണ്ടാം ലോകയുദ്ധാനന്തരം, ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അഭിമുഖീകരിച്ച സൈദ്ധാന്തികവും പ്രായോഗികവുമായ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം നൽകാനാവും വിധം മാർക്സിസം-ലെനിനിസത്തിന്റെ വിജ്ഞാനശേഖരത്തെ സമ്പുഷ്ടമാക്കി. ആധുനികതിരുത്തൽവാദത്തിന്റെ ആക്രമണം മൂലം തിരിച്ചടി നേരിട്ടിരിക്കുന്ന ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഈ വിപര്യയത്തെ തരണം ചെയ്യാനുള്ള ആശയപരമായ ആയുധം അദ്ദേഹം പ്രദാനം ചെയ്തു. അതിനാൽ, മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയാണ് മാർക്സിസത്തെ സംബന്ധിച്ച ഇന്നത്തെ ഏറ്റവും വികസിതവും പര്യാപ്തവുമായ ധാരണ. ഈ ധാരണ കൈവരിക്കാൻ അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്ക് സാധിക്കുമ്പോൾ ലോകവിപ്ലവം അപ്രതിരോധ്യമായി മുന്നേറും-അദ്ദേഹം പറഞ്ഞു.

ദ്വന്ദ്വാത്മകഭൗതികവാദത്തിന്റെ വിവിധ വശങ്ങൾ, ചരിത്രപരമായ ഭൗതികവാദം, ലെനിനിസ്റ്റ് പാർട്ടി സംഘടനാതത്ത്വങ്ങൾ, ഇൻഡ്യൻ തൊഴിലാളിവർഗ്ഗവിമോചനസമരത്തിന്റെ മൗലികപ്രശ്നങ്ങൾ, കമ്മ്യൂണിസ്റ്റ് പെരുമാറ്റച്ചട്ടം, ഇന്നത്തെ സാർവ്വദേശീയ-ദേശീയ സാഹചര്യവും കർത്തവ്യങ്ങളും എന്നീ വിഷയങ്ങളെ അധികരിച്ച് തുടർന്ന് നടന്ന വ്യത്യസ്ത ക്ലാസ്സുകൾ സഖാവ്സി.കെ.ലൂക്കോസിന് പുറമെ പാർട്ടി സംസ്ഥാനസെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ എന്നിവരും നയിച്ചു. ●



പഠനക്യാമ്പ് സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്ര ഓഫീസ് പുനർനിർമ്മാണഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്യുക.

**ജ**നങ്ങളുടെ നീറുന്ന പ്രശ്നങ്ങളെ അധികരിച്ച് പ്രക്ഷോഭണങ്ങൾ വളർത്തിയെടുക്കാൻ അവിശ്രാന്തം പ്രയത്നിക്കുന്ന എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)ന്റെ കേന്ദ്രഓഫീസ് നിലകൊള്ളുന്ന പഴയ കെട്ടിടത്തിന്റെ സ്ഥാനത്ത് ഒരു പുതിയ കെട്ടിടം പണിയേണ്ടത് അടിയന്തിര ആവശ്യമായി വന്നിരിക്കുകയാണ്. കൊൽക്കത്തയിലെ 48, ലെനിൻ സരണിയിലുള്ള ഇപ്പോഴത്തെ ഓഫീസ് കെട്ടിടം പാർട്ടിനേതാക്കന്മാരുടെയും പ്രവർത്തകരുടെയും വികാരനിർഭരമായ ഓർമ്മകളും ചരിത്ര പ്രധാനമായ ഒട്ടേറെ പ്രക്ഷോഭണങ്ങളുടെ സ്മരണകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ പാർട്ടി കേന്ദ്രകമ്മിറ്റി ഓഫീസ് ആ പഴയ സ്ഥലത്ത് തന്നെ തുടരേണ്ടതാണെന്ന് രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള പാർട്ടി നേതാക്കളും പ്രവർത്തകരും അനുഭാവികളും ആഗ്രഹിച്ചു. അതുകൊണ്ടാണ് അത് വിലകൊടുത്തു വാങ്ങാൻ ഒരു അവസരം വന്നപ്പോൾ മുഖ്യമായും പാർട്ടി നേതാക്കളിൽനിന്നും പ്രവർത്തകരിൽനിന്നും അനുഭാവികളിൽ നിന്നും സ്വരൂപിച്ചെടുത്ത സംഭാവന കൊണ്ട് ആ വസ്തു വാങ്ങാൻ സാധിച്ചത്.

ആ പഴയ കെട്ടിടം വളരെ പരിതാപകരമായ അവസ്ഥയിലാണിപ്പോൾ. കൂടാതെ ത്വരിതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന പാർട്ടിയുടെ ബഹുമുഖ പ്രവർത്തനങ്ങൾക്ക് പര്യാപ്തമായ സ്ഥലസൗകര്യങ്ങളില്ലാത്തതിന്റെ പ്രശ്നവുമുണ്ട്. ഈ സാഹചര്യത്തിൽ, ജീർണ്ണാവസ്ഥയിലുള്ള ഇപ്പോഴത്തെ കെട്ടിടത്തിന്റെ സ്ഥാനത്ത് ഒരു പുതിയ കെട്ടിടം പണിയണമെന്ന് പാർട്ടിനേതാക്കളും പ്രവർത്തകരും അനുഭാവികളും ആഗ്രഹം പ്രകടിപ്പിച്ചു. അതനുസരിച്ച് ഒരു പുതിയ കെട്ടിടം പണിയണമെന്ന് കേന്ദ്രകമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. ഇതിനോടകം സ്വരൂപിച്ച ഫണ്ട് മുഴുവൻ തന്നെ പഴയ കെട്ടിടവും സ്ഥലവും വാങ്ങാനായി ചെലവഴിച്ചുകഴിഞ്ഞു. പുതിയ കെട്ടിടം പണിയാൻ കൂടുതൽ ഫണ്ട് ആവശ്യമുണ്ട്. അതിനാൽ പുതിയ കെട്ടിടം പണിയാനുള്ള ഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്യാൻ പാർട്ടി നേതാക്കളോടും പ്രവർത്തകരോടും അനുഭാവികളോടും മാത്രമല്ല, ബഹുജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

പാർട്ടി ഏറ്റെടുക്കുന്ന എല്ലാ പരിപാടികളും പൂർണ്ണ വിജയമാക്കാൻ വേണ്ടി മുൻകാലങ്ങളിൽ ചെയ്തതുപോലെ തന്നെ പുതിയ കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ടിനും ഉദാരമായി സംഭാവന ചെയ്യാൻ ജനങ്ങൾ മുന്നോട്ട് വരുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

അഭിവാദനങ്ങളോടെ,

ദേബ പ്രസാദ് സർക്കാർ
ഓഫീസ് സെക്രട്ടറി
കേന്ദ്രകമ്മിറ്റി

48, ലെനിൻ സരണി, കൊൽക്കത്ത – 700013. ഫോൺ – 033 –22491828 – +010433084194.

*ചെക്കുകൾ സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) എന്ന പേരിൽ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.*

### എഐഎംഎസ്എസ് – സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന

# സംസ്ഥാന വനിതാ ക്യാമ്പ്

**എ**ഐഎംഎസ്എസ് സംസ്ഥാനക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മെയ് 10,11,12 തീയതികളിൽ ആലപ്പുഴ മുട്ടം നേതാജി സാമൂഹ്യ-സാംസ്കാരിക പഠന കേന്ദ്രത്തിൽ വച്ച് പഠനക്യാമ്പ് സംഘടിപ്പിച്ചു.

സ്ത്രീ വിമോചന പ്രസ്ഥാനത്തിന്റെ മുൻനിര സംഘാടകർക്ക് സുവ്യക്തവും ശാസ്ത്രീയവുമായ പ്രത്യയശാസ്ത്രധാരണ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടത്.

''സ്ത്രീവിമോചനം:ചരിത്രപശ്ചാത്തലത്തിൽ'' ''ഇന്ത്യയിലെ സാംസ്കാരിക പ്രസ്ഥാനവും കർത്തവ്യങ്ങളും'' ''ചരിത്രത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ'' എന്നീ വിഷയങ്ങളാണ് പഠനത്തിനായി തെരഞ്ഞെടുത്തത് . കൂടാതെ, സാഹിത്യം, നാടകം എന്നീ മേഖലകളെക്കുറിച്ചുള്ള പഠനവും ക്യാമ്പിന്റെ ഭാഗമായുണ്ടായിരുന്നു.

എഐഎംഎസ്എസ് അഖിലേന്ത്യാ പ്രസിഡന്റ് ഛായാ മുഖർജി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ്പ്രസിഡന്റ് മിനി.കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. സ്ത്രീവിമോചനം ചരിത്രപശ്ചാത്തലത്തിൽ എന്ന വിഷയത്തിൽ ഷൈല കെ ജോൺ വിഷയാവതരണം നടത്തി. മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞ് സഖാക്കൾ സജീവമായി ചർച്ചയിൽ പങ്കെടുത്തു. ചർച്ചയ്ക്കുശേഷം ഉയർന്നുവന്ന ചോദ്യങ്ങളും അഭിപ്രായങ്ങളും ഗ്രൂപ്പ് ഇൻ ചാർജ്ജുമാർ അവതരിപ്പിച്ചു. ചർച്ചയ്ക്ക് സമാപനം കുറിച്ചുകൊണ്ട് വിഷയത്തിൽ ആധികാരിക ധാരണ പകർന്നു നല്കി എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്) സംസ്ഥാനസെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് പ്രഭാഷണം നടത്തി.

സാംസ്കാരിക പ്രസ്ഥാനവും കർത്തവ്യങ്ങളും എന്ന വിഷയത്തിൽ കെ. ഇന്ദിര വിഷയാവതരണം നടത്തി. ഗ്രൂപ്പുചർച്ചകളിൽ ഉയർന്ന ചോദ്യങ്ങൾക്ക് ഉത്തരം നല്കി സമാപന പ്രഭാഷണം നടത്തിയത് പാർട്ടി സംസ്ഥാന സെക്രട്ടറിയേറ്റംഗം സഖാവ് വി.വേണുഗോപാലായിരുന്നു.

ചരിത്രത്തിലെ സ്ത്രീമുന്നേറ്റം എന്ന വിഷയത്തിൽ വിഷയാവതരണം നടത്തിയത് മിനി.കെ. ഫിലിപ്പ് ആയിരുന്നു. ചർച്ചകൾക്ക് സമാപനം കുറിച്ച് പാർട്ടി സംസ്ഥാന സെക്രട്ടറിയേറ്റംഗം സഖാവ് ജയ്സൺ ജോസഫ് പ്രസംഗിച്ചു.

നാടകത്തെക്കുറിച്ച് നടന്ന ചർച്ചയിൽ എം.എ.പുഷ്പ മോഡറേറ്ററായിരുന്നു. സഖാവ് സൗഭാഗ്യകുമാരി വിഷയാവതരണം നടത്തി. സഖാക്കളുടെ ചർച്ചകൾക്കൊടുവിൽ എസ്‌യുസിഐ(സി) സംസ്ഥാന ക്കമ്മിറ്റിയംഗം സഖാവ് വി.കെ.സദാനന്ദൻ നാടകത്തെക്കുറിച്ച് അടിസ്ഥാന ധാരണകൾ വിശദീകരിച്ചുകൊണ്ട് സംസാരിച്ചു. സാഹിത്യ ചർച്ചയിൽ കെ.എം.ബീവി അദ്ധ്യക്ഷത വഹിച്ചു. എം.എ. ബിന്ദു വിഷയാവതരണം നടത്തി. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറിയേറ്റംഗം സഖാവ് ജി.എസ്. പത്മകുമാർ വിഷയത്തെക്കുറിച്ച് നടത്തിയ പ്രതിപാദനത്തിലൂടെ ചർച്ചക്ക് സമാപനം കുറിച്ചു.

നൂറോളം സഖാക്കൾ ക്യാമ്പിൽ പങ്കെടുത്തു. ചർച്ചകളിൽ എല്ലാവരും വളരെ സജീവമായി പങ്കെടുത്തു. പി.ടി, ഗയിംസ്, സാംസ്കാരിക പരിപാടികൾ തുടങ്ങിയവയും ക്യാമ്പിന്റെ ഭാഗമായി നടന്നു.

വിവിധ വിഷയങ്ങളിൽ നടത്തിയ ഗ്രൂപ്പ് ചർച്ചകൾക്ക് സഖാക്കൾ എസ്.രാധാമണി, കെ.ജെ.ഷീല, എം.എസൂസി, എ.സബൂറ, കെ.കെ. ശോഭ, കെ.എസ്.ശശികല, വി.ഉഷാകുമാരി, കെ.എസ്.ചെല്ലമ്മ, ആർ. സുനിത, ടിങ്കിൾ പ്രഭാകരൻ, എസ്.ഷൈലജ, എസ്.മിനി, ആർ. വിദ്യ, ഗിരിജ തുടങ്ങിയവർ നേതൃത്വം നൽകി. കലാപരിപാടികൾ, ഗയിംസ്, പി.ടി തുടങ്ങിയവയ്ക്ക് സഖാക്കൾ എം.കെ.ഉഷ, സുജ ആന്റണി, രാജിമോൾ തുടങ്ങിയവർ നേതൃത്വം നല്കി. ക്യാമ്പിൽ സിനിമാ പ്രദർശനവും നടത്തി. സമാപന സമ്മേളനത്തിൽ സൗഭാഗ്യകുമാരി അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ ഛായാമുഖർജി, വി.വേണുഗോപാൽ, ഷൈല കെ.ജോൺ എന്നിവർ സംസാരിച്ചു.

ചരിത്രത്തിൽ സ്വകാര്യസ്വത്തിന്റെ ഉദയം എങ്ങനെ സ്ത്രീകളുടെ അടിച്ചമർത്തലിലേയ്ക്കും പുരുഷമേധാവിത്വത്തിലേയ്ക്കും നയിച്ചു എന്നും സാമൂഹ്യവികാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇതെങ്ങനെ തുടർന്നുവന്നു എന്നും ചർച്ചകളിൽ വിശദീകരിക്കപ്പെട്ടു. സ്വകാര്യസ്വത്ത് ഇല്ലായ്മ ചെയ്യപ്പെടുന്നതിലൂടെ സ്ത്രീവിമോചനത്തിന്റെ അടിത്തറ സ്ഥാപിക്കപ്പെടുന്നതെങ്ങനെയെന്ന് സോവിയറ്റ് യൂണിയന്റെ ചരിത്രം പരിശോധനയ്ക്ക് വിധേയമാക്കി വിശകലനം ചെയ്തു. ഇന്നത്തെ സാംസ്കാരിക ജീർണ്ണതകൾക്ക് ആധാരമായിരിക്കുന്ന മുതലാളിത്ത സംസ്കാരത്തെയും ജന്മിത്ത സാംസ്കാരിക അവശേഷിപ്പുകളെയും ഉന്മൂലനം ചെയ്യാനുതകുന്ന സാംസ്കാരിക പ്രസ്ഥാനം എന്തായിരിക്കണം എന്നും സുവ്യക്ത ധാരണ സൃഷ്ടിക്കുന്നതായിരുന്നു ക്യാമ്പിൽ നടന്ന ചർച്ചകൾ . ക്യാമ്പിൽ പങ്കെടുത്ത അംഗങ്ങൾക്ക് കൂടുതൽ ഉയർന്ന ധാരണകളും ആത്മവിശ്വാസവും പകർന്നു നല്കുന്ന ഒന്നായിരുന്നു ക്യാമ്പ്. ●




സംസ്ഥാന വനിതാക്യാമ്പ് എഐഎംഎസ്എസ് അഖിലേന്ത്യാപ്രസിഡന്റ് സഖാവ് ഛായമുഖർജി ഉദ്ഘാടനം ചെയ്യുന്നു

*Date of Posting 9 th & 10 th of every month at RMS, Trivandrum.*
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 40 No. 3
Price : Rs 5.00
June 2013

# സ്ത്രീ സുരക്ഷാ സമിതി എറണാകുളം ജില്ലാ സമ്മേളനം



സ്ത്രീസുരക്ഷാ സമ്മേളനം പ്രമുഖ പത്രപ്രവർത്തക ലീലാമേനോൻ ഉദ്ഘാടനം ചെയ്യുന്നു

സ്ത്രീ സുരക്ഷാ സമിതി എറണാകുളം ജില്ലാ സമ്മേളനം മേയ് 18 ന് എറണാകുളം മഹാരാജാസ് കോളേജ് സെന്റിനറി ഓഡിറ്റോറിയത്തിൽ നടന്നു. സമ്മേളനം പ്രമുഖ പത്രപ്രവർത്തക ലീലാ മേനോൻ ഉദ്ഘാടനം ചെയ്തു. സാംസ്കാരിക ജീർണ്ണതയ്ക്കെതിരെ ജനകീയ മുന്നേറ്റം അനിവാര്യമാണെന്ന് ലീലാ മേനോൻ അഭിപ്രായപ്പെട്ടു. വനിതാ കമ്മീഷനും അതിവേഗകോടതികളുമൊക്കെ നോക്കുകുത്തികളായി മാറുന്ന കാലത്ത് ഇതല്ലാതെ ജനങ്ങളുടെ മുന്നിൽ മറ്റു മാർഗ്ഗങ്ങളൊന്നുമില്ലെന്ന് അവർ ചൂണ്ടിക്കാട്ടി. സമ്മേളനത്തിൽ അനാരോഗ്യം മൂലം പങ്കെടുക്കാൻ കഴിയാതിരുന്ന ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ സന്ദേശം സമ്മേളനത്തിൽ വായിച്ചു. സ്ത്രീ സുരക്ഷയെന്നത് ഔദാര്യമല്ല അവകാശമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അത് ഉറപ്പാക്കേണ്ടത് സമൂഹത്തിന്റെ ആകെ ബാധ്യതയാണെന്നും അത് നടപ്പിലാക്കാൻ അധികാരികളുടെ മേൽ ശക്തമായ ബഹുജന സമ്മർദ്ദം ചെലുത്താൻ സ്ത്രീസുരക്ഷാ സമിതികൾക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു. പുരുഷമേധാവിത്വ സമൂഹം അടിച്ചേൽപ്പിക്കുന്ന ചങ്ങലകളെ തച്ചുടച്ചുകൊണ്ട് മുന്നോട്ടുവരാൻ സ്ത്രീകളെ പ്രാപ്തരാക്കുകയാണ് വേണ്ടതെന്ന് സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത ജസ്റ്റിസ് കെ.സുകുമാരൻ പറഞ്ഞു. ധാർമ്മിക മൂല്യങ്ങളിൽ വന്നിരിക്കുന്ന അപചയത്തിനെതിരെ സമൂഹമൊന്നടങ്കം രംഗത്ത് വരേണ്ടതുണ്ടെന്ന് പ്രൊഫ. കെ. അരവിന്ദാക്ഷൻ തന്റെ മുഖ്യപ്രഭാഷണത്തിൽ അഭിപ്രായപ്പെട്ടു.

ഡോ.വിൻസന്റ് മാളിയേക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വത്തിന് ഭീഷണിയാകുന്ന സാമൂഹ്യ വ്യവസ്ഥ, സ്ത്രീ സുരക്ഷാ സമിതികളുടെ പ്രവർത്തനത്തിന് ഒരു മാർഗ്ഗ നിർദ്ദേശം എന്നീ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഡോ.വി.വേണുഗോപാൽ, പ്രൊഫ. സൂസൻ ജോൺ, മിനി.കെ.ഫിലിപ്പ്, ജാനകി ടീച്ചർ, കെ.കെ.ഗോപിനായർ, എൻ.ആർ.മോഹൻകുമാർ, എ. ശാന്തകുമാരി, പി.പി.സജീവ്കുമാർ, എം.കെ.ഉഷ തുടങ്ങിയവരും പ്രസംഗിച്ചു. കെ.ഇന്ദിര സ്വാഗതവും കെ.കെ.ശോഭ കൃതജ്ഞതയും പറഞ്ഞു. ഉച്ചയ്ക്കുശേഷം നടന്ന ഗ്രൂപ്പ് ചർച്ചകൾക്ക് മിനി.കെ.ഫിലിപ്പ്, സംഗീതാ വർമ്മ, റീജ സതീഷ്, ടി.കെ.സുധീർകുമാർ, ലൈല റഷീദ്, ഫ്രാൻസിസ് കളത്തുങ്കൽ, ആന്റണി വെളിയനാട്, സുകുമാരൻ തുടങ്ങിയവർ നേതൃത്വം കൊടുത്തു. ഡോ. വിൻസന്റ് മാളിയേക്കൽ പ്രസിഡന്റും എം.കെ.ഉഷ സെക്രട്ടറിയുമായി 150 അംഗ ജില്ലാ സ്ത്രീ സുരക്ഷാസമിതിയെ സമ്മേളനം തെരഞ്ഞെടുത്തു. ●

**ചിട്ടിഫണ്ട് തട്ടിപ്പിനെതിരെ**

# എസ്‌യുസിഐ(സി) എംപിയും എംഎൽഎയും പാർലമെന്റ്- നിയമസഭാ വേദികളിൽ

പശ്ചിമബംഗാളിലെയും സമീപ സംസ്ഥാനങ്ങളിലെയും ലക്ഷക്കണക്കായ ദരിദ്രരും ഇടത്തരക്കാരുമായ ജനങ്ങളെ കെണിയിൽ വീഴ്ത്തി കോടികൾ കൊള്ളയടിച്ച ശാരദ ചിട്ടിഫണ്ട് ഉടമകൾക്കെതിരെ കർശന നടപടികളെടുക്കണമെന്നാവശ്യപ്പെട്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) എം.പി. ഡോ.തരുൺ മണ്ഡലും എംഎൽഎ പ്രൊഫ.തരുൺ നാസ്ക്കറും തങ്ങളുടെ വേദികളിൽ ശക്തമായ നിലപാടുകൾ അവതരിപ്പിച്ചു. ഈ തട്ടിപ്പുകൾ മനുഷ്യസ്രഷ്ടമായ ദേശീയ ദുരിതമാണെന്ന് വിശേഷിപ്പിച്ച അവർ, പ്രശ്നം യുദ്ധകാലാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ടതാണെന്ന് പറഞ്ഞു.

ഇക്കാര്യത്തിൽ സഖാവ് തരുൺ മണ്ഡൽ കേന്ദ്രമന്ത്രിയെ നേരിൽ കണ്ട് നിവേദനം സമർപ്പിച്ചു. പകർപ്പ് പ്രധാനമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രി, ലോകസഭാ സ്പീക്കർ എന്നിവർക്കും നൽകി. ഇത്തവണത്തെ കേന്ദ്ര ബഡ്ജറ്റിൽ പോലും കോർപ്പറേറ്റ് മേഖലക്കും വ്യവസായികൾക്കും 5 ലക്ഷം കോടി രൂപയുടെ ഉത്തേജന പാക്കേജ് നൽകാമെങ്കിൽ ദരിദ്രരും ഇടത്തരക്കാരുമായ നിക്ഷേപകർക്ക് നഷ്ടപരിഹാരം നൽകാനായി 20,000 കോടിരൂപ സ്വരൂപിക്കാനായി ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളുമായി ചേർന്ന് കേന്ദ്രസർക്കാർ പരിശ്രമിക്കേണ്ടതായിരുന്നു.

പശ്ചിമബംഗാൾ അസംബ്ലിയിൽ അവതരിപ്പിക്കപ്പെട്ട, ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപ താൽപര്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സഖാവ് തരുൺ നാസ്ക്കർ നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഈ ഫണ്ട് ബിസിനസ് നടത്തുന്ന സ്ഥാപനങ്ങളുടെ മൂലധനത്തിന്റെ 50% തുടക്കത്തിലെ നിക്ഷേപിക്കണമെന്ന് നിഷ്കർഷിക്കുന്ന വിധത്തിൽ ബന്ധപ്പെട്ട ആർ ബി ഐ ആക്ട് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ടു. നടന്ന കാര്യങ്ങൾ സുതാര്യമാക്കാനായി ഈ തട്ടിപ്പുകളിൽ ഉൾപ്പെട്ട, നിലവിലുള്ളതും മുമ്പുണ്ടായിരുന്നതുമായ സർക്കാരുകളുടെ വൻ നേതാക്കളടക്കമുള്ള വിവിധ രാഷ്ട്രീയ കക്ഷികളിലുള്ള നേതാക്കന്മാരുടെ പേരു വിവരങ്ങൾ പ്രസിദ്ധപ്പെടുത്തണമെന്നും അദ്ദഹം ആവശ്യപ്പെട്ടു.

പാവപ്പെട്ട നിക്ഷേപകരെ സഹായിക്കാനായി കണ്ടത്തേണ്ടുന്ന തുകയുടെ ഒരു വിഹിതം പ്രസിഡന്റും ഗവർണർമാരും മന്ത്രിമാരും എംപിമാരും, എംഎൽഎ മാരും, ബ്യൂറോക്രാറ്റുകളും അടക്കമുള്ളവരുടെ ശമ്പളത്തിൽ നിന്നും സ്വരൂപിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. 'ശാരദ'യെപ്പോലുള്ള നിയമവിരുദ്ധ ചിട്ടിഫണ്ട് ബിസിനസ്സ് സ്ഥാപനങ്ങളെ ഉടനടി അടച്ചുപൂട്ടണമെന്നും കുറ്റവാളികളെ പിടികൂടി കാലതാമസം കൂടാതെ മാതൃകാപരമായ ശിക്ഷ നൽകണമെന്നും നിക്ഷേപകർക്ക് നൽകാനായി അവ കണ്ട് കെട്ടണമെന്നും അവർ ആവശ്യപ്പെട്ടു. ●

# സിറിയയ്ക്കെതിരായ ഇസ്രയേലിന്റെ കടന്നാക്രമണം അപലപനീയം

**— ഐ.എ.സി.സി**

സിറിയയ്ക്കെതിരെ ഇസ്രയേൽ നടത്തിയ കടന്നാക്രമണത്തെ ഇന്റർനാഷണൽ ആന്റി ഇംപീരിയലിസ്റ്റ് കോ ഓർഡിനേറ്റിംഗ് കമ്മിറ്റി (ഐ.എ.സി.സി) ശക്തമായി അപലപിച്ചു. യാതൊരു പ്രകോപനവുമില്ലാതെയാണ് ഇസ്രയേലിന്റെ യുദ്ധവിമാനങ്ങൾ ഡമാസ്കസിന്റെ പ്രാന്തപ്രദേശങ്ങളിൽ രണ്ട് വട്ടം മിസൈൽ ആക്രമണം നടത്തിയത്. ലെബനനിലെ ഹിസ്ബുള്ളയ്ക്ക് നൽകാൻ വേണ്ടി കൊണ്ടുപോവുകയായിരുന്ന ഇറാനിയൻ മിസൈലുകളെയാണ് തങ്ങൾ ലക്ഷ്യംവച്ചതെന്ന് പറഞ്ഞാണ് ഇസ്രയേൽ സ്വന്തം നടപടിയെ ന്യായീകരിച്ചത്. പക്ഷെ, ഈ ആക്രമണത്തിന്റെ ഫലമായി സാധാരണ ജനങ്ങൾക്ക് കനത്ത കഷ്ടനഷ്ടങ്ങളുണ്ടായെന്നും ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾക്ക് നാശം സംഭവിച്ചുവെന്നും സിറിയൻ ഗവണ്മെന്റ് റിപ്പോർട്ട് ചെയ്യുന്നു. അമേരിക്കയ്ക്ക് വേണ്ടി നടത്തിയ ഈ ഒളിആക്രമണം പൂർണ്ണതോതിലുള്ള ഒരു സാമ്രാജ്യത്വ സൈനികാക്രമണത്തിന്റെ നാന്ദിയാകാൻ സാദ്ധ്യതയുണ്ട്. ഈ ആക്രമണത്തിന്റെ ഉന്നം സിറിയയിലെ ബാഷർ അൽ അസദ് ഗവണ്മെന്റാണെന്നത് വ്യക്തമാണ്. ആ ഗവണ്മെന്റിനെ നിഷ്കാസനം ചെയ്യാൻ അമേരിക്കയും മറ്റ് നാറ്റോ ശക്തികളും ഉത്സുകരായിരിക്കുകയാണിന്ന്. പുറമെ, ഇസ്രയേലിന് സിറിയൻ ഭൂപ്രദേശങ്ങൾ കൈയടക്കുകയെന്ന സ്വന്തം ലക്ഷ്യം വേറെയുമുണ്ട്. ഒരു പരമാധികാര രാഷ്ട്രത്തിന്റെ ആഭ്യന്തരകാര്യത്തിൽ സാമ്രാജ്യത്വശക്തികൾ നടത്തുന്ന ഇടങ്കോലിടലിന്റെ മറ്റൊരുദാഹരണമാണ് ഈ കടന്നാക്രമണം. സിറിയയിലെ ഇപ്പോഴത്തെ ആഭ്യന്തരസംഘർഷത്തിന്റെ തുടക്കം മുതൽ തന്നെ സാമ്രാജ്യത്വശക്തികൾ അവിടത്തെ ഗവണ്മെന്റ് വിരുദ്ധശക്തികളെ കുത്തിപ്പൊക്കുകയും അവർക്ക് സൈനികസഹായം നൽകുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ബാഷർ അൽ അസദ് ഗവണ്മെന്റിനെതിരെ അവർ ശക്തമായ പ്രചാരണയുദ്ധവും അഴിച്ചുവിട്ടിരിക്കുന്നു. നിലവിലുള്ള ഗവണ്മെന്റിനെ മാറ്റി പകരം ഒരു പാവഗവണ്മെന്റിനെ അവരോധിക്കുകയെന്നതാണവരുടെ ലക്ഷ്യം. സാമ്രാജ്യത്വശക്തികളുടെ ചെയ്തികൾ സിറിയയിലെ സംഘർഷം മൂർച്ഛിപ്പപ്പിക്കുകയും ലോകസമാധാനത്തിന് ഭീഷണിയുയർത്തുകയുമാണ്.

സിറിയയിലെ ഇന്നത്തെ ഗവണ്മെന്റിനെ അസ്ഥിരപ്പെടുത്താനുള്ള സാമ്രാജ്യത്വഗൂഢാലോചനകളെ ഐ.എ.സി.സി അപലപിക്കുന്നു. സ്വന്തം രാജ്യത്തെ പ്രശ്നങ്ങളിൽ ഒരു വിദേശശക്തിയുടെയും ഇടങ്കോലിടലില്ലാതെ തീരുമാനമെടുക്കാനുള്ള പരമാധികാരം സിറിയയിലെ ജനങ്ങൾക്ക് മാത്രമുള്ളതാണ്. ഈ മുദ്രാവാക്യമുയർത്തി മുന്നോട്ട് വരണമെന്ന് സമാധാനകാംക്ഷികളും സ്വാതന്ത്ര്യപ്രേമികളുമായ ഏവരോടും ഐ.എ.സി.സി അഭ്യർത്ഥിക്കുന്നു.

# ദേശീയപാത – കുടിയൊഴിപ്പിക്കലിനെതിരെ ജനകീയപ്രതിരോധം

*(9-ാം പേജിൽ നിന്നും തുടർച്ച)*

കൂട്ടായ്മ പ്രർത്തകർ, മഹിളാ സാംസ്കാരിക സംഘടന പ്രവർത്തകർ എന്നിവർ സഹായഹസ്തങ്ങളുമായി സ്റ്റേഷന് പുറത്തുണ്ടായിരുന്നു.

അഡ്വ. വി.എസ് സുനിൽകുമാർ എം.എൽ.എയുടെ അധ്യക്ഷതയിൽ തൃശൂർ ആർ.ഡി.ഒ ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ സി.പി.ഐ പ്രതിനിധി കെ.ജി ശിവാനന്ദൻ സഹോദരിമാരെ കുടിയറിക്കിയ വിഷയം ഉന്നയിച്ചു. യോഗത്തിലെ ചർച്ചക്ക് ശേഷം അഡ്വ. വി.എസ്. സുനിൽകുമാറിന്റെ നേതൃത്വത്തിൽ നഗരസഭ ചെയർചെയർപേഴ്സൻ കെ.ബി മഹേശ്വരി, തഹസിൽദാർ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി.വി ഉണ്ണികൃഷ്ണൻ, കൗൺസിലർ സുന്ദരേശൻ മാസ്റ്റർ, കെ.ജി. ശിവാനന്ദൻ, കെ.വി. വസന്തകുമാർ എന്നിവർ പൊലീസ് സ്റ്റേഷനിൽ ചർച്ചക്കെത്തി. കലക്ടറുടെ നിർദേശപ്രകാരം ജില്ലാ സാമൂഹിക നീതി ഓഫിസറും കൊടുങ്ങല്ലൂർ സിഐയുംഎസ്.ഐയും ചർച്ചയിൽ പങ്കെടുത്തു. നിരാലംബരായ സഹോദരിമാർക്ക് തുണയായി നിലകൊണ്ട ജനകീയ പ്രതിരോധ സമിതി പ്രവർത്തകർ കൂടിയായ സുജ ആന്റണിയും ശ്രീജ നന്ദനും ആ ചർച്ചയിൽ പങ്കെടുത്തു. ചർച്ചക്കൊടുവിൽ സഹോദരിമാർക്ക് 3 സെന്റ് സ്ഥലവും വീടു വെക്കാൻ രണ്ടു ലക്ഷം രൂപയും നഗരസഭ വാഗ്ദാനം ചെയ്തു. താൽക്കാലികമായി നഗരസഭയുടെ ചെലവിൽ ഒരു വീട് വാടകക്ക് എടുത്തുകൊടുത്തു. സഹോദരിമാർ അങ്ങോട്ട് താമസം മാറ്റി.



കൊടുങ്ങല്ലൂരിൽ നടന്ന പ്രതിഷേധയോഗം എൻഎച്ച് 17 ആക്ഷൻ കൗൺസിൽ ജനറൽ കൺവീനർ ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു

സർക്കാരിന്റെ ഏതൊരു ഉറപ്പും പോലെ ഇതും ജലരേഖയായി മാറുവാൻ സാധ്യതയുള്ളതിനാൽ ഈ കാര്യങ്ങൾ മോണിറ്റർ ചെയ്യുവാൻ ഒരു ജാഗ്രതാ സമിതിക്ക് രൂപം കൊടുക്കുവാൻ സമരത്തോടൊപ്പം നിന്ന കൊടുങ്ങൂരിലെ പൗരപ്രമുഖർ തീരുമാനിച്ചു. രക്ഷാധികാരികളായി ടി.കെ. വിജയൻമാഷ്, ടി.കെ.ഗംഗാധരൻ എന്നിവരും, പ്രസിഡന്റായി എൻ.വി.അജിതനേയും, കൺവീനറായി സുജാ ആന്റണിയേയും യോഗം തെരഞ്ഞെടുത്തു. സത്യൻ. പി.വി. , അഡ്വ. എം.കെ. അനൂപ്, പി.കെ. ധർമ്മരാജ്, സെബാസ്റ്റിൻ, സി.എസ്.കൃഷ്ണകുമാർ, പി.എ. കുട്ടപ്പൻ എന്നിവർ അംഗങ്ങളായി 15 അംഗ കമ്മിറ്റിയേയും യോഗം തെരഞ്ഞെടുത്തു. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.